ജനകീയാസൂത്രണം

സമഗ്രവികസന റിപ്പോർട്ട്-96

രാമന്തളി ഗ്രാമപഞ്ചായത്ത്

വില്ലേജ് അതിർ
വാർഡ് അതിർ
നേവൽ അക്കാദമി പ്രദേശം
കൊച്ചിക്കായൽ
I-ാം വാർഡ്
II-ാം വാർഡ്
III-ാം വാർഡ്
V-ാം വാർഡ്
IV-ാം വാർഡ്
IIA-ാം വാർഡ്
IA-ാം വാർഡ്
VIIIA-ാം വാർഡ്
നേവൽ അക്കാദമി
XI-ാം വാർഡ്
X-ാം വാർഡ്
അറബിക്കടൽ

140-6

രാമന്തളി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ

വികസന റിപ്പോർട്ട് '96

രാമന്തളി പഞ്ചായത്ത് പിറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ

1935-36 കാലത്താണ് രാമന്തളി പഞ്ചായത്ത് രൂപം കൊണ്ടത്.

ഉത്തര മലബാറിലെ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വനിരയിലുണ്ടായിരുന്ന സി.എച്ച്. ഗോവിന്ദൻ നമ്പ്യാരാണ് രാമന്തളി പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറായി അവരോധിക്കപ്പെട്ടത്.

നികുതി അടച്ച് ഭൂമി കൈവശമുള്ള 21 വയസ്സ് തികഞ്ഞവർക്കു മാത്രമാണ് അന്നു വോട്ടവകാശം ഉണ്ടായിരുന്നത്.

സി.എച്ച്. ഗോവിന്ദൻ നമ്പ്യാർക്കുശേഷം മീത്തൽ ഇബ്രാഹിം കുട്ടി ഹാജിയാണ് രാമന്തളി പഞ്ചായത്തിന്റെ രണ്ടാമത്തെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹം പ്രസിഡൻറായി ഇരിക്കെത്തന്നെ മരണപ്പെട്ടതിനാൽ കെ.പി. രാമപ്പൊതുവാൾ താല്ക്കാലിക പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

1952ൽ പി.യം. ഈശ്വരനമ്പീശൻ പഞ്ചായത്തു പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. വാർഡു് അടിസ്ഥാനത്തിൽ പൊതുസ്ഥലത്ത് ആളുകളെ സംഘടിപ്പിച്ച് കൈപൊക്കി വോട്ടുചെയ്യുക എന്നതായിരുന്നു തിരഞ്ഞെടുപ്പു രീതി. പ്രസിഡൻറിനെ എല്ലാ വോർട്ടർമാരും കൂടി ഇതെ സമ്പ്രദായത്തിൽ തിരഞ്ഞെടുക്കുന്നു. പഞ്ചായത്ത് സമിതി അന്ന് ഒരു ഗ്രാമക്കോടതി കൂടി ആയിരുന്നു. പ്രസിഡൻറിനാണ് ജഡ്ജിയുടെ പദവി. 100 രൂപവരെയുള്ള സിവിൽ കേസ്സുകളും 10 രൂപ പിഴ വിളിക്കാവുന്ന ക്രിമിനൽ കേസ്സുകളും ഈ കോടതിയിൽ വിചാരണക്ക് വരാവുന്നതാണ്. 300 ഓളം സിവിൽ കേസ്സുകൾ ഇവിടെ വിധി പറയുകയുണ്ടായി. രണ്ടു കേസ്സുകൾ അപ്പീൽ പോയി. ക്രിമിനൽ കേസ്സുകൾ ഒന്നും വിചാരണക്കു വന്നിരുന്നില്ല.

1962ൽ ഒ.കെ. കുഞ്ഞിക്കണ്ണൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. രാമന്തളിയുടെ സർവ്വതോന്മുഖമായ വികസനത്തിന് തുടക്കം കുറിച്ചത് ഒ.കെ.യുടെ നേതൃത്വത്തിലാണ്. ബാലറ്റു പേയ്പർ ആദ്യമായി ഉപയോഗിച്ചത് അക്കാലത്തായിരുന്നു. ഒ.കെ.യുടെ മരണശേഷം മണ്ടയ്ൻ കുഞ്ഞിരാമൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നു മീത്തിലെ മുഹമ്മദ് സർക്കാർ നോമിനിയായി നിയമിക്കപ്പെട്ടു.

പിന്നീട് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത് അഡ്വക്കെറ്റ് കെ.കെ. കുഞ്ഞികൃഷ്ണനാണ്.

1989ൽ പി.പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ രാമന്തളി പഞ്ചായത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തു.

രാമന്തളി ഗ്രാമപഞ്ചായത്ത് ഭരണസമിതി
1996-2000



അഡ്വ. ഹേമലത എസ്. നായർ
പ്രസിഡൻറ്

കെ.പി.സി. പണിക്കർ
വൈസ് പ്രസിഡൻറ്



കുപ്പത്തി കുഞ്ഞിരാമൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

മെമ്പർമാർ

പി.കെ. മുഹമ്മദ് ഹാജി



കെ.കെ.സി. അസൈനാർ



പി. ശ്യാമള

പി.പി. നാരായണി

കെ.പി. ഭാനുമതി

സി.കെ. മൂസാഹാജി



ഏ.കെ. അബ്ദുൾസലാം

ഈ ഭരണസമിതിയിൽ അംഗമായിരുന്ന ജനാബ് സി.എ.സി. മമ്മു ഇക്കഴിഞ്ഞ മെയ് 22ന് അന്തരിക്കുകയുണ്ടായി. പരേതാത്മാവിന് ആദരാഞ്ജലികൾ

രാമന്തളി ഗ്രാമപഞ്ചായത്ത് - പൊതുവിവരങ്ങൾ

1.	പഞ്ചായത്തിന്റെ പേര്	:	രാമന്തളി
2.	ഉൾപ്പെടുന്ന റവന്യൂ വില്ലേജ്	:	രാമന്തളി
3.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	രാമന്തളി
4.	ബ്ലോക്ക് പഞ്ചായത്ത്	:	പയ്യന്നൂർ
5.	താലൂക്ക്	:	തളിപ്പറമ്പ്
6.	ജില്ല	:	കണ്ണൂർ
7.	അസംബ്ലി മണ്ഡലം	:	പയ്യന്നൂർ
8.	പാർലിമെൻറ് മണ്ഡലം	:	കാസർഗോഡ്
9.	വിസ്തീർണ്ണം	:	29.99 ചതുരശ്ര കി.മീ.
10.	ജനസംഖ്യ	:	21249
11.	വാർഡുകളുടെ എണ്ണം	:	10

നിലവിലുള്ള അതിരുകൾ

1. വടക്ക് : കവ്വായി പുഴ
2. കിഴക്ക് : പുതിയ പുഴ
3. പടിഞ്ഞാറ് : അറബിക്കടൽ
4. തെക്ക് : അറബിക്കടൽ

പഞ്ചായത്തതിർത്തിയിലെ സർക്കാർ ഓഫീസുകൾ :

കൃഷിഭവൻ
വില്ലേജ് ഓഫീസ്
പി.എച്ച്.സി
പഞ്ചായത്ത് ഓഫീസ്
ഗോസംവർദ്ധക ഉപകേന്ദ്രം
ഗ്രാമവികസന ഓഫീസ്
കുടുംബക്ഷേമ കേന്ദ്രങ്ങൾ

റിപ്പോർട്ട് തയ്യാറാക്കാൻ നേതൃത്വം നല്കിയവർ

രവി
ടി.കെ. വേണുഗോപാലൻ
സി. രാഘവൻ
കെ. സുനിൽകുമാർ
ആർ. കുഞ്ഞികൃഷ്ണൻ
പി. ഗോവിന്ദൻ
വി. പ്രമോദ്
ആർ. ശശി
കെ. സുനീഷ്
പി.പി. കുഞ്ഞിക്കണ്ണപ്പൊതുവാൾ
കെ. പത്മനാഭൻ
പി.വി. പത്മനാഭൻ
കെ.എം. വിനയകുമാർ
എ.പി. നാരായണൻ
പി.വി. നാരായണൻ
എ.കെ. ചന്ദ്രൻ
പി. സുഗുണൻ
ഇ. രാജൻ
കെ. ദാമു
വി.വി. രവീന്ദ്രൻ
എം. രാഘവൻനായർ
പി. ഓമന
കെ.പി.സി. നാരായണപൊതുവാൾ
എം.വി. ഗോവിന്ദൻ
കെ.വി. ബാലകൃഷ്ണൻ
കെ.വി. കുഞ്ഞാൻകുട്ടി
എൻ.പി. റഹ്മ
എം. നാരായണൻ
ഇ. അബ്ദുൾ റഹ്മാൻ
കെ.പി. അബ്ബാസ്
കെ. ശശിധരൻ
ടി. ഗണേശൻ
എം. രാഘവൻ
കെ.പി. സുനിൽ
പി.ടി. രാഘവൻ

വിഷയ വിവരം

ആമുഖം
സാമൂഹിക സാംസ്കാരിക ചരിത്രം
ഭൂപ്രകൃതി
ജനപ്രകൃതി
വികസന മേഖലനകൾ

1. കൃഷി - ജലസേചനം
2. മൃസംരക്ഷണം
3. മത്സ്യബന്ധനം
4. വ്യവസായം
5. വിദ്യാഭ്യാസം, സംസ്കാരം
6. കുടിവെള്ളം പൊതുജനാരോഗ്യം
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. പാർപ്പിടം, സാമൂഹികക്ഷേമം, വനിതാക്ഷേമം
9. സഹകരണം - വിഭവസമാഹരണം
10. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ആമുഖം

'അധികാരം ജനങ്ങളിലേക്ക്' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള ശ്രമകരമായ പ്രവർത്തനങ്ങൾ ഒരു പരിധിവരെ രാമന്തളിയിലും നടന്നു. തളിപ്പറമ്പ് ഇ.ടി.സിയിൽ വച്ചു നടന്ന ജില്ലാതല പരിശീലനത്തിന് ആറുപേരെ അയക്കുകയുണ്ടായി. ഗ്രാമതലത്തിലുള്ള റിസോഴ്സ് പേഴ്സൻമാരെ പരിശീലിപ്പിക്കുന്ന ശില്പശാല 12-9-96ന് നടന്നു. പ്രസ്തുത ശില്പശാലയിൽ 45 പേർ പങ്കെടുത്തു. നവമ്പർ 21 മുതൽ ഒക്ടോബർ 6 വരെയുള്ള വിവിധ തിയ്യതികളായി പഞ്ചായത്തിലെ വാർഡുകളിലെല്ലാം ഗ്രാമസഭകൾ വിളിച്ചുചേർത്തു. 1305 പേർ ഗ്രാമസഭകളിൽ പങ്കാളികളായി. ഗ്രാമസഭകൾ നടന്നതിനുശേഷം എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. രാമന്തളിയുടെ ഭൂപ്രകൃതിയെയും കൃഷിയെയും കുറിച്ച് മനസ്സിലാക്കാൻ ഒക്ടോബർ 23ന് ഏഴു ഗ്രൂപ്പുകളായി തിരിഞ്ഞ് പഠനപര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചു.

കുഞ്ഞിമംഗലത്തുവച്ചു നടന്ന രണ്ടാംഘട്ട ജില്ലാ പരിശീലന ക്യാമ്പിൽ 9 പേർ പങ്കെടുത്തു. ഗ്രാമതലത്തിലെ രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 29ന് നടന്നു. 68 പേർ പങ്കെടുത്തു. ശില്പശാലയിൽ വച്ചെടുത്ത തീരുമാനപ്രകാരം പഞ്ചായത്തിൽ സാമൂഹ്യസാമ്പത്തിക സർവ്വേ നവമ്പർ 3ന് നടത്തി വിവരങ്ങൾ ശേഖരിച്ചു. പഴയതലമുറയിൽപ്പെട്ട കാരണവന്മാരെ വിളിച്ചിരുത്തി പ്രാദേശിക ചരിത്രാനുഭവങ്ങൾ കുറിച്ചെടുത്തു 9.11.96ന് വികസന സെമിനാറിന്റെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായി സംഘാടകസമിതി ചേരുകയും നവംബർ 30ന് വികസനസെമിനാർ നടത്തുവാൻ തീരുമാനമെടുക്കുകയും ചെയ്തു. 10.11.96ന് വികസനറിപ്പോർട്ട് തയ്യാറാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ വികസനരേഖ എഴുതി തയ്യാറാക്കി 15-11-96ന്ന് രാമന്തളി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് അച്ചടിക്കുന്നതിനായി പ്രസ്സിലേല്പിക്കുകയും ചെയ്തു. ●

സാമൂഹിക-സാംസ്കാരിക ചരിത്രം

ചരിത്രപ്രസിദ്ധമായ ഏഴിമല സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് രാമന്തളി. ചേര, ചോള മൂഷിക-ചാലൂക്യ രാജവംശത്തിലൂടെ കോലത്തിരിയിലൊടുങ്ങുന്നതാണ് ഏഴിമലയിലെ രാജവംശചരിത്രം.

സംഘകാല കൃതികളിലാണ് ഏഴിമലയുടെ പഴയ ചരിത്രം അനാവരണം ചെയ്തുതുടങ്ങുന്നത്. പാഴിയുദ്ധത്തിൽ ചേരസേനാ നായകനെ പ്രസിദ്ധ വില്ലാളിവീരനും രാജാവുമായ നന്ദൻ പരാജയപ്പെടുത്തിയതോടെ ഏഴിമലയുടെ പ്രതാപൈശ്വര്യങ്ങൾ ലോകമറിഞ്ഞുതുടങ്ങി. നന്ദഭരണകാലത്തെ സവിശേഷതകൾ പല കവികളും പാടിപുകഴ്ത്തുന്നുണ്ട്. പ്രസിദ്ധമായ വാകൈ-പെരുന്തുറൈ യുദ്ധത്തോടുകൂടിയാണ് നന്ദനെ തോൽപിച്ച് ഏഴിമലയും പൂഴിനാടും ചേരർ വീണ്ടും കൈയടക്കിയത്. ഇവയൊക്കെ പതിറ്റുപത്ത് നാലാം പതികത്തിൽ വിശദമായി പ്രസ്താവിക്കുന്നുണ്ട്.

ഏഴിമലയുടെ ചരിത്രത്തിന് പിന്നിട് ജീവൻ വെക്കുന്നത് മൂഷികരാജവംശം ഭരണം കൈയേൽക്കുന്നതോടുകൂടിയാണ്. പതിമൂന്നാം നൂറ്റാണ്ടിൽ മാർക്കോപോളോ എഴുതിയ സഞ്ചാരക്കുറിപ്പുകളിൽനിന്നാണ് ഏഴിമലയുടെ ചരിത്രം കരുപ്പിടിപ്പിച്ചെടുക്കുന്നത്. പിന്നീട് വന്ന സഞ്ചാരികളുടെ യാത്രാക്കുറിപ്പുകളിൽ കാണുന്ന ഏഴിമല ആശ്ചര്യങ്ങളുടേയും കെട്ടുകഥകളുടേയും പൊടിപ്പുംതൊങ്ങലും വെച്ചുകെട്ടി നിറംകെടുത്തവയാണ്. അവയിൽനിന്ന് ഏഴിമലയുടെ ഒരു പഴയകാലം കരുപ്പിടിപ്പിച്ചെടുക്കുന്നത് എന്തുകൊണ്ടും ഒരു വ്യഥാശ്രമമാകാനേ തരമുള്ളൂ. അറബിക്കടലിലൂടെ കടന്നുപോയ ചരക്കുമഞ്ചുകളും പായക്കപ്പലുകളും ചരക്കുകയറ്റുന്നതിനായും മറ്റും വലിയ കടപ്പുറം ഏട്ടിക്കുളം എന്നിവിടങ്ങളിൽ എത്തിച്ചേരുമായിരുന്നു. മഞ്ചുകളും പായക്കപ്പലുകളും സ്വന്തമായിട്ടുള്ള മുതലാളിമാരും വിദഗ്ധതൊഴിലാളികളും പഴയകാലത്ത് ഇവിടെ ഉണ്ടായിട്ടുണ്ട്.

കോലത്തിരി രാജവംശം ഏഴിമലയടങ്ങുന്ന പ്രദേശം ഭരിച്ചിരുന്നതായി തെളിവുകളുണ്ട്. ഒടുവിൽ പോർച്ചുഗിസുകർ ഏഴിമലയിൽ ഒരു കോട്ട പണിതതിന് നിദർശനങ്ങളുണ്ട്. രാമന്തളി പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണുന്ന ശിലാലിഖിതങ്ങളും പഴയക്ഷേത്രങ്ങളും ഗതകാലപ്രതാപൈശ്വര്യങ്ങളുടെ സൂചനകൾ നൽകുന്നുണ്ടെന്ന സത്യം വിസ്മരിക്കാവതല്ല.

പഴയ ഏഴിമല വർത്തമാനകാലത്ത് കാണാനില്ല. രാജവംശങ്ങളുടെ ആസ്ഥാനങ്ങളായിരുന്ന പ്രദേശങ്ങളുടെ യാതൊരവശിഷ്ടവും ഇന്ന് ലഭ്യമല്ല. കാടുംമേടും കയറിവന്യമൃഗങ്ങളുടെ കൂടാരമായ കുറേ മലമടക്കുകളാണ് രാമന്തളിയിലെ പഴയ തലമുറ കണ്ടത്. അവിടെയിങ്ങനെ രാജവംശങ്ങളുടെ കോട്ടകൊത്തളങ്ങൾ നിലനിന്നിരുന്നുവെന്ന് വിശ്വസിക്കാനായിരുന്നില്ല അവർക്ക് താൽപര്യം. കെട്ടുകഥകളും പുരാണങ്ങളും

ഐതിഹ്യങ്ങളും കോർത്തിണക്കി അവർ ഏഴിമല എങ്ങിനെയെന്ന് തിർപ്പുകൽപിച്ചു. കാലംമാറിയപ്പോൾ മിത്തുകൾക്ക് സമൂഹത്തിൽ യുക്തിബദ്ധമായ നിലനിൽപ്പുണ്ടായില്ല. ഭൂമിശാസ്ത്രപരമായി ഏഴിമലയെ അവർ പഠിച്ചു. അറബിക്കടലിന്റെ പുറംഭാഗങ്ങളിലൂടെ പാഞ്ഞുപോകുന്ന കപ്പലുകൾക്ക് ദിക്കറിയുവാൻ ഏഴിമലയുടെ ശിഖരങ്ങൾ ഉപകരിച്ചുവെന്ന സത്യമവർ അറിഞ്ഞു. ഏട്ടിക്കുളത്തിന്റെ നാവികപ്രാധാന്യമവർ അംഗീകരിച്ചു. പയ്യന്നൂർപാട്ടിന്റെ വെളിച്ചത്തിൽ കച്ചിൽപട്ടണവും ചെട്ടിക്കുളവും മികച്ച വാണിജ്യകേന്ദ്രങ്ങളായി കണക്കുകൂട്ടി. ഏഴിമലയുടെ അറബിക്കടലിലേക്ക് ചാഞ്ഞുള്ള ആ കിടപ്പും തിരമാലകളോട് കിന്നാരം പറയുന്ന ദൃശ്യവും ആളുകളെ ആഴത്തിൽ ആകർഷിക്കുന്നുണ്ടെന്ന് പുതിയ തലമുറ വിലയിരുത്തി. ഏഴിമല ഒരു ടൂറിസ്റ്റ് കേന്ദ്രമാകണമെന്ന് അവർ ആഗ്രഹിച്ചു. എത്രയോ അപൂർവ്വമായ ഔഷധസസ്യങ്ങൾ വളരുന്ന ഏഴിമലയിൽ ഒരൗഷധത്തോട്ടമുണ്ടാക്കണമെന്ന് പലരും മോഹിച്ചു. ഒടുവിൽ വന്നെത്തിയതോ ഒരു നാവികത്താവളവും. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ നാവികത്താവളത്തിനുവേണ്ടുന്ന സ്ഥലം അക്വയർചെയ്തതിനുശേഷം പട്ടാളക്യാമ്പിന്റെ ആരവങ്ങൾ കേൾക്കാൻ തദ്ദേശീയർ ചെവിയോർത്തിരിക്കുകയാണ്.

ദേശീയപ്രസ്ഥാനം കേരളത്തിലുടനീളം ശക്തിപ്രാപിച്ചുവന്നപ്പോൾ തദനുസാരിയായി രാമന്തളി പഞ്ചായത്തിലും ഇന്ത്യൻനാഷനൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ സംഘടനാതലത്തിൽ രൂപംകൊണ്ടു. പൂച്ചാൽ കടപ്പുറത്തുനടന്ന ഉപ്പ്സത്യാഗ്രഹത്തിൽ പയ്യന്നൂരിൽനിന്നെത്തിയ സമരവളണ്ടിയർമാരോടൊത്ത് രാമന്തളിയിലെ പരങ്ങൻ ഗോപാലൻ, കോടിയത്ത് കിഴക്കെവീട്ടിൽ കൃഷ്ണപൊതുവാൾ, പി.ടി.കുഞ്ഞിക്കണ്ണപൊതുവാൾ തുടങ്ങിയവർ പങ്കെടുത്തു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന കള്ളുഷാപ്പ് പിക്കറ്റിംഗ് ഇവിടേയും നടന്നു. മറ്റ് പലരോടൊപ്പം കെ.രാഘവവാര്യരും ഈ സമരരംഗത്തുണ്ടായിരുന്നു. രാമന്തളിയിൽ ദേശീയപ്രസ്ഥാനങ്ങൾ നേതൃത്വം നൽകിയ സമരമുറകളും അക്കാലത്ത് നടന്നിരുന്നു. ഇന്ന് ജീവിച്ചിരിക്കുന്ന പലരും മൺമറഞ്ഞുപോയ ധീരസേനാനികളോടൊപ്പം സമരമുഖത്തുണ്ടായിരുന്നു. ഉത്തരകേരളത്തിലെ സ്വാതന്ത്ര്യസമരപോരാട്ടങ്ങളുടെ നേതൃത്വനിരയിൽ പ്രവർത്തിച്ച സി.എച്ച്.ഗോവിന്ദൻ നമ്പ്യാർ തന്നെയാണ് രാമന്തളിയിലെ പ്രവർത്തകർക്കും ഊർജ്ജം പകർന്നുകൊടുത്തത്.

രണ്ടാംലോകമഹായുദ്ധത്തിൽ അവസാനത്തിൽ രണ്ട് ചാരന്മാർ കടൽമാർഗ്ഗം രാമന്തളി കടപ്പുറത്തെത്തുകയുണ്ടായി. പിന്നീടവരെ ഒലവക്കോട് റെയിൽവെ സ്റ്റേഷനിൽവെച്ച് അറസ്റ്റ് ചെയ്തതോടുകൂടിയാണ് ജപ്പാൻ ചാരന്മാരായിരുന്നുവെന്ന് നാട്ടുകാർ തിരിച്ചറിഞ്ഞത്.

1942-ൽ നടന്ന ക്വിറ്റിന്ത്യാ സമരത്തിൽ വളമ്പത്ത് വളപ്പിൽ കൃഷ്ണൻ, പി.എം.ഈശ്വരൻ നമ്പീശൻ, ഒ.കെ. കുഞ്ഞിക്കണ്ണൻ, പി.കെ. കുഞ്ഞിരാമൻ തുടങ്ങിയവർ നേതൃത്വനിരയിൽതന്നെ പ്രവർത്തിക്കുകയുണ്ടായി. ദേശീയരാഷ്ട്രീയത്തിലുണ്ടായ മാറ്റത്തിനനുസരിച്ച് ഇവിടേയും രാഷ്ട്രീയചേരിതിരിവുകൾ ദൃശ്യമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിൽനിന്നുതന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുണ്ടായി. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും രൂപംകൊണ്ടു. തുടർന്നാണ് ഇവിടെ കർഷകപ്രസ്ഥാനങ്ങൾക്ക് വേരുപിടിക്കുന്നത്. ജന്മിമാരിൽനിന്നുള്ള അക്രമപ്പിരിവ് അവസാനിപ്പിക്കുന്നതിനുവേണ്ടി കർഷകരുടെ ഒരു കൂട്ടായ്മ ഉടലെടുത്തു. കർഷക സംഘമുണ്ടായി. കർഷകരുടെ ദൈനംദിനപ്രശ്നങ്ങളിലിടപെടുവാനും സാമൂഹ്യ-രാഷ്ട്രീയ സ്ഥിതിഗതികൾ പഠിക്കുവാനും കർഷകസംഘം അവസരമൊരുക്കി. പുരമേയാനുള്ള പുല്ല് പറിക്കുന്നതിനും പച്ചിലകൾ വളത്തിനുവേണ്ടി അരിഞ്ഞെടുക്കുന്നതിനുമെതിരെ ജന്മിമാർ ഏർപ്പെടുത്തിയ വിലക്കിനെതിരെയാണ് കർഷകസംഘം ആദ്യമായി പോരാട്ടത്തിന്റെ പാതയിലേക്കിറങ്ങിയത്. പുല്ല് പറിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കുന്നരുവിലെ കൃഷിക്കാർ നടത്തിയ സമരത്തെ 'കമ്മ്യൂണിസ്റ്റാക്രമ'മെന്ന് മുദ്രകുത്തി എം.എസ്.പി.ക്കാരെക്കൊണ്ട് അറസ്റ്റ് ചെയ്യിക്കുകയുണ്ടായി. നികുതി ഇരട്ടിച്ച വാരത്തിനുവേണ്ടി കൃഷിക്കാർ നടത്തിയ സമരവും ഇവിടെ സ്മരണീയമാണ്. കിസാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുനവാരം നികുതിയിരട്ടി മാത്രമായിരിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് പ്രക്ഷോഭം സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കക്ഷിതിരിഞ്ഞ് രാഷ്ട്രീയ പാർട്ടികളായി രൂപപ്പെട്ടപ്പോൾ ഇവിടെ വിവിധ രാഷ്ട്രീയ പാർട്ടികൾക്ക് നേതൃത്വവും അനുയായികളുമുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി, പ്രജാപാർട്ടി, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, സോഷ്യലിസ്റ്റ് പാർട്ടി, ജനസംഘം, മുസ്ലിംലീഗ് തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ രാമന്തളിയിൽ സജീവമായി പ്രവർത്തിക്കുവാൻ തുടങ്ങി. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നതിനെതുടർന്ന് സി.പി.ഐ(എം) ഉടലെടുത്തു. 1969-ൽ കോൺഗ്രസ് പിളർന്ന് കോൺഗ്രസ് എസ് രൂപംകൊണ്ടു. 1977 ൽ ജനതാപാർട്ടി, 1980 ൽ ജനതാദൾ, ഭാരതീയ ജനതാപാർട്ടി തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജന്മമെടുത്തു. അടുത്തകാലത്ത് സി.എം.പി, ഐ.എൻ.എൽ. തുടങ്ങിയ പാർട്ടികളും രാമന്തളിയിൽ ഉടലെടുക്കുകയുണ്ടായി.

യുവജനരംഗത്ത് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും, കോൺഗ്രസിനും, ഭാരതീയ ജനതാപാർട്ടിക്കും പ്രവർത്തനനിരതമായ സംഘടനകൾ നിലവിലുണ്ട്. ഡി.വൈ.എഫ്.ഐ യാണ് ഇന്ന് കർമ്മരംഗത്തുള്ള പ്രബലമായ യുവജനപ്രസ്ഥാനം.

ദേശീയപോരാട്ടങ്ങളുടെ കാലത്തുതന്നെ വിദ്യാർത്ഥി സമരങ്ങൾക്ക് നേതൃത്വം നൽകിയ നേതാക്കൾ രാമന്തളിയിലുണ്ടായിരുന്നു. എന്നാൽ ഇവിടെ ഒരു ഹൈസ്കൂൾ ആരംഭിച്ചതിനുശേഷമാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സജീവമായത്. കെ.എസ്.യു, കെ.എസ്.എഫ് തുടങ്ങിയ സംഘടനകളാണ് ആദ്യകാലത്ത് രാമന്തളിയിൽ പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് കെ.എസ്.എഫ്, എസ്.എഫ്.ഐ. ആയി രൂപപ്പെടുകയും രാമന്തളിയിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനമായി മാറുകയും ചെയ്തു. എ.ബി.വി.പി, എം.എസ്.എഫ് തുടങ്ങിയ സംഘടനകളും ഇന്ന് വിദ്യാർത്ഥി രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. നക്സൽബാരി കലാപകാലത്ത് രൂപംകൊണ്ട നക്സൽ പ്രസ്ഥാനം തങ്ങളുടെ സാന്നിധ്യം അക്കാലത്ത് വെളിപ്പെടുത്തിയിരുന്നുവെങ്കിലും പിൽക്കാലത്ത് പ്രവർത്തനങ്ങളൊന്നുമില്ലാതെ മുരടിച്ചുപോവുകയാണുണ്ടായത്. ഇന്ന് ഈ പ്രസ്ഥാനത്തിന്റെ പിൻതലമുറക്കാർ എന്ന രീതിയിൽ ചില ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതായി മനസ്സിലാക്കുന്നു.

സാംസ്കാരിക ചരിത്രം:

ഉത്തരകേരളത്തിന്റെ സാംസ്കാരികത്തനിമ കാത്ത്സൂക്ഷിക്കുന്നതിൽ രാമന്തളി പഞ്ചായത്ത് എന്നും മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. കോൽക്കളി, പൂരക്കളി, ഓട്ടൻതുള്ളൽ, സംഗീതനാടകങ്ങൾ തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന വ്യക്തികളും ട്രൂപ്പുകളും ഇവിടെയുണ്ടായിരുന്നു. ഇവിടത്തെ പഴയചരിത്രത്തിൽ 'ലോകരെ കളരി'യ്ക്ക് നിർണായകമായ സ്ഥാനമുണ്ട്. നാരായണമംഗലത്തെ കഥകളി സംഘവും പാലക്കോട്, രാമന്തളി തുടങ്ങിയ ഭാഗത്തുള്ള ദഫ് സംഘവും ഒരു കലാപാരമ്പര്യത്തിന്റെ സൗഭാഗ്യങ്ങളായി നിലനിന്നിരുന്നു.

ഏറെ ക്ഷേത്രങ്ങളും അമ്പലങ്ങളുംകൊണ്ട് നിറഞ്ഞുകിടക്കുന്ന ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ് ശങ്കരനാരായണക്ഷേത്രം. ശിവന്റേയും വിഷ്ണുവിന്റേയും നാമം സമന്വയിപ്പിച്ചുകൊണ്ടുള്ള ആരാധനാകേന്ദ്രങ്ങൾ കേരളത്തിൽ വിരളമാണ്. പഴയൊരു ചരിത്രസംസ്കാരത്തിന്റെ അടിവേരുകൾ കണ്ടെത്തുവാനുള്ള സൂചകങ്ങളായിപോലും ഇവയെ ഗണിക്കാവുന്നതാണ്. ഈ ക്ഷേത്രത്തിന് തൊട്ട് സ്ഥിതിചെയ്യുന്ന 'മൂലസ്ഥാന'മാണത്രെ ശങ്കരനാരായണ ക്ഷേത്രത്തിന്റെ ആരൂഢം. ആരാധനാ സൗകര്യത്തിനുവേണ്ടിയോ മറ്റോ ഇന്നത്തെ ചുറ്റുപാടിലേക്ക് മാറിയതാകാനും സാധ്യതകളുണ്ട്. ഏഴിമലയുടെ പഴയ ചരിത്രവുമായി കുഴഞ്ഞുകിടക്കുന്ന മറ്റൊരുക്ഷേത്രമാണ് നരയൻകണ്ണൂർ. ഇതിന്റെ നിർമ്മിതി വൃത്താകൃതിയിലാണ്. പഴയകാലത്ത് ഇതൊരു ബുദ്ധവിഹാരകേന്ദ്രമാണെന്ന് സംശയിക്കുന്നവരുണ്ട്. ഇതിന്റെ മുറ്റത്തും സമീപപ്രദേശങ്ങളിലും കാണുന്ന ശിലാലിഖിതങ്ങളിൽ ഒരു കാലഘട്ടത്തിന്റെ തുടിപ്പുകൾ കണ്ടെത്താം.

കുറുവന്തട്ട, താവുരിയാട്, മുച്ചിലോട്, കണ്ണങ്ങാട്, ദുർഗ്ഗാക്ഷേത്രം, മൂകാംബിക ക്ഷേത്രം, പ്രമാഞ്ചേരിക്കാവ്, കന്നിക്കരക്കാവ്, ഏട്ടിക്കുളം ഭഗവതിക്ഷേത്രം, ശാസ്താംകോട്ടം, തിരുവിലാംകുന്ന്, വീരചാമുണ്ഡിക്ഷേത്രം, പാറോക്കാവ്, കുഞ്ഞണീക്കര, പഴുത്തോടസ്ഥാനം, പന്നിയാംകാവ്, ഹരിജൻ കോട്ടം തുടങ്ങിയവയാണ് രാമന്തളിയിലെ പ്രധാനപ്പെട്ട ഹിന്ദുആരാധനാ കേന്ദ്രങ്ങൾ. ഇവകൂടാതെ ചില കുടുംബക്കാർക്ക് സ്വന്തമായി തറവാട്ടുമുറ്റങ്ങളിൽ ആരാധനാ സ്ഥാനങ്ങളുണ്ട്.

വടക്കുമ്പാട് ജമാഅത്ത് പള്ളിയും കുറുവന്തട്ട ക്ഷേത്രവും തൊട്ടുതൊട്ടാണ് സ്ഥിതിചെയ്യുന്നത്. പഴയകാലത്ത് പള്ളിക്കര അമ്പലവും പള്ളിക്കരപള്ളിയും ഇതേപോലെതന്നെയായിരുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളും രണ്ട് ആരാധനാലയങ്ങളിലേക്കും കാണിക്കകൾ നേർച്ചയായി കൊടുത്തുവന്നിരുന്നു. ഒരു പരിധിവരെ ഇന്നും തുടരുന്ന ഈ പ്രക്രിയ മതസൗഹാർദ്ദത്തിന് ഉത്തമോദാഹരണങ്ങളാണ്.

വടക്കുമ്പാട് ജമാഅത്ത്പള്ളി, കോട്ടയിൽപള്ളി, ഓലക്കാൽ പള്ളി മഖാം, പാലക്കോട് ജുമാമസ്ജിദ് മഖാം, ഏഴ്പള്ളി, തെക്കുമ്പാട് പള്ളി, തലക്കാൽ പള്ളി, പള്ളിക്കര പള്ളി, ഏട്ടിക്കുളം ജമാഅത്ത് പള്ളി എന്നിവയാണ് രാമന്തളിയിലെ പ്രധാനപ്പെട്ട മുസ്ലിം ആരാധനാ കേന്ദ്രങ്ങൾ. സമീപകാലത്ത് ഒട്ടേറെ പുതിയ പള്ളികൾ ആരാധനയുടെ സൗകര്യത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏഴിമലയിൽ മതപ്രചരണത്തിനെത്തിയ റവ. ഫാദർ മന്തനാരി എസ്.ജെ.യാണ് ഒരു ക്രിസ്ത്യൻ പള്ളിക്ക് രാമന്തളിയിൽ രൂപംകൊടുക്കുന്നത്. സ്വന്തം അദ്ധ്വാനത്തിന്റെയും ശിൽപവൈദഗ്ധ്യത്തിന്റെയും ഉത്തമനിദർശനമായി ഈ പള്ളി ഏഴിമലയുടെ വടക്കേ ശിഖരത്തിൽ സ്ഥിതിചെയ്യുന്നു.

രാമന്തളിയിൽ വ്യത്യസ്തജാതിയിലും മതത്തിലുംപെട്ട ആളുകൾ ഓരോ പ്രത്യേക കേന്ദ്രങ്ങളിലായിരുന്നു ആദ്യകാലത്ത് താമസിച്ചിരുന്നത്. ഇത് ജാതിക്കൂറ് വർധിപ്പിക്കുവാനും മതസ്പർദ്ധ കൂട്ടാനും സഹായിച്ചിട്ടുണ്ട്. ഒരു കൂട്ടരുടെ ഭൂരിപക്ഷപ്രദേശത്ത് മറുപക്ഷക്കാർപെട്ടാൽ അവരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുക എന്ന സ്ഥിതിവിശേഷം പോയ്മറഞ്ഞിട്ട് ഏറെകാലം കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഉയർന്നബോധം കൈവരിക്കാത്ത പ്രദേശങ്ങളിൽ ഈ പ്രശ്നം വർഗ്ഗീയവൈരങ്ങൾക്കുതന്നെ കാരണമായിട്ടുണ്ട്. കാലംമാറുകയും ജനകീയ ബോധത്തിൽ ഒരു കൂട്ടായ്മ കടന്നുവരികയും ചെയ്തതോടുകൂടി ഇത്തരം ധാർമ്മിക അധഃപതനത്തിൽനിന്ന് ഒരുപരിധിവരെ കടന്നുകയറാൻ കഴിഞ്ഞിട്ടുണ്ട്.

ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ രാമന്തളിയിലെത്തിയ സ്വാമി നടരാജഗുരുവിന്റെ ഒരു ശിഷ്യയാണ് പൂച്ചാൽഭാഗത്ത് ഒരു ഗുരുകുലം(ആശ്രമം) സ്ഥാപിച്ചത്. വിദേശിയായ ആ വനിത ഈ സ്ഥാപനം പിന്നീട് നടരാജഗുരുവിന് സമർപ്പിക്കപ്പെടുകയാണുണ്ടായത്. പിന്നീടത് ഒരു ട്രസ്റ്റിന്റെ കീഴിലെത്തുകയും ചെയ്തു. ലോകത്തിന്റെ നാനാഭാഗത്തുമുള്ള പണ്ഡിതന്മാരും കലാകാരന്മാരും ഒരുകാലത്ത് ഈ ആശ്രമത്തിലെത്തിയിരുന്നു. ലോകസമാധാന സമ്മേളനങ്ങൾക്ക് ഇീ ആശ്രമം ആതിഥ്യമരുളിയിട്ടുണ്ട്. രാമന്തളിയിലെ ശേഷിപ്പുള്ള സാംസ്കാരികാവബോധത്തിന് നടരാജഗുരുവിന്റെ ആശ്രമവും മഹാസമ്മേളനവും അതിന്റേതായ വർണ്ണമുദ്രകൾ സമ്മാനിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. ●



ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് രാമന്തളി പഞ്ചായത്തിനെ 6 ആയി തരംതിരിക്കാം. ഒന്ന്. ഉയർന്ന സ്ഥലം, രണ്ട്. ചരിവ് പ്രദേശം, മൂന്ന്. താഴ്വര, നാല്. തീരസമതലം, അഞ്ച്. ചതുപ്പ്നിലങ്ങൾ, ആറ് തീരപ്രദേശം.

ഉയർന്ന സമതലം:-

ഏകദേശം ആയിരത്തി മുന്നൂറ്റി അമ്പത് ഏക്രയോളം രാമന്തളി പഞ്ചായത്തിൽ ഉയർന്ന സമതലഭൂമിയുണ്ട്. സമുദ്രനിരപ്പിൽനിന്ന് ശരാശരി ആയിരം അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഇത്. കക്കമ്പാറ, ഒടേനിപ്പാറ, ചിറ്റടി, മുണ്ടയ്പ്പാറ, വെള്ളാമ്പാറ, പരുത്തിക്കാട്, ചൊറിച്ചൽ, മൊട്ടക്കുന്ന്, നരിമട, മുതുകുന്ന് തുടങ്ങിയ പ്രദേശങ്ങളാണ് ഉയർന്ന സമതലത്തിൽ ഉൾപ്പെടുന്നത്. ചെങ്കൽപ്പാറ, കരിങ്കൽപ്പാറ, ചരൽകലർന്ന മണ്ണ് ഇവിടെ കാണാം. അവിടവിടെയായി തരിശ്നിലങ്ങൾ കാണുന്നു. കശുമാവ്, കുരുമുളക്, തെങ്ങ് തുടങ്ങിയവയാണ് ഇവിടെയുള്ള പ്രധാനകൃഷി. പുല്ല്നിറഞ്ഞ പാറ പ്രദേശങ്ങളും കാണാനുണ്ട്. ഇവിടെ ജലക്ഷാമം രൂക്ഷമാണ്. ജനവാസം താരതമ്യേന കുറവാണ്.

ചരിവ് പ്രദേശം:-

1700 ഏക്രയോളം ചരിഞ്ഞ പ്രദേശമാണ്. ചൊറിച്ചൽ, ഒടേനി, ഏലിപ്പുറം, കരിങ്കോളി, ചേനാംകുന്ന്, കൊട്ടാരക്കാട്, ചിറ്റടി, നിരപ്പനച്ചാൽ തുടങ്ങിയവ ചരിഞ്ഞ പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. ഇവിടെയുള്ള മണ്ണ് ഫലഭൂയിഷ്ടമാണ്. തെങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ എന്നിവ ഇവിടെ മുഖ്യവിളകളും, ഇഞ്ചി, ചേന, കപ്പ, പച്ചക്കറി തുടങ്ങിയവ ഇടവിളയായും കൃഷിചെയ്തുവരുന്നു. ചരിവ് പ്രദേശങ്ങളുടെ അടിവാരങ്ങളിൽ ജലം ലഭിക്കുമെങ്കിലും മൊത്തമായി ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്. 6 ഓളം വറ്റാത്ത ഉറവകൾ ഈ പ്രദേശത്തുണ്ട്. ഉറവകളുടെ സമീപപ്രദേശങ്ങളിൽകൂടി കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഓലക്കാൽ വലിയ കടപ്പുറത്തുള്ള ഉറവ് ഏറെ സാധ്യതയുള്ള നല്ല ജലസ്രോതസ്സാണ്. കരിങ്കൽ ചെങ്കൽ ക്വാറകൾ ഈ പ്രദേശത്ത് ഉണ്ട്. ഇവിടേയും താരതമ്യേന ജനവാസം കുറവാണ്.

താഴ്വര :-

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 5% മാത്രം ഉൾപ്പെടുന്ന ഈ പ്രദേശത്ത് ഏറിയപങ്കും നെൽകൃഷിയാണ്. ഫലഭൂയിഷ്ഠമായ ഈ മണ്ണിൽ തെങ്ങും, കവുങ്ങും തഴച്ചുവളരുന്നു. ജലസമൃദ്ധി

യുള്ള പ്രദേശമാണ്. തറക്കേടില്ലാത്ത ആൾപ്പാർപ്പും ഇവിടെ കാണാം. കക്കോട്ടിച്ചാൽ, ചൊറിച്ചൽചാൽ, ചിറ്റടിച്ചാൽ, വട്ടപ്പറമ്പൻചാൽ ഇവയുടെ ഭാഗവും, മിത്തലെ വീട്ടിൽ വയൽ തുടങ്ങിയവ താഴ്വര പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നു.

തീരസമതലം :-

രാമന്തളിയുടെ മുന്നിലൊരുഭാഗം തീരസമതലമാണ്. രാമന്തളി സെൻറർ, വടക്കുമ്പാട്, കുന്നത്തെരു, കൊവ്വപ്രം, കുന്നരു വടക്കേഭാഗം, തെക്കേഭാഗം, കാരന്താട്, കരമുട്ടം, പാലക്കോട്, ഓലക്കാൽ, ഏട്ടിക്കുളം തുടങ്ങിയവ തീരസമതലത്തിൽപെട്ടവയാണ്. പരിമരാശി മണ്ണ്, ചെമ്മണ്ണ്, മണൽ ഇങ്ങനെ പോകുന്നു ഇവിടുത്തെ മണ്ണിൻ. പ്രധാന കൃഷികൾ തെങ്ങ്, നെല്ല്, വാഴ, കുരുമുളക്, കശുമാവ്, മാവ്, പ്ലാവ്, പച്ചക്കറി തുടങ്ങിയവയാണ്. പ്രദേശത്തിന്റെ വ്യത്യാസമനുസരിച്ച് ജലലഭ്യത ഏറിയും കുറഞ്ഞും കാണാം. ഇടവിളകൾ ഈ പ്രദേശത്ത് സമൃദ്ധിയായി വളരുന്നു. ഉപ്പുവെള്ളത്തിന്റെ കെടുതികൾ ചില ഭാഗങ്ങളിൽ രൂക്ഷമാണ്. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നത് ഈ പ്രദേശത്താണ്. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളടക്കം നിരവധി പൊതുസ്ഥാപനങ്ങളും ഇവിടെയാണ് സ്ഥിതിചെയ്യുന്നത്.

ചതുപ്പ്നിലം :-

500 ഏക്രയോളം ചതുപ്പ്നിലങ്ങളാണ്. ഉപ്പുവെള്ളം കയറുന്ന കയ്പാട് പ്രദേശമാണ് ഇത്. കുറിച്ചിച്ചാൽ കയ്പാട് (പാലക്കോട്), കരമുട്ടം കയ്പാട്, എടത്തെരുത്തി കയ്പാട്(കുന്നരുതെക്കേഭാഗം), പരപ്പച്ചാൽ കയ്പാട് (കാരന്താട്), രാമൻകൈ കയ്പാട് (വടക്കേഭാഗം), ചെയ്തനാംകുഴി കയ്പാട് (വടക്കുമ്പാട്), മീൻമടകയ്പാട് ഇതിലുൾപെടുന്നു.

80 ശതമാനത്തോളം കയ്പാട് ഉപ്പുവെള്ളം കയറി കിടക്കുന്നതിനാൽ കൃഷിക്ക് ഉപയോഗിക്കാതെ തരിശ്ശായി ഇട്ടിരിക്കുകയാണ്. ബാക്കി പ്രദേശങ്ങൾ നെല്ലും, തെങ്ങും കൃഷിചെയ്യുന്നുണ്ട്. കുറഞ്ഞതോതിൽ മൽസ്യകൃഷിയും ഇവിടെ കാണാം. ജനവാസം കുറവാണ്. കുടിവെള്ളത്തിന് വളരെ അകലെ പോകേണ്ടുന്ന അവസ്ഥ ഇവിടെയുണ്ട്.

തീരപ്രദേശം :-

കടലിന്റെയും പുഴയുടെയും തീരത്തായി 400 ഏക്രയോളം നീണ്ടുകിടക്കുന്നതാണ് ഈ പ്രദേശം. പൂഴി, ഏക്കൽമണ്ണ് എന്നിവയാണ് മണ്ണിനങ്ങൾ. ഭൂരിഭാഗം പ്രദേശങ്ങളിലും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. നേവൽ അക്കാദമി വന്നതോടുകൂടിയാണ് രാമന്തളിയുടെ വലിയൊരു കടൽതീരം അപ്രത്യക്ഷമാവുന്നത്.

എല്ലാഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു ദ്വീപാണ് രാമന്തളി. ശാന്തമായ കടൽതീരവും വൃത്തിയുള്ള പുഴയോരങ്ങളും ഈ പഞ്ചായത്തിന്റെ സവിശേഷതയാണ്. തെങ്ങ് തഴച്ച്വളരുന്നതിന് ഈ ഭൂപ്രകൃതി ഒരു പരിധിവരെ കാരണമായിത്തീരുന്നു. കാലാവസ്ഥ നിയന്ത്രിക്കുന്നതിനും ഇതൊരു നിർണ്ണായകഘടകമാണ്. ഏഴിമലയുടെ മലയിടുക്കുകൾക്കും കാലവർഷം നിയന്ത്രിക്കുന്നതിൽ സാരമായ പങ്കുണ്ട്. നേവൽ അക്കാദമിക്ക് സ്ഥലം അകപ്പെടുത്തതോടെ രാമന്തളി പഞ്ചായത്തിന്റെ മേപ്പിൽനിന്നും ഏഴിമലയുടെ വലിയൊരുഭാഗം നിക്കംചെയ്തിരുന്നുവെങ്കിലും അവയുടെ സാമീപ്യവും, സാന്നിധ്യവും ഈ ഗ്രാമപഞ്ചായത്തിനെ ധന്യമാക്കുന്നു.

ജനപ്രകൃതി

സെൻസസ് കണക്കുകൾ :-

രാമന്തളി പഞ്ചായത്തിൽ 21,325 ആണ് ജനസംഖ്യ. 10,081 പുരുഷന്മാരും 11,284 സ്ത്രീകളും അടങ്ങുന്നതാണ് ഈ കണക്ക്. പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യ 1081 ആണ്.

1996 ൽ പഞ്ചായത്തിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവ്വേയുടെ പട്ടിക താഴെ കൊടുക്കുന്നു.

1996 -ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ

പുരുഷന്മാർ	10514
സ്ത്രീകൾ	10735
ആകെ	21249

ഒരുവയസ്സിന് താഴെയുള്ളവർ	441
ഒരുവയസ്സിനും അഞ്ച്വയസ്സിനും ഇടയിലുള്ളവർ	1552
അഞ്ചിനും പന്ത്രണ്ടിനും ഇടയിലുള്ളവർ	2605
പന്ത്രണ്ടിനും പതിനഞ്ചിനും ഇടയിലുള്ളവർ	1537

വികസന മേഖലകൾ

കൃഷി - ജലസേചനം

രാമന്തളി പഞ്ചായത്ത് പൊതുവെ ഒരു കാർഷിക മേഖലയാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ രാമന്തളിയിൽ കൃഷി വ്യാപിച്ചിരുന്നു. നെൽകൃഷിയുടെ വിസ്തീർണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും മറ്റ് കൃഷികളുടെ കാര്യത്തിൽ പഞ്ചായത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കാർഷികവൃത്തിയിൽ അഭിമാനംകൊണ്ടിരുന്ന ഒരു പഴയതലമുറ രാമന്തളിയിൽ ഉണ്ടായിരുന്നു. കൃഷിയെ സ്നേഹിക്കുകയും, കൃഷിക്കാരെ ആദരിക്കുകയും ചെയ്യുന്ന ഒരു സമൂഹം അന്യംവന്നതോടുകൂടി കൃഷിയോടുള്ള സമീപനം ആകെ മാറി. കൃഷിഭൂമികൾ തരിശായിടാനുള്ള പ്രവണത വർദ്ധിച്ചു. വയലുകൾ നികത്തി വീടുകൾ നിരന്നു. തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകൾ വ്യാപകമായി. കൃഷിക്കാരുടെ അനുഭവത്തിൽ നെൽകൃഷി നഷ്ടമായതിനാൽ അവർ ലാഭംകിട്ടുന്ന നാണ്യവിളകളിലേക്ക് സ്വാഭാവികമായും വഴിമാറി.

തീരപ്രദേശങ്ങളിൽ തെങ്ങ്കൃഷി സമൃദ്ധിയായി കൃഷി ചെയ്തുവന്നിരുന്നുവെങ്കിലും വയലുകളിലേക്ക് തെങ്ങ്കൃഷി കുടിയേറിപാർപ്പ് ആരംഭിച്ചിട്ട് കാൽനൂറ്റാണ്ടിലേറെ കാലം മാത്രമെ ആയിട്ടുള്ളു. ജന്മിത്വം വ്യാപകമായി നിലനിൽക്കുന്നതുകൊണ്ട്തന്നെ വയലുകളിൽ തെങ്ങ്വെക്കാൻ ജന്മിമാർ അനുവാദംകൊടുത്തിരുന്നില്ല. ജന്മിമാരെ ധിക്കരിക്കുന്നതിനുള്ള ശേഷി ഈ കാലത്ത് കർഷകരിൽ വളർന്നുവന്നതുമില്ല. വീട്ടുപറമ്പുകളിൽ കുരുമുളക്, പ്ലാവ്, മാവ് മറ്റ് വൃക്ഷങ്ങൾ എന്നിവ നല്ല നിലയിൽ വളർന്ന് വരികയും ചെയ്യുന്നു. വിപണിയിൽ ഇടക്കിടെ ഉണ്ടാകുന്ന വിലവർധനവ് ചില വിളകളുടെ ക്രമാതീതമായ വ്യാപനത്തിന് കാരണമായിട്ടുണ്ട്. വിലയിടിഞ്ഞപ്പോഴാകട്ടെ ഉണ്ടായ നിരാശ കൃഷിയുടെ പരിചരണത്തിൽ നിഴലിക്കുകയും ചെയ്തു.

പുനംകൃഷി:-

രാമന്തളിയിലെ ദേവസ്വത്തിന്റെ കൈയിലായിരുന്നു ഒരുകാലത്ത് ഏഴിമല ഭൂമി മുഴുവൻ. ദേവസ്വത്തിന്റെ പക്കൽനിന്നും ഓരോ പ്രദേശവും പുനം കൃഷിചെയ്യുന്നതിന് മൊത്തമായി ലേലത്തിനെടുത്ത് വീതിച്ചു നൽകുന്നു. നെല്ല്, തുവര, ചോളം, ചാമ, വരക്, മുത്താറി, തിന, പച്ചക്കറി തുടങ്ങിയവ ഒന്നിച്ചാണ് കൃഷിചെയ്തിരുന്നത്. മലമടക്കുകളിലെ കൊടുങ്കാടുകൾ വെട്ടിതെളിച്ച്, വന്യമൃഗങ്ങളോട് മല്ലിട്ട് മലയോരങ്ങൾ കൃഷിയിടങ്ങളാക്കി മാറ്റുകയാണ് അന്ന് അവർ ചെയ്തത്. വിത്ത് കിളിർത്ത് തുടങ്ങിയാൽ കൊയ്യുന്നതുവരെ കൃഷിക്കാരുടെ കൂട്ടായ്മ ഈ പ്രദേശത്ത് സജീവമായി നിലനിൽക്കുന്നു. ഒരുപ്രദേശത്ത് കൃഷിചെയ്താൽ ഏഴ്

വർഷത്തിന് ശേഷം മാത്രമെ വീണ്ടും അവിടെ വിത്തിറക്കുകയുള്ളു. ഭക്ഷ്യക്ഷാമം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്താണ് രാമന്തളിയിലെ കർഷകർ വിത്തും കൈക്കോട്ടുമായി ഏഴിമലയിലെ മലങ്കാടുകളിലേക്ക് യാത്രതിരിച്ചത്. അവരുടെ വിയർപ്പുതുള്ളികൾ ഫലഭൂയിഷ്ഠമായ മണ്ണുകളിൽ അടർന്നുവീണതോടുകൂടി രാമന്തളിയുടെ ദാരിദ്ര്യം ഒരുപരിധിവരെ ലഘൂകരിക്കാൻ കഴിഞ്ഞു. പുനംകൃഷി വിളവെടുപ്പിന് മുമ്പായി ദേവസ്വം കാര്യസ്ഥന്മാർ കൃഷിഭൂമിയിൽചെന്ന് മേനി കണക്കാക്കി വാരം നിശ്ചയിക്കുകയാണ് പതിവ്. ഒരേക്കർക്ക് അഞ്ച് പറവരെയാണ് ശരാശരി വാരം നിശ്ചയിച്ചിരുന്നത്. നെല്ലിനും, തുവരക്കും മാത്രമെ വാരം നൽകേണ്ടതുള്ളു.

ഭൂപരിഷ്കരണ നിയമത്തോടുകൂടി ഏഴിമലയുടെ മിക്കവാറും പ്രദേശങ്ങളും കൈവശാവകാശക്കാരുടെ ഉടമസ്ഥതയിലേക്ക് വന്നു. ഇതിനുശേഷമാണ് തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ് തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുവാൻ തുടങ്ങിയത്. എസ്.വി.പി. അബ്ബാസ് ഹാജിയാണ് ആദ്യമായി തെങ്ങുകൃഷി ഏഴിമലയിൽ ആരംഭിച്ചത്. പി.കെ.വലിയ ചിണ്ടപൊതുവാൾ, കുരുമുളക്കൃഷിയും, കായത്ത് ദാമോദരൻ റബ്ബർകൃഷിയും തുടങ്ങിവെച്ചു. ഏഴിമല കാർഷികാഭിവൃദ്ധിയിൽ ഏറെ മുന്നോട്ട് പോയപ്പോഴാണ് പൊടുന്നനവെ നേവൽ അക്കാദമി കർഷകരുടെ ചിരകാലസ്വപ്നത്തിന്റെ ചിറകൊടിച്ചത്.

ആദ്യകാലങ്ങളിൽ കൃഷിഭൂമിയുടെ പരമാധികാരം ജന്മികളിൽ നിഷിപ്തമായിരുന്നു. അക്കാലത്ത് കൃഷിക്കാർ സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ നിരവധിയാണ്. പ്രകൃതിക്ഷോഭം കൊണ്ടോ, മറ്റോ കൃഷി പൂർണ്ണമായി നശിച്ചാൽപോലും ജന്മിക്ക് കൊടുക്കേണ്ടുന്ന വാരത്തിൽ യാതൊരു തരത്തിലുള്ള ഇളവും അനുവദിച്ചിരുന്നില്ല. നല്ല കൃഷിഭൂമിയാണെങ്കിൽ കൃഷിക്കാരനറിയാതെ കൂടുതൽ വാരത്തിന് ജന്മി കൈമാറുകയും, താരതമ്യേന മോശപ്പെട്ട സ്ഥലമാണെങ്കിൽ കൃഷിക്കാരന്റെമേൽ അടിച്ചേൽപിക്കുകയും ചെയ്യുന്നതായിരുന്നു അന്നത്തെ സമ്പ്രദായം. കർഷകന്റെ ഉള്ളിൽ അമർഷം പുകയുമെങ്കിലും ജന്മിയുടെ മുമ്പിൽ അത് യാതൊരു വിധത്തിലും പ്രകടിപ്പിക്കപ്പെട്ടിരുന്നില്ല. കർഷകന്റെ വീട്ടിൽ ഉൽസവങ്ങളും, അടിയന്തിരങ്ങളും നടക്കുമ്പോൾ ജന്മിയെ മുൻകൂട്ടി വിവരമറിയിക്കുകയും സമ്മതത്തോടൊപ്പം സമ്മാനവും വാങ്ങുക പതിവായിരുന്നു. ആ കാലത്ത് മിക്ക കൃഷിക്കാരനും കാർഷിക തൊഴിലാളി കൂടിയായിരുന്നു. സ്വന്തം പാടത്തുള്ള പണിതീർന്ന് കഴിഞ്ഞാൽ മറ്റുള്ളവരുടെ കൃഷിനിലങ്ങളിലും അവർ പണിക്ക് പോകുമായിരുന്നു. അതുകൊണ്ട് കൃഷിക്കാരനും കാർഷികതൊഴിലാളികളും തമ്മിൽ മിക്കപ്പോഴും ഒരു അന്തരം നിലനിന്നിരുന്നില്ല.

ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ജന്മി-കുടിയാൻ ബന്ധത്തിൽ സാരമായ പരിവർത്തനം വന്നു. കൃഷി ഭൂമിയോട് കർഷകന് ഒരാത്മീയബന്ധം വന്നുചേർന്നു. അന്ന് കൂട്ടുംബങ്ങൾ ഭാഗിച്ചുപോകുന്നതോടുകൂടിയാണ് കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെടുന്നത്. സ്വന്തമായി കിട്ടിയ ഭൂമിയിൽ വീടുകൾ ആവശ്യമായി വന്നപ്പോൾ വയലുകൾ കൂട്ടമായി നികത്തേണ്ടിവന്നു. പറമ്പുകളിലെ വൻമരങ്ങൾ കെട്ടിടനിർമ്മാണത്തിന്വേണ്ടി കടപുഴകി. ഈ മരങ്ങൾ നാടുനീങ്ങിയസ്ഥാനത്താണ് പുതിയ നാണ്യവിളകൾക്ക് ഇടംകിട്ടിയത്.

കൈപ്പാട് കൃഷി:-

പ്രധാന ചതുപ്പ്നിലങ്ങളിൽ വ്യാപകമായതോതിൽ കുതിര്വിത്താണ് കൃഷിചെയ്തിരുന്നത്. വയലുകളിൽ മൺകൂനയുണ്ടാക്കി അതിൽ വിത്തെറിയുന്നതാണ് കൈപ്പാട്കൃഷിയുടെ പ്രത്യേകത. കാലാന്തരത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള സംവിധാനമില്ലാത്തതിനാൽ കൈപ്പാടുകൾ തരിശ്ശായി ഇടേണ്ടുന്ന സ്ഥിതിവന്നു. കുറഞ്ഞ സ്ഥലങ്ങളിൽ മാത്രമാണ് തെങ്ങും നെല്ലും ഇന്ന് കൃഷിചെയ്തുവരുന്നത്.

1948 മുതൽ തരിശ്ശായികിടന്നിരുന്ന എടത്തുരുത്തി കൈപ്പാടിന് 1966 ൽ ബണ്ട് നിർമ്മിക്കപ്പെട്ടു. ഭൂപരിഷ്കരണ നിയമത്തോടനുബന്ധിച്ച് നടന്ന മിച്ചഭൂമി പിടിച്ചെടുക്കൽ സമരത്തിന്റെ ഭാഗമായി എടത്തുരുത്തി കൈപ്പാട് സി.പി.ഐ.(എം) രാമന്തളി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമരവളണ്ടിയർ കൈയേറി അവകാശം സ്ഥാപിച്ചുകൊടുത്തു. 25½ സെൻറ് വീതം 125 പേർക്കാണ് ഈ ഭൂമി പകുത്ത്കൊടുത്തത്. പങ്കിട്ട് കൊടുക്കുന്ന കാര്യത്തിൽ ജാതി-മതമോ, കക്ഷി-രാഷ്ട്രീയമോ പ്രശ്നമായിരുന്നില്ല. അവിടെയിപ്പോൾ നെല്ല്, തെങ്ങ് മുതലായവ കൃഷിചെയ്തുവരുന്നുണ്ട്.

രാമന്തളി പഞ്ചായത്തിൽ 105 ഹെക്ടർ സ്ഥലത്താണ് ഒന്നാംവിള കൃഷിചെയ്തുവരുന്നത്. വിളവെടുപ്പിന് ശേഷം ഈ വയലുകളിൽ ഉഴുന്ന്, പയർ, മുതിര തുടങ്ങിയവ മുമ്പ് വ്യാപകമായി കൃഷിചെയ്തിരുന്നുവെങ്കിലും ഇന്ന് പേരിന് മാത്രമെ കൃഷിചെയ്യുന്നുള്ളു. ഈ വയലുകളിൽ താൽക്കാലികമായി നിർമ്മിക്കുന്ന ജലസേചന സൗകര്യം ഉപയോഗിച്ച് പച്ചക്കറി കൃഷിചെയ്ത് വരുന്നുണ്ട്. രണ്ടാംവിളയായി നെൽകൃഷിചെയ്യുന്നത് 70 ഹെക്ടറിലാണ്. രണ്ടാം വിളവെടുപ്പിന് ശേഷവും ഉഴുന്ന്, പയർ, മുതിര എന്നിവതന്നെയാണ് കൃഷി

യിറക്കിയിരുന്നത്. മൂന്നാംവിള രാമന്തളിയിൽ പഴയകാലത്ത് പൂച്ചാലിലെ വയലിലാണ് പ്രധാനമായും ഉണ്ടായിരുന്നത്. പ്രസ്തുതവയൽ അക്കാദമി പ്രദേശത്ത് അകപ്പെട്ടതോടുകൂടി രാമന്തളിയിൽ മൂന്നാംവിള നാമാവശേഷമായി.

വിള വിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത
നെല്ല് ഒന്നാംവിള	105	367.5	3500
നെല്ല് രണ്ടാംവിള	70	140	2000
പയർ	10	2000	300-400
പച്ചക്കറികൾ	5	1 - 2	75 - 100
തെങ്ങ്	585	4095000 nuts/yr	35-40 nuts/tree/yr.
വാഴ	10	37.5	15.20 Ks.Plt.
മരച്ചീനി	5	--	--
കുരുമുളക്	21	6000	300 gm/Plt/yr.
പ്ലാവ്	1	--	--
കശുമാവ്	300	480	10-15 Kg/tree/yr.
മാവ്	1 ha	--	--
റബ്ബർ	--	--	--
കവുങ്ങ്	5	5 lakh nuts	500

ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
രാമന്തളി	964.49 (ഏക്കർ)	1347.31 (ഏക്കർ)	3172.29 (ഏക്കർ)	902.84 (ഏക്കർ)	6386.93 (ഏക്കർ)

ആകെ ഭൂമി - 6386.93 ഏക്കർ

ആകെ കുടുംബങ്ങൾ - 3208

ഒരു കുടുംബത്തിന്റെ ശരാശരി ഭൂമി - 1.99 ഏക്കർ

ഒരംഗത്തിന്റെ ശരാശരി ഭൂമി - 30 സെന്റ്

ഭൂമിയുടെ ഉടമസ്ഥത	
ഒന്നുമുതൽ പത്തുസെൻറ് വരെ കൈവശമുള്ളവർ	1534
പത്തുമുതൽ ഇരുപത്തിയഞ്ച് സെൻറ്വരെ	652
ഇരുപത്തിയഞ്ച്മുതൽ അമ്പത് സെൻറ്വരെ	508
അമ്പത് മുതൽ നൂറ് സെൻറ്വരെ	224
ഒരേക്കറിനും രണ്ടേക്കറിനും ഇടയിലുള്ളവർ	106
അഞ്ചേക്കറിൽ താഴെയുള്ളവർ	82
അഞ്ചേക്കറിന് മുകളിലുള്ളവർ	30

രാമന്തളിയിലാകെ 3138 കുടുംബങ്ങൾക്ക് മാത്രമാണ് സ്വന്തമായി ഭൂമിയുള്ളത്. 10 സെൻറിന് താഴെ 834 ഉം, 10 സെൻറിനും ഒരേക്കറിനും താഴെ 1910 ഉം, ഒരേക്കറിനും രണ്ടര ഏക്കറിനും ഇടയിൽ 301 ഉം, രണ്ടര ഏക്കറിന് മീതെ 93 ഉം ആണ് ഉള്ളത്. ഒരു കുടുംബത്തിന് ശരാശരി ഭൂമി 199 സെൻറാണ്. ജനസംഖ്യ വർദ്ധിച്ചതോടുകൂടി പഴയകാലത്ത് താമസിക്കാൻ മടിച്ചിരുന്ന പ്രദേശങ്ങളിൽപോലും കുടിയേറിപ്പാർപ്പ് ആരംഭിച്ചു. ഇതിനുദാഹരണമാണ് ഏഴിമല, പേരെവയൽ, കാറോളം, പുലയൻകടവ്, വടക്കുമ്പാട് തുടങ്ങിയ പ്രദേശങ്ങൾ. ഏഴിമലയിലെ കുടിയേറ്റത്തിന് തുടക്കംകുറിച്ചത് റവ: ഫാദർ മൊന്താനാരി. എസ്.ജെ.യാണ്.

9, 10 വാർഷുകളിൽ തീരെ നെൽകൃഷിയില്ല. തെങ്ങാണ് മുഖ്യവിള. 5-ാം വാർഡിൽ പഴയകാലത്ത് ഏക്കറുകളോളം നേന്ത്രവാഴ കൃഷിയുണ്ടായിരുന്നു. ഇന്നവ നാമമാത്രമായി തീർന്നിട്ടുണ്ട്. 3, 5 വാർഡുകളിൽ ജനുവരി, ഫിബ്രവരി മാസങ്ങളിൽ വ്യാപകമായി പച്ചക്കറി കൃഷിചെയ്തുവരുന്നു.

പഴയകാലങ്ങളിൽ ഉപയോഗിച്ചിരുന്നത് നാടൻ വിത്തുകളായ തവളക്കണ്ണൻ, മാലക്കാരൻ, കഴമ, കരിഞ്ചൻ, കുഞ്ഞെല്ല്, ചൊവ്വേരി, തൊണ്ണൂറാൻ, വടക്കൻ ചൊവ്വേരി എന്നിവയാണ്. ഇന്ന് അത്യുൽപാദനശേഷിയുള്ള നെൽവിത്തുകൾ വ്യാപകമായി കൃഷിചെയ്ത്വരുന്നുണ്ടെങ്കിലും പഴയ വിത്തുകൾ ചിലരെങ്കിലും ഉപയോഗിച്ചുവരുന്നുണ്ട്. രോഗപ്രതിരോധശക്തി പഴയ വിത്തിനങ്ങൾക്ക് കൂടുതലാണെന്ന് കൃഷിക്കാർ വിശ്വസിക്കുന്നു. ജൈവവളങ്ങളായ ചാണകം, ആലവളം, പച്ചില, വെണ്ണീറ് ഇവയാണ് പ്രധാനമായും വയലുകളിൽ ഉപയോഗിച്ചുവരുന്നത്. കൊയ്ത് കഴിഞ്ഞപാടങ്ങളിൽ ഉണക്കില വിതറുക പതിവാണ്. ഇന്ന് ആധുനിക വളങ്ങളും ജൈവവളത്തോടൊപ്പം ഉപയോഗിച്ചുവരുന്നു.

അത്യുൽപാദനശേഷിയുള്ള വിത്തുകൾക്ക് ചില കർഷകർ പ്രാധാന്യം നൽകിവരുന്നുണ്ട്. പണ്ടുകാലത്ത് കീടബാധ നിയന്ത്രിക്കുന്നതിന് ജൈവീയ കീടനിയന്ത്രണരീതിയാണ് സ്വീകരിച്ചിരുന്നത്. കൂടാതെ മുറം, കായാമ്പ്, ചര, ഇവ ഉപമയാഗിച്ച് വീശി കീടങ്ങളെ അകറ്റുകയായിരുന്നു പതിവ്. ഇന്നാകട്ടെ ആധുനിക കീടനാശിനികൾ ഉപയോഗത്തിലുണ്ട്. തീരെ കീടനാശിനികൾ ഉപയോഗിക്കാത്ത കർഷകരും ഈ പഞ്ചായത്തിലുണ്ട്. രണ്ടാം വിളക്കാണ് കീടരോഗങ്ങൾ അധികമായി കണ്ടുവരുന്നത്. മുഖ്യവിളകളായ നെല്ലിൻെറയും, തെങ്ങിൻെറയും ഉൽപാദനക്ഷമത കുറഞ്ഞുവരികയാണ്. ജലസേചന സൗകര്യത്തിൻെറ അപര്യാപ്തത, മണ്ണിൻെറ ഫലപുഷ്ടിയില്ലായ്മ, വളപ്രയോഗക്കുറവ്, നല്ല വിത്തിനങ്ങൾ ലഭ്യമില്ലായ്മ, തൊഴിലാളികളെ ആവശ്യാനുസരണം കൃത്യസമയത്ത് ലഭ്യമില്ലാതിരിക്കൽ ഇവകൊണ്ട് കാർഷിക വിളകളുടെ ഉൽപാദനക്ഷമത കുറഞ്ഞുവരാൻ കാരണമായി. നെല്ലിൻെറ ഏക്കറിലെ ശരാശരി ഉൽപാദനക്ഷമത 1100 കി.ഗ്രാം ആണ്. തെങ്ങിൻെറ ഉൽപാദനക്ഷമത 50 എണ്ണവും ആണ്. തെങ്ങുകൾ തമ്മിലുള്ള അകലം കുറച്ചുവെക്കുന്നതും അതിന് സംരക്ഷണത്തിൻെറ പേരിൽ വരമ്പോട് തൊട്ടുവെക്കുന്നതും തെങ്ങുകളുടെ ഉൽപാദനക്ഷമത കുറക്കുന്നതിന് കാരണമായിത്തീരുന്നു.

ഭൂരിഭാഗം കൃഷിക്കാരുടേയും കാർഷികവരുമാനം വളരെ തുച്ഛമാണ്. വരുമാനത്തിൻെറ 50 ശതമാനം കൃഷിയിൽനിന്ന് ലഭിക്കുന്നവർ നാലിലൊന്ന് വരും. മുഖ്യവരുമാനമാർഗ്ഗമല്ലാത്തതിനാൽ കൃഷി വികസിപ്പിക്കുന്നതിന് കർഷകർക്ക് താൽപര്യം കാണുന്നില്ല. സമൂഹത്തിൻെറ ഒരു ഭാഗം ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്നതിനാൽ നേരിട്ട് കൃഷി കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുന്നില്ല. പുതിയ തലമുറയാകട്ടെ

ഗൾഫ് സ്വപ്നത്തിന് അടിമപ്പെട്ട് കാർഷികവൃത്തിയോട് മുഖം തിരിഞ്ഞ് നിൽക്കുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ അശാസ്ത്രീയത കാർഷികവൃത്തിയോട് താൽപര്യമില്ലായ്മ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. തൊഴിലില്ലാത്ത യുവതികൾ കൂട്ടത്തോടെ തുന്നൽ, ഖാദി തുടങ്ങിയ മേഖലകളിലേക്ക് ചേക്കേറുന്നു. കുറഞ്ഞകൂലിമാത്രം ലഭ്യമായിരുന്നിട്ടും ഈ രംഗത്തുള്ള തൊഴിലാളികൾ ഏറെ തൊഴിൽ സാധ്യതയുള്ള കാർഷികവൃത്തിയിലേക്ക് കടന്ന്ചെല്ലുന്നില്ല. കാർഷികരംഗത്ത് തൊഴിലിലേർപ്പെട്ടിരിക്കുന്നവർ തന്നെ സ്ഥിരമായി തൊഴിൽലഭിക്കുന്നില്ല എന്ന പരാതി ഉയർത്തുന്നുണ്ട്. ചില പ്രത്യേകസമയത്ത് കൂടുതൽ അധ്വാനശേഷി ആവശ്യപ്പെടുന്നതാണല്ലോ കാർഷികവൃത്തിയുടെ പ്രത്യേകത. അതിനാൽ മറ്റ് സമയങ്ങളിൽ കൂടുതൽ വരുമാനം കിട്ടുന്ന കെട്ടിടനിർമ്മാണ രംഗത്തേക്കും, കരിങ്കൽ, ചെങ്കൽ ക്വാറികളിലേക്കും വഴിമാറി നടന്നുപോകുന്ന തൊഴിലാളികൾ പലപ്പോഴും കൃഷിയിടങ്ങളിലേക്ക് തിരിച്ചുവരാൻ കൂട്ടാക്കുന്നില്ല. പുതിയവരാകട്ടെ ഈ രംഗത്തേക്ക് എത്തിനോക്കുന്നുമില്ല. ഈയൊരു പ്രതിസന്ധിയെ തരണം ചെയ്യാനാകാതെ കൃഷിഭൂമി സ്വന്തമായുള്ള കർഷകർ നട്ടംതിരിയുന്ന അവസ്ഥ വർത്തമാനകാലത്ത് സജീവമായുണ്ട്. തൊഴിൽ സുരക്ഷിതത്വവും, സാമൂഹ്യമാന്യതയും നൽകി മാത്രമെ കാർഷികരംഗത്തെ തൊഴിൽ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കഴിയൂ. ഇന്ന് കർഷക തൊഴിലാളി സ്ത്രീകൾക്ക് ഉച്ചപ്പണിക്ക് 25/30 രൂപയും പുരുഷന്മാർക്ക് 55 രൂപയുമാണ് നൽകിവരുന്നത്. യന്ത്രങ്ങൾ കാർഷിക മേഖലകളിൽ ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടായാൽ ഒരു ഘട്ടംവരെ കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും.

നിലവിൽ കൃഷിഭവന്റെ പ്രവർത്തനത്തിൽ കർഷകർ പൂർണ്ണമായും സംതൃപ്തരല്ല. കൃഷിഭവൻ മുഖാന്തിരം നൽകുന്ന നടീൽ വസ്തുക്കൾ ചില പ്രദേശങ്ങളിൽ അനുയോജ്യമല്ലാത്തതിനാലും, കാലംതെറ്റി നൽകുന്നതിനാലും കർഷകർക്ക് ഇതിൽ താൽപര്യമുണ്ടാകുന്നില്ല. സബ്സിഡി നിരക്കിലും സൗജന്യനിരക്കിലും കിട്ടുന്ന സഹായങ്ങൾ കർഷകർ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല എന്ന് മാത്രമല്ല ചിലർ ദുരുപയോഗപ്പെടുത്തുന്നതായും കണ്ടുവരുന്നു. മണ്ണ് പരിശോധന യഥാസമയത്ത് നടത്തുകയും അതിന്റെ റിപ്പോർട്ട് കൃഷിക്കാരിലെത്തിക്കുകയും വേണം. ഇടക്കിടെ നൂതന കൃഷിസംമ്പ്രദായങ്ങളെക്കുറിച്ച് കർഷകരിൽ ബോധവൽക്കരണം നടത്തണം. സ്വകാര്യഏജൻസികളുടെ നിർദ്ദേശപ്രകാരം നടത്തുന്ന അശാസ്ത്രീയമായ ചികിൽസാരീതികൾ കർശനമായും നിയന്ത്രിക്കപ്പെടണം.

പഞ്ചായത്തിൽ കുരുമുളകിന് ദ്രുതവാട്ടം പ്രധാനമായും കണ്ടുവരുന്നു. തെങ്ങിന് ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ, കൊമ്പൻചെല്ലിയുടെ ആക്രമണം, എലിശല്യം തുടങ്ങിയവ തെങ്ങിന്റെ വളർച്ചയെ കാര്യമായി തടയുന്നുണ്ട്. കവുങ്ങിന് കൂമ്പടപ്പ്, മഹാളി തുടങ്ങിയ രോഗങ്ങളാണ് കണ്ടുവരുന്നത്. ഇവക്ക് കൃഷിഭവൻ മുഖാന്തിരം നൽകിവരുന്ന പ്രതിരോധ മരുന്നുകൾ പൂർണ്ണമായും ഫലപ്രാപ്തിയുള്ളവയല്ല. ജലസേചനത്തിനാവശ്യമായ പമ്പ്സെറ്റ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവയുടെ വിതരണത്തിൽ കൃഷിഭവൻ കാര്യമായ ശ്രദ്ധചെലുത്തണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മണ്ണൊലിപ്പ് തടയാനുള്ള നടപടിക്രമങ്ങൾ കൃഷിഭവന്റെ മുൻകൈയോടെ ഉണ്ടാവണം. നശിച്ച്പോകുന്ന വിളകൾക്ക് മതിയായ നഷ്ടപരിഹാരതുക ഒന്നിച്ച് ലഭ്യമാക്കണം.

ജലവിഭവങ്ങൾ:-

മഴയെ ആശ്രയിച്ചുള്ള കാർഷികവ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 3000 മി.മി. മഴലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂലായ്, ആഗസ്ത് മാസങ്ങളലാണ്. ഏതാനും ദിവസങ്ങൾ മാത്രമെ കാലവർഷം ഇടതടവില്ലാതെ ലഭിക്കുന്നുള്ളു. പഴയകാലത്തെപോലെ ഇടവപ്പാതി ഇപ്പോൾ തിമിർത്ത് പെയ്യാറില്ല. മഴ പെയ്ത് തീരുന്നതോടെ ഭൂരിഭാഗം ജലവും തോടുകളിലൂടെ പുഴയിലും, കടലിലും എത്തിച്ചേരുന്നു. വെള്ളം കെട്ടിനിൽക്കുന്ന ചുരുക്കം സ്ഥലങ്ങളിൽ നീർക്കെട്ട് അനുഭവപ്പെടുകയും ചെയ്യുന്നു. വയലുകളിൽ നികത്തി കോൺക്രീറ്റുകൾ ഉയർന്നതോടെ മഴവെള്ളം എന്ത് ചെയ്യണമെന്നറിയാതെ ജനത അമ്പരന്നുനിൽക്കുന്നു. തലങ്ങും, വിലങ്ങും വന്ന റോഡുകൾ മഴവെള്ളത്തെ തടയുകയും വയലുകളിൽ കൃഷി നാശത്തിന് ഇടയാക്കുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ ഉപ്പുവെള്ളം തടയുന്നതിന് റോഡുകൾ കാരണമായിട്ടുണ്ട്.

ഒന്നാംവാർഡിലെ നാണിക്കതാഴെ തോട്, ചെമ്മാനം കൈതോട്, രണ്ടാംവാർഡിലെ പള്ളിക്കതോട്, കല്ല്യായിതോട്, പെരിയോട്തോട്, മൂന്നാംവാർഡിലെ കോട്ടത്തുംതാഴെതോട്, കൊച്ചാളതോട്, നാലാംവാർഡിലെ വൈക്കെതോട്, അഞ്ചാംവാർഡിലെ പെരിങ്ങതോട്, മണ്ണില്ലംതോട്, ആറാം വാർഡിലെ കുണ്ടുങ്ങതോട്, പരപ്പതോട്, മന്ദാംതോട്, ഏഴാംവാർഡിലെ മണിയൻതോട്, ഓട്ടോൻചാൽ, വട്ടപ്പറമ്പൻചാൽ, നരിമടച്ചാൽ, അപ്പരത്തംചാൽ, കല്ലിങ്ങച്ചാൽ, നിലേരച്ചാൽതോട്, എട്ടാംവാർഡിലെ ചെന്നക്കീതോട്, പുഞ്ചാക്കീതോട്, കരമുട്ടംതോട്, നീലിത്തോട്, ഒമ്പതാംവാർഡിൽ കുഞ്ഞിതോട്, ഓലക്കാൽതോട്, മുതിയാമ്പറം തോട്, ഓലക്കാൽ വലിയ

കടപ്പുറംതോട്, ഉറവുചാൽതോട്, ഉമ്മാച്ചൂന്റെ മൂലക്കെതലക്കൽ തോട്, പത്താംവാർഡിൽ കിടാരംതോട്, അറയ്ക്കാൽ തോട് എന്നിവയാണ് രാമന്തളി പഞ്ചായത്തിലെ പ്രധാനതോടുകൾ. ഉമ്മാച്ചൂന്റെ മൂലക്കെ തോട്, തലക്കാൽ തോട്, കിടാരംതോട്, അറക്കാൽതോട് എന്നിവ കടലിലും മറ്റുള്ളവ പുഴയിലും വന്നുചേരുന്നു.

തളീക്കുളം, പണ്ടാരവളപ്പിൽകുളം, കൊട്ടക്കുളം, അടുക്കൊളം, പാറക്കെക്കുളം, മൂകാംബികകുളം, നീലേരക്കുളം, കരീലെക്കുളം, പരപ്പക്കുളം, കരമുട്ടം പള്ളിക്കുളം, പാലക്കോട് പള്ളിക്കുളം തുടങ്ങി ചെറുതും വലുതുമായ നൂറോളം കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിൽ മിക്ക കുളങ്ങളും വേനൽക്കാലങ്ങളിൽ വറ്റുന്നവയാണ്. ഈ കുളങ്ങളൊന്നും പ്രധാനമായും ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. ഏകദേശം 200 ച.മീ. ഓളം വിസ്തീർണ്ണമുള്ള തളീക്കുളമാണ് ഏറ്റവും വലുത്.

തീരസമതലങ്ങളിലെ പൂഴിപ്രദേശങ്ങളിൽ ജലലഭ്യത 5 മീറ്ററിനുള്ളിലും ചരൽപ്രദേശങ്ങളിൽ 15 മീറ്ററിലും ആണ്. ചരിവ് പ്രദേശങ്ങളിൽ ജലലഭ്യത 25 മീറ്ററിനുള്ളിലാണ്. ഇങ്ങിനെയൊക്കെയാണെങ്കിലും ചില പ്രദേശങ്ങളിൽ ഈ കണക്കുകൾക്ക് വിരുദ്ധമായി ജലലഭ്യതക്ക് ഏറ്റക്കുറച്ചിലുകൾ കാണാനുണ്ട്.

ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഓണപ്പറമ്പ്, നരിമട, ഏഴിമല ടോപ്, പരുത്തിക്കാട്, ചൊറിച്ചൽ, കക്കമ്പാറ, ഏട്ടിക്കുളംപാറ, മൊട്ടക്കുന്ന്, ചിറ്റടി എന്നിവ. പൊതുവെ പറഞ്ഞാൽ ഈ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളും വേനൽക്കാലങ്ങളിൽ കടുത്ത വരൾച്ച നേരിടുന്നുണ്ട്. താരതമ്യേന മെച്ചപ്പെട്ട ഭൂഗർഭജലസമ്പത്തുണ്ടെന്ന് സർവ്വേകളിൽ തെളിഞ്ഞിട്ടും ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും മറ്റ് പലേയിടത്തുമെന്നപോലെ ഇവിടേയും നടന്നിട്ടില്ല.

ഗ്രാമസഭാ ആവശ്യങ്ങൾ:-

കല്ല്യായി വയലിലെ കെട്ടിനിൽക്കുന്നവെള്ളം ഒഴുകിപോകുവാനാവശ്യമായ തോട് ആഴംകൂട്ടി പുനർനിർമ്മിക്കണം.

പ്രായം കൂടിയതുകൊണ്ട് ഉൽപാദനംകുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം വെച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തികസഹായം ഉണ്ടാവണം.

രോഗം ബാധിച്ച് ഉൽപാദനം നഷ്ടപ്പെട്ട തെങ്ങുകളും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾക്കും ഈ സഹായം ലഭ്യമാക്കണം.

ഹാജിറോഡിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ വെള്ളം വാർന്നുപോകാൻ റോഡിൽ കൾവർട്ട് നിർമ്മിക്കണം.

രണ്ടാംവാർഡിലെ സ്വകാര്യവ്യക്തിയുടെ പൊട്ടൻകുളം എന്ന കുളം ആഴംകൂട്ടിയാൽ ധാരാളം കർഷകർക്ക് ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്.

മൂന്നാംവാർഡിലെ പരാംതോടുമുതൽ കല്ല്യായിവരെയും ചണ്ഡാലക്കോട്മുതൽ കക്കളംവരെയും തോടു കീറി കൃഷിസ്ഥലത്തുനിന്ന് വെള്ളം ഒഴിഞ്ഞുപോകുവാൻ സൗകര്യമുണ്ടാക്കണം. ജലസേചനത്തിനായി കോഴിക്കുളത്ത് ഒരു കുളം ഉണ്ടാക്കണം.

നാലാംവാർഡിൽപെട്ട മൗവ്വനാൽകുണ്ടിൽ ഒരു കുളം നിർമ്മിക്കണം. അഞ്ചാംവാർഡിലെ പെരിങ്ങവയൽ കുളം, പാർക്കെുകുളം (അതിയടത്ത്വയൽ) പുതുക്കി പണിതാൽ ഇവ കൃഷിചെയ്യുന്ന സ്ഥലങ്ങളിലെ വിള മൂന്നുവിളയാക്കുവാനും പച്ചക്കറി കൃഷി വ്യാപകമാക്കാനും ഉപകരിക്കും. പെരിങ്ങവയലിൽ കയറുന്ന ഉപ്പുവെള്ളം തടയാൻ തോട്ടിൽ പലക ഇടണം. പരപ്പതോട്, കുറുംകടവ്തോട്, കുണ്ടുങ്ങൽതാഴ എന്ന സ്ഥലത്ത് ചിർപ്പ്കെട്ടി ഉപ്പുവെള്ളം തടയണം.

പരപ്പ കയ്പാട്, കാവേരിക്കുളതോടിന് പുതുതായി ബണ്ടുനിർമ്മിച്ച് ഉപ്പുവെള്ളം തടയണം. ആറാംവാർഡിൽ കുണ്ടുങ്ങൽ താഴെ കുളം കുഴിച്ചാൽ ജലസേചനം നടത്താൻ കഴിയും. പ്രസ്തുതസ്ഥലത്ത് സർക്കർ ഉടമയിലുള്ള സ്ഥലം വെറുതെ കിടക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പരപ്പക്കുളം വികസിപ്പിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം.

7-ാം വാർഡിൽ മൂകാംബിക താഴെയും മിത്തലെ ഇല്ലത്തിൻതാഴെയും ഒരു പൊതുകുളം നിർമ്മിച്ചാൽ ധാരാളം കൃഷിസ്ഥലത്ത് ജലസേചനം ഉറപ്പുവരുത്താം.

പടപ്പ താഴെയുള്ള നീർക്കെട്ട് ഒഴിവാക്കാൻ മന്ദാൻതോടിലേക്ക് ഒരു കൈത്തോട് നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

മൂകാംബികതാഴെയുള്ള നീർക്കെട്ട് ഒഴിവാക്കുവാൻ പുതിയ കൈത്തോട് കുണ്ടുങ്ങത്താഴെക്ക് നിർമ്മിക്കേണ്ടതാണ്.

8-ാം വാർഡിലെ നീലേരിക്കുളം, പുതിയകുളം, കരിയിലകുളം ഇവ ആഴംകൂട്ടിയാൽ ജലസേചനസൗകര്യം വർധിപ്പിക്കാം. പുഴയിൽകൂടി യന്ത്രവൽകൃതബോട്ടുകളും, തോണികളും പോകുമ്പോഴുണ്ടാകുന്ന കരയിടിച്ചൽ തടയുവാൻ ഭിത്തികെട്ടാനുള്ള സൗകര്യം ഉണ്ടാക്കണം.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തരിശുനിലങ്ങളിൽ കൃഷി ചെയ്യുവാനുള്ള സൗകര്യംവേണം.

സ്വകാര്യവ്യക്തികൾ തരിശായിടുന്ന സ്ഥലം സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം.

9-ാം വാർഡിൽ ഓലക്കാൽ തോടിന് സംഭരണി കെട്ടണം. ഓലക്കാൽ കിണറും ടാങ്കും ജലസേചനത്തിന് ഉപയുക്തമാക്കുവാൻ ആഴംകൂട്ടി പുനർനിർമ്മിക്കണം.

കടലോരത്തും തൊട്ടുള്ള പുഴയോരത്തും ഭിത്തിനിർമ്മിക്കണം 10-ാം വാർഡിലെ പുതിയ ഭഗവതി ക്ഷേത്രത്തിനുതാഴെ ഒരു കുളംകുഴിച്ചാൽ സമീപത്തുള്ള തെങ്ങ് നനയ്ക്കുവാൻ ആവശ്യമായ ജലം ലഭിക്കും.

വർഷകാലത്ത് തേങ്ങ ഉണക്കി കൊപ്രയാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

പച്ചക്കറികൃഷി:-

രാമന്തളി പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങളും ചില വയലുകളിൽ കൂട്ടായ്മയോടെ പച്ചക്കറി തോട്ടങ്ങളും ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ തയ്യാറായാൽ ഉടൻതന്നെ ഇത് നടപ്പിലാക്കൻ സാധിക്കും.

വാഴകൃഷി:-

നേന്ത്രവാഴ, മറ്റുവാഴ എന്നിവയുടെ കൃഷിക്ക് അനുയോജ്യമായ മണ്ണാണ് നമ്മുടേത്. പ്രസ്തുതകൃഷിക്കാവശ്യമായ വാഴകന്നുകളും വളങ്ങളും ലഭ്യമാക്കിയാൽ വ്യാപകമായ തോതിൽ വാഴകൃഷി നടത്താൻ കഴിയും.

ഒട്ടുമാവ്:-

എല്ലാ വീട്ടുപറമ്പുകളിലും വ്യാപകമായ രീതിയിൽ ഒട്ടുമാവുകൾ വച്ചുപിടിപ്പിക്കാൻ സാധിക്കും. നാടൻമാവുകൾ നാടുനീങ്ങിയതിനുശേഷം രാമന്തളിയിൽ മാങ്ങ ഉൽപാദനം വളരെ കുറവാണ്.

ഔഷധതോട്ടം:-

അപൂർവ്വമായ ഔഷധസസ്യങ്ങൾ ലഭിക്കുന്നതിനാൽ സഹകരണാടിസ്ഥാനത്തിലോ മറ്റോ ഔഷധതോട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

കാർഷിക നഴ്സറി:-

നല്ലയിനം നടീൽ വസ്തുക്കൾ തക്കസമയത്ത് ലഭ്യമല്ലാത്തതിനാൽ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സഹകരണ അടിസ്ഥാനത്തിലോ സ്വകാര്യ ഉടമസ്ഥതയിലോ കാർഷിക നഴ്സറി ആരംഭിക്കണം.

ഇടവിളകൃഷി:-

ഓരോവീട്ടുപറമ്പിലും ഇടവിളകൃഷി നടത്താൻ സാധിക്കേണ്ടതുണ്ട്. ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, കാരറ്റ് തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകണം.

കപ്പകൃഷി:-

ഒരു കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ സർവ്വസാധാരണമായിരുന്ന കപ്പകൃഷി ഇന്ന് നാമമാത്രമാണ്. ശ്രദ്ധാപൂർവ്വം കൃഷിചെയ്താൽ കൂടുതൽ സ്ഥലത്ത് മെച്ചപ്പെട്ട രീതിയിൽ കപ്പകൃഷിചെയ്യാൻ സാധിക്കും.

കൂൺകൃഷി:-

ശാസ്ത്രീയമായി പരിശീലനവും വിത്തും ലഭ്യമാക്കിയാൽ എത്രയോ കുടുംബങ്ങൾ ഈ കൃഷിചെയ്യുവാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

പുഷ്പകൃഷി:-

ഓർക്കിഡും, ആന്തൂറിയവും നല്ല ജാതി തൈകൾ ലഭ്യമായാൽ വീടുകളിൽ കൃഷിചെയ്യുവാൻ വീട്ടമ്മമാർ മുന്നോട്ടുവന്നിട്ടുണ്ട്.

കശുമാവ്:-

അത്യുൽപാദനശേഷിയുള്ള കശുമാവിൻ തൈകൾ കൂടുതൽ ലഭിച്ചാൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് വെച്ചുപിടിപ്പിക്കുവാൻ ആളുകൾ മുന്നോട്ടുവന്നിട്ടുണ്ട്.

വിപണനം:-

കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി സഹകരണ മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ടാവണം. ആഴ്ചചന്തകൾ ഉണ്ടായാൽ പച്ചക്കറിയുടെ വിപണന സാധ്യത വർദ്ധിക്കും.

മൽസ്യാവശിഷ്ടങ്ങളും, പച്ചില, ചാണകം തുടങ്ങിയവയും ഉപയോഗിച്ച് മിശ്രിത ജൈവവളങ്ങൾ നിർമ്മിക്കാൻ സൗകര്യമുണ്ട്.

തെങ്ങിൻതോപ്പുകളിൽ ചാലുകീറി തൊണ്ടെടുക്കുന്ന സമ്പ്രദായം സ്വീകരിച്ചാൽ മണ്ണിന്റെ ഈർപ്പം നിലനിർത്താനും തെങ്ങിന്റെ വിളവ് വർധിപ്പിക്കാനും സാധിക്കും.

കാർഷികമേഖലയിൽ പുതിയൊരുണർവ്വ് വർത്തമാന കാലത്ത് രൂപപ്പെട്ടുവരുന്നത് കാണാവുന്നതാണ്.. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളിലും സാധ്യതകളിലും കാർഷികരംഗത്ത് ആസന്നമായിരിക്കുന്ന ശോചനീയാവസ്ഥ ദൃശ്യമായതാണ്. അതോടൊപ്പം സമൂഹത്തിന്റെ കാർഷിക മേഖലയോടുള്ള സമീപനത്തിൽ കാര്യമായ മാറ്റത്തിന് ആരംഭം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിലൂടെ കാർഷികരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുകയും പുതിയൊരു അവബോധം ജനങ്ങളിൽ രൂഢമൂലമാവുകയും ചെയ്താൽ സമീപഭാവിയിൽ ഈ പഞ്ചായത്തിന് കാർഷികോൽപാദനത്തിൽ വമ്പിച്ച പുരോഗതി കൈവരിക്കാനാവുമെന്നതിൽ തർക്കമില്ല. ●

മൃഗസംരക്ഷണം

കാർഷിക ഗ്രാമമായിരുന്ന രാമന്തളിയിൽ കൃഷിയുടെ ഭാഗമായി കന്നുകാലി വളർത്തൽ ഉണ്ടായിരുന്നു. ഉഴവുമാടുകളെന്ന നിലയിലും പാലുല്പാദിപ്പിക്കുന്നതിനും വേണ്ടി മാത്രമല്ല. കൃഷിക്കാവശ്യ ജൈവവളങ്ങൾ നിർമ്മിക്കുന്നതിന്നും കന്നുകാലികൾ നിർണ്ണായക പങ്കുവഹിച്ചിരുന്നു. മുൻകാലങ്ങളിൽ കന്നുകാലികളെ ഭൂരിഭാഗം സമയവും ഇളക്കി മേയ്ച്ചാണ് വളർത്തിയിരുന്നത്. കുന്നിൻപ്രദേശങ്ങൾ, പറമ്പുകൾ, കൈപ്പാട്, കൊയ്തുതീർന്ന വയലുകൾ എന്നിവയാണ് ഇതിന്നുപയോഗിച്ചിരുന്നത്. താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും നാണ്യവിളകളുടെ കടന്നുകയറ്റത്തിലും വയലുകളിലും, കുന്നിൻപ്രദേശങ്ങളിലുമൊക്കെ കന്നു കാലികളെ ഇളക്കി മേയ്ക്കുന്നതിന്ന് നിയന്ത്രണം വരികയുണ്ടായി. തുടർന്ന് കന്നുകാലികളെ വീട്ടുപറമ്പിൽ കെട്ടിയിട്ട് കാലിത്തീറ്റകൾ നൽകി വളർത്തുന്നതിന്ന് കർഷകർ നിർബന്ധിതരായി.

പശു, എരുമ, കാള, ആട് എന്നിവയാണ് മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ വളർത്തിയിരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ കോഴിയായിരുന്നു പ്രധാനം. നാമമാത്രമായി താറാവുകളെയും വളർത്തിയിരുന്നു.

പഴയ കാലത്ത് കന്നുകാലികളെയും, കോഴികളെയും "പോറ്റാൻ" കൊടുക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഇതുപ്രകാരം കന്നുകാലികൾ കൂടുതലുള്ള കർഷകരിൽ നിന്ന് അവയെ വളർത്താൻ താല്പര്യമുള്ളവർ ഒരു കന്നുകുട്ടിയെ വില നൽകാതെ വാങ്ങുന്നു. അയാൾ അതിനെ വളർത്തി ആദ്യപ്രസവത്തിലുണ്ടാവുന്ന കിടാവിനെ വളർത്തുകാരനും രണ്ടാംപ്രസവത്തോടുകൂടി പശുവിനെയും കിടാവിനെയും ഉടമസ്ഥനും തിരിച്ചു നൽകുന്നു.

മുൻകാലങ്ങളിലുണ്ടായിരുന്ന വളർത്തുമൃഗങ്ങളെല്ലാം തന്നെ നാടൻ ഇനങ്ങളായിരുന്നു. പണ്ടുണ്ടായിരുന്ന വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ നിന്നും ഗണ്യമായ കുറവു സംഭവിച്ചിട്ടുണ്ട്. ഇപ്പോഴുള്ളവയിൽ പകുതിയിലധികവും സങ്കരയിനങ്ങളാണ്. എരുമ, കാള തുടങ്ങിയ മൃഗങ്ങൾ ഏതാനും വീടുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

നിലവിൽ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് കാലിത്തീറ്റയുടെ ലഭ്യതക്കുറവും അതിന്റെ വിലവർദ്ധനവും. ഇതുപരിഹരിക്കുന്നതിന്നായി സ്വന്തം വീട്ടുപറമ്പിലും തരിശായിടുന്ന മറ്റുസ്ഥലങ്ങളിലും പുല്ലുകൃഷി ചെയ്യുന്നതിലും പ്രാദേശികമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാലിത്തീറ്റകൾ ഉണ്ടാക്കുന്നതിലും കർഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മറ്റൊരു പ്രശ്നമാണ് കന്നുകാലികൾക്ക് പിടിപെടുന്ന അകിടുവീക്കം, കുളമ്പുരോഗം, കരൾരോഗം (പനി), പൂപ്പൽരോഗം (ദഹനസംബന്ധമായ), ഗോവസൂരി എന്നി രോഗങ്ങൾ. ഇതിൽ ചിലത് കർഷകരുടെ പരിപാലനത്തിലുണ്ടാകുന്ന അശ്രദ്ധമൂലം വന്നുചേരുന്നതാണ്. ഇത്തരം രോഗങ്ങൾ പിടിപെട്ടാൽതന്നെ അവ ചികിത്സിച്ച് ഭേദമാക്കുന്നതിന് ഇപ്പോഴുള്ള ഐ.സി.ഡി.പി. സബ് സെൻറർ പര്യാപ്തമല്ല. ആധുനിക സൗകര്യങ്ങളുള്ള ഒരു മൃഗാശുപത്രി നമ്മുടെ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. അത് ഉടനെ ആരംഭിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഇന്ന് കർഷകർ അനുഭവിക്കുന്ന കടുത്ത ബുദ്ധിമുട്ടിന് പരിഹാരമാവുകയുള്ളൂ.

ഇതൊക്കെയാണെങ്കിലും ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്ന് വിപണനകേന്ദ്രം ഇല്ലാത്തത് ഏറെ പ്രയാസമുണ്ടാക്കുന്നു. രാമന്തളി തെക്കുമ്പാടുള്ള ക്ഷീരവ്യവസായ സഹകരണസംഘമാകട്ടെ കൂടുതൽ കർഷകർക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഈ പോരായ്മ ഇല്ലാതാക്കാൻ നമ്മുടെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സഹകരണ സംഘങ്ങൾക്ക് രൂപംകൊടുത്ത് പാൽ സംഭരിക്കാനും അതുവഴി കർഷകന്ന് ന്യായമായ വില ലഭ്യമാക്കാനും സാധിക്കേണ്ടതുണ്ട്.

ഒരു കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും കോഴികളെ വളർത്തിയിരുന്നു. അവർക്കാവശ്യമായ മുട്ടയും മാംസവും നൽകുന്നതിൽ അവ പര്യാപ്തമായിരുന്നു. എന്നാൽ ഇന്ന് കോഴിയെ വളർത്തുന്നതിൽ പലരും തല്പരരല്ല. ഇതിന്നു പ്രധാനമായ കാരണം. കോഴിവസന്ത പോലുള്ള മാരകരോഗങ്ങളാണ്. ഇതു തടയാൻ രോഗപ്രതിരോധകുത്തിവെയ്പുകൾ നടത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിനകത്ത് ഇറച്ചിക്കോഴികളെ വളർത്തുന്ന നാല് യൂനിറ്റുകളുണ്ട്. ഈ രംഗത്ത് ഇനിയും സാധ്യത ഏറെയാണ്.

പട്ടിക-1. വളർത്തുജീവികളെ സംബന്ധിച്ച വിവരങ്ങൾ

വളർത്തുമൃഗങ്ങൾ					വളർത്തു പക്ഷികൾ	
കാള	പശു	എരുമ	ആട്	മറ്റുള്ളവ	കോഴി	താറാവ്
24	951	24	297	151	2158	56

അവലംബം : സമഗ്രസർവ്വേ

നമ്മുടെ പഞ്ചായത്തിനകത്ത് ഒരു കാലത്ത് ഏഴിമലപോലുള്ള പ്രദേശങ്ങളിൽ മാൻ, പന്നി, മുയൽ തുടങ്ങിയ മൃഗങ്ങൾ ഉണ്ടായിരുന്നു. ഇന്ന് ഇവയും നാമമാത്രമാണ്.

നമ്മുടെ പഞ്ചായത്തിലെ മിക്ക ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ചർച്ചയിൽ അത്യുത്പാദനശേഷിയുള്ള പശുക്കൾ, ആടുകൾ, പന്നി, കോഴി, മുയൽ എന്നിവയെ ലഭ്യമാവുകയും അതോടൊപ്പം അവയ്ക്കാവശ്യമായ പരിചരണസംവിധാനങ്ങൾ കിട്ടുകയും ചെയ്താൽ ഒട്ടേറെ കർഷകർ നമ്മുടെ മൃഗസമ്പത്തിന്ന് പുതിയ മാനം നൽകുന്നതിന്ന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിനകത്ത് മിക്കപ്രദേശത്തും അലഞ്ഞ്തിരിയുന്ന പട്ടികൾ വ്യാപകമായിട്ടുണ്ട്. ഇത് കന്നുകാലികൾക്കും, ജനങ്ങൾക്കും ഭിഷണിയായി നിലകൊള്ളുന്നു. ആയതിനാൽ അലഞ്ഞുതിരിയുന്നവയെ നശിപ്പിക്കാനും വീട്ടിൽ വളർത്തുന്നവയ്ക്ക് ലൈസൻസ് നിർബന്ധമാക്കാനും നടപടി സ്വീകരിക്കേണ്ടതുണ്ട്.

സൗകര്യമുള്ള സ്ഥലങ്ങളിൽ പന്നിവളർത്തൽ ആരംഭിക്കാവുന്നതാണ്.

കോഴിവളർത്തൽ എല്ലാ വീടുകളിലും നടക്കണം. സ്വന്തമായി കൂടുതൽ സ്ഥലമുള്ളവർക്ക് ആടുവളർത്തൽ യൂണിറ്റ് തുടങ്ങാവുന്നതാണ്. ●

മത്സ്യബന്ധനം

കടലും പുഴയും കൊണ്ട് ചുറ്റപ്പെട്ടതിനാൽ രാമന്തളി പഞ്ചായത്തിലെ ഒരു പ്രധാനതൊഴിൽ മേഖലയാണ് മത്സ്യബന്ധനം. ഏതാണ്ട് 5 കി.മീ. കടലും 10 കി.മീ. പുഴയും രാമന്തളിയെ വലയം ചെയ്തിരിക്കുന്നു.

ആദ്യകാലങ്ങളിൽ മത്സ്യം പിടിക്കൽ കുടുതലും സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നു. അന്ന് വലയ്ക്കുപയോഗിച്ചിരുന്നത് വലനൂല് (പരുത്തികൊണ്ട്), ചണനൂല് എന്നിവയായിരുന്നു. നൂലകൾ ബലം വരുത്താൻ പനിച്ചിങ്ങാ ചവറ് (കനിമരുതിന്റെ തോല്) തുടങ്ങിയവയുടെ നീരിൽ മുക്കിയിരുന്നു. പുഴകളിൽ കുത്തുകൂട്, വക്കല്ല്, വീവല, 'വള്ളിയും വലയും' എന്നിവ ഉപയോഗിച്ച് സ്വന്തം ആവശ്യങ്ങൾക്കും ചൂട്ട് വീശി മീൻ പിടിക്കൽ, ഏറ്ശാട്ട്, ചേങ്, വലിക്കുന്ന പല എന്നിവ ഉപയോഗിച്ച് കൂടുതൽ മത്സ്യം പിടിച്ച് വിൽപനയും നടത്തിയിരുന്നു. കടലുകളിൽ ഒഴുക്ക്വല ഉപയോഗിച്ചും, വേപ്പ് (അനേകം ചൂണ്ടകൾ കെട്ടിയ നീളമുള്ള കയർ) രീതി, കരവല ഉപയോഗിച്ചും വൻതോതിൽ മത്സ്യബന്ധനം നടത്തിയിരുന്നു. വേപ്പ് രീതി ഉപയോഗിച്ച് സ്രാവുകൾ പോലുള്ള വലിയ മത്സ്യങ്ങളെ ആഴക്കടലിൽ നിന്ന് പിടിച്ചിരുന്നു എന്നറിയുമ്പോൾ പഴമക്കാരുടെ അധ്വാനവൈഭവവും ധൈര്യവും പ്രകീർത്തിക്കപ്പെടേണ്ടതാണ്. തട്ടുംവല (കൊല്ലി) ഉപയോഗിച്ച് മത്തി, ചെമ്മീൻ, ചാമ്പാൻ, ചാള എന്നിവ വൻതോതിൽ പിടിച്ചിരുന്നു. ഈ രീതിക്ക് 2 ഓടങ്ങളും 12 ആളുകളും വേണ്ടിയിരുന്നു. തണ്ടും ചുക്കാനും ഉപയോഗിച്ച് ദീർഘദൂരം സഞ്ചരിക്കാൻ ഓട്പായയും കരുതിയിരുന്നു.

കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട 403 തൊഴിലാളികളും ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട 69 തൊഴിലാളികളും മത്സ്യവിപണനരംഗത്ത് ഏതാണ്ട് 150 തൊഴിലാളികളും പ്രവർത്തിച്ചുവരുന്നു.

നമ്മുടെ കടലിൽ നിന്ന് ജൂൺ, ജൂലായ് മാസങ്ങളിൽ ചെമ്മീൻ, മത്തി തുടർന്ന് അയലയും നവംബർ, ഡിസംബർ മാസങ്ങളിൽ വാമീൻ, അയക്കൂറ എന്നിവയും ലഭിക്കുന്നു. ആവോലി, മാന്ത, ചാമ്പാൻ തുടങ്ങിയ മത്സ്യങ്ങളും ധാരാളം ലഭിച്ചുവരുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് നടപ്പുവർഷം ധാരാളം മത്സ്യം ലഭിക്കുന്നുണ്ട്.

പുഴയിൽ നിന്ന് കരിമീൻ, മാലാൻ, ഏട്ട, ചെമ്പല്ലി, ഇരുമീൻ, തുടങ്ങിയ മത്സ്യങ്ങളാണ് പ്രധാനമായും ലഭിക്കുന്നത്. ഏറൻ പുഴ, പാലക്കോട്, കുറുങ്കടവ് എന്നീ ഭാഗത്ത് നിന്ന് ആറ്റു കക്കയും ലഭിച്ചുവരുന്നു. കക്ക പൂർണ്ണവളർച്ചയെത്തുന്നതിന് മുമ്പ് ശേഖരിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. കക്കത്തോടും

ധാരാളം ലഭിച്ചുവരുന്നതുകൊണ്ട് അത് പൂർണ്ണമായും ചൂഷണം ചെയ്യേണ്ടതുണ്ട്.

രാമന്തളിയിൽ രണ്ട് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ മത്സ്യത്തൊഴിലാളികൾക്കും പ്രയോജനകരമായിതീർന്നിട്ടില്ലെങ്കിലും പൊതുവിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ സഹകരണസംഘങ്ങൾ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

ഒരുവർഷം ഏകദേശം ഒരു കോടി രൂപയുടെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നുണ്ടെങ്കിലും ഇവ വിദൂരപ്രദേശങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ആവശ്യാനുസരണം ഇവ ലഭ്യമാക്കാൻ പഞ്ചായത്തിന്റെ തൊട്ടടുത്ത് നിലവിലുള്ള വ്യാസാസ്റ്റോറിന് കഴിയുന്നില്ല.

പാലക്കോട് കടപ്പുറത്ത് നിന്നും 46 രജിസ്ട്രേഡ് ബോട്ടുകളും 20 ഓളം ഫൈബർ തോണികളും 27 നാടൻ രജിസ്ട്രേഡ് വള്ളങ്ങളും മത്സ്യബന്ധനത്തിന് പോകുന്നുണ്ട്. വലിയ തോണികളിൽ ഒരു ഗ്രൂപ്പിൽ ഏതാണ്ട് 35-40 തൊഴിലാളികളും ചെറിയ വള്ളത്തിൽ ഏകദേശം 9 പേരും ആണ് മത്സ്യബന്ധനത്തിന് പോകുന്നത്.

കടൽഭിത്തി ഭാഗികമായി പണിതീർന്നുവെങ്കിലും അത് തകർന്നിരിക്കുകയാണ്. ഏതാണ്ട് 2 കി.മീ. കടൽതീരം ഇപ്പോഴും കടലാക്രമണ ഭീഷണിയിലാണ്. കടലാക്രമണം നാശനഷ്ടങ്ങൾക്കുപുറമെ ശുദ്ധജല ദൗർലഭ്യതയും സൃഷ്ടിച്ചിട്ടുണ്ട്.

ആധുനിക ഉപകരണങ്ങളുടെ വരവോടുകൂടി മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർന്നിട്ടുണ്ടെങ്കിലും ഇടത്തട്ടുകാർ (ദല്ലാൾ) മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്നുണ്ട്.

പ്രശ്നങ്ങൾ :

1. കടൽതീരം മുഴുവൻ കടൽഭിത്തി കെട്ടിയിട്ടില്ല.
2. മറ്റുപ്രദേശങ്ങളിൽ നിന്നും വള്ളങ്ങൾ എത്തുന്ന അഴിമുഖമായിട്ടും പാലക്കോട് അഴിമുഖത്ത് ലാൻറിംഗ് കൂടുതൽ സൗകര്യം ഇല്ല.
3. സംസ്കരണ കേന്ദ്രം ഉണ്ടെങ്കിലും ആവശ്യസാധനങ്ങൾ ഇല്ലാത്തതുമൂലം പ്രവർത്തനം നടക്കുന്നില്ല.
4. മത്സ്യബന്ധനോപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നില്ല.
5. മത്സ്യബന്ധനോപകരണങ്ങൾ സംരക്ഷിപ്പാൻ സൗകര്യങ്ങളില്ല.
6. ഔട്ട് ബോർഡ് എഞ്ചിൻവർക്ക്ഷോപ്പ് ഇല്ല.
7. ഓലക്കാൽ അഴിമുഖത്ത് സർച്ച് ലൈനില്ല. (Guid Light)
8. ലൈറ്റ് ഹൗസിന് സമീപം കപ്പൽ തകർന്ന സ്ഥലത്ത് 'ബോയ്' ഇല്ലാത്തത് അപകടം വരുത്തുന്നു.
9. ഐസ് പ്ലാൻറ് ഇല്ല
10. പൊതു മത്സ്യമാർക്കറ്റ് ഇല്ല.
11. മണ്ണെണ്ണ ഡിപ്പോ ഇല്ല. പെർമിറ്റ് പ്രകാരം അനുവദിച്ച മണ്ണെണ്ണ ലഭിക്കുന്നില്ല.
12. മത്സ്യരോഗം തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നു.
13. ശുദ്ധജല മത്സ്യകൃഷിക്ക് കൂടുതൽ സൗകര്യങ്ങൾ ഇല്ല.
14. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കൃത്യസമയത്ത് ധനസഹായം ലഭിക്കുന്നില്ല്
15. ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കാനുള്ള കാലയളവ് കുറവാണ്.
16. പെൻഷൻ കുടിശ്ശിക ഉണ്ട്.
17. പഞ്ഞമാസങ്ങളിൽ സൗജന്യറേഷൻ അനുവദിക്കണം.
18. ക്ഷേമനിധിവിഹിതം യഥാസമയം അടയ്ക്കാത്തതിനാൽ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു.
19. ഫിഷറീസ് ഓഫീസ് പഞ്ചായത്തിലില്ല.
20. തീരദേശസംരക്ഷണനിയമം പ്രശ്നമാണ്.

സാധ്യതകൾ :

1. കടൽതീരം മുഴുവനും കടൽഭിത്തി നിർമ്മിക്കുക.
2. ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ ഏതാണ്ട് 50 ഹെക്ടർ സ്ഥലം ഉണ്ട്. ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്താം.
3. മറ്റ് അഴിമുഖങ്ങളെ അപേക്ഷിച്ച് ശാന്തമായ പാലക്കോട് അഴിമുഖത്ത് ഫിഷ്ലാൻറിംഗ് സെൻറർ, ഗൈഡ് ലൈറ്റ്, ഐസ്. പ്ലാൻറ്, എഞ്ചിൻ വർക്കഷോപ്പ്, മണ്ണെണ്ണ ഡിപ്പോ, മത്സ്യബന്ധനോപകരണ വില്പന ശാല തുടങ്ങിയവയും, അഴിമുഖവുമായി ബന്ധപ്പെടാൻ ഗതാഗത സൗകര്യവും ഏർപ്പാട് ചെയ്ത് മറ്റ് പ്രദേശങ്ങൾക്കും കൂടി പ്രയോജനകരമാക്കി മാറ്റുക.
4. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ബോട്ട് ഷെഡ് പണിയുക.
5. മത്സ്യബന്ധനോപകരണങ്ങൾ സംരക്ഷിപ്പാൻ ഷെഡ്ഡുകൾ പണിയുക.
6. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
7. മത്സ്യബന്ധനകേന്ദ്രങ്ങളിലേക്ക് കൂടുതൽ ഗതാഗതസൗകര്യം ഏർപ്പെടുത്തണം.
8. മൊയിലാളി കടപ്പുറത്ത് ലാൻറിംഗ് സൗകര്യം ഏർപ്പെടുത്തുക.
9. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എല്ലാ കാലങ്ങളിലും ജോലി ലഭ്യമാക്കാൻ, ചെമ്മീൻ അച്ചാർ, മീൻ അച്ചാർ തുടങ്ങിയ മേഖലകൾ സൃഷ്ടിക്കുക.
10. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുക.
11. ലൈറ്റ് ഹൗസിന് സമീപം കപ്പൽ തകർന്നസ്ഥലത്ത് 'ബോയ്'സ്ഥാപിച്ച് അപകടങ്ങൾ ഒഴിവാക്കാം.
12. മണ്ണെണ്ണ ഡിപ്പോ അനുവദിക്കുകയും പെർമിറ്റ് നൽകി അവയ്ക്കത്രയും മണ്ണെണ്ണ ലഭ്യമാക്കുകയും ചെയ്യുക.
13. മത്സ്യസംസ്ക്കരണശാലയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.
14. കല്ലുമ്മക്കായ കൃഷിക്ക് വേണ്ട സഹായങ്ങൾ ചെയ്ത് ഉൽപാദനം കൂട്ടുക.
15. തീരദേശസംരക്ഷണ നിയമം റദ്ദ് ചെയ്യുക.
16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചപെൻഷൻ ഗ്രാൻറ് എന്നിവ യഥാസമയം നൽകുക.
17. ഫിഷറീസ് ഓഫീസ് രാമന്തളി പഞ്ചായത്തിൽ പുനഃസ്ഥാപിക്കുക.



വ്യവസായം

പഞ്ചായത്തിൽ വൻകിട വ്യവസായങ്ങളൊന്നുമില്ലെങ്കിലും ചെറുകിട-പരമ്പരാഗത വ്യവസായങ്ങളുടെ ഒരു ഭൂതകാലം രാമന്തളിക്കുണ്ടായിരുന്നു. വെളിച്ചെണ്ണ, എള്ളെണ്ണ എന്നിവയുടെ ഉല്പാദനം ചില മേഖലകളെ കേന്ദ്രീകരിച്ചു നടന്നിരുന്നു. 1950ൽ തുടങ്ങിയ ഒരു ചക്കര സൊസൈറ്റിയും 1956-57ൽ കയർ നിർമ്മാണകേന്ദ്രങ്ങളും തുടങ്ങി. നാടൻ ചർക്കയിൽ നിന്ന് നൂൽ നൂല്പും, കുമ്മായ നിർമ്മാണ യൂണിറ്റും, പായനെയ്ത്തും, ഓലമെടയൽ എന്നിവ വ്യാപകമായി ഉണ്ടായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യം മുതൽ തന്നെ കല്ല്കൊത്ത് ഒരു പ്രധാന സംഘടിത വ്യവസായമായിരുന്നു.

രാമന്തളി പഞ്ചായത്തിൽ പൊതുമേഖലാ വ്യവസായങ്ങളോ, വൻകിട വ്യവസായങ്ങളോ ഒന്നും തന്നെ ഇല്ലെങ്കിലും ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ നിലവിലുണ്ട്. വിവരങ്ങൾ പട്ടിക 1-ൽ

പട്ടിക-1

ക്രമനമ്പർ	യൂണിറ്റ്	എണ്ണം
1)	സ്റ്റോൺ ക്രഷർ	1
2)	വെളിച്ചെണ്ണ മില്ലുകൾ	4
3)	നെല്ല് കുത്ത് മില്ലുകൾ	9
4)	ഗ്രിൽസ്	4
5)	കയർ	2
6)	ജില്ലി	1(വനിത)
7)	അച്ചുനിർമ്മാണം	1
8)	ഫർണ്ണിച്ചർ	8
9)	ഖാദി	2
10)	ക്ഷീരോല്പന്ന യൂണിറ്റ്	1
11)	മീനെണ്ണ	1 (പ്രവർത്തിക്കുന്നില്ല)
12)	തയ്യൽ കേന്ദ്രം	4
13)	ബേക്കറി	3

പച്ചതേങ്ങയിൽ നിന്ന് ഉല്പന്നങ്ങളുണ്ടാക്കുന്ന ഒരു യൂണിറ്റ് വടക്കുമ്പാട് പ്രവർത്തിച്ചുവന്നിരുന്നുവെങ്കിലും വിപണനപ്രശ്നം യൂനിറ്റിനെ നിശ്ചലമാക്കി. മീനെണ്ണ നിർമ്മാണ കേന്ദ്രം പാലക്കോട് ഉണ്ടെങ്കിലും അസംസ്കൃത വസ്തുവായ മത്തി കൃത്യമായി ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 2 കയർ നിർമ്മാണ കേന്ദ്രത്തിലും തൊഴിലാളികൾ പഞ്ചായത്തിനു പുറമെ നിന്ന് കൂടിയേറിപ്പാർത്തവരാണ്. ഇവ കൂടാതെയുള്ള പഞ്ചായത്തിലെ മറ്റ് കയർ നിർമാണ യൂണിറ്റുകളൊന്നും പ്രവർത്തനനിരതമല്ല. പുഴയോരങ്ങളെ കേന്ദ്രീകരിച്ച് വ്യാപകമായി പ്രവർത്തിച്ചിരുന്ന കുമ്മായ നിർമ്മാണകേന്ദ്രങ്ങളെല്ലാം ഇന്ന് നിശ്ചലാവസ്ഥയിലാണ്. കാർഷികരംഗത്ത് മാത്രം ഉപയോഗിക്കുന്ന ഒരു വസ്തുവായി കുമ്മായം മാറിയതോടുകൂടി വിപണനത്തിന്റെ സാദ്ധ്യതകൾതന്നെ ഇല്ലാതായി.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

1) പായനെയ്ത്ത് :- പാലക്കോട്, വടക്കുമ്പാട്, പേരവയൽ എന്നീ പ്രദേശങ്ങളിലായി 60 ഓളം സ്ത്രീകൾ പായനെയ്ത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പായ നെയ്ത്തിനാവശ്യമായ കൈത ലഭ്യമല്ലാതിരിക്കുന്നതും ഗുണനിലവാരം കുറഞ്ഞ പായ വിപണിയിൽ വിലകുറച്ച് മത്സരത്തിനെത്തുന്നതും ഈ രംഗത്ത് പരമ്പരാഗത തൊഴിലാളികൾക്ക് പിടിച്ചു നില്ക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കിയിട്ടുണ്ട്.

2) അമ്മികൊത്ത് :- കുന്നരുവിലെ നീലേരച്ചാൽ പ്രദേശത്ത് കൃഷ്ണശിലയിൽ അമ്മികൊത്തും, മറ്റ് ശില്പങ്ങൾ നിർമ്മിക്കുന്നവരുമായി 32 തൊഴിലാളികളുണ്ട്. മെച്ചപ്പെട്ട വരുമാനമുണ്ടെങ്കിലും, അനുസൃതമായി ജീവിത നിലവാരം ഉയർന്നതായി കാണുന്നില്ല.

3) ഓലമെടയൽ :- ഏട്ടിക്കുളം, വലിയകടപ്പുറം, കുറുംകടവ്, കൊവ്വപ്രം, വടക്കുമ്പാട്, പാലക്കാട് എന്നിവിടങ്ങളിലായി 125 ഓളം തൊഴിലാളികൾ ഓലമെടയലിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ സ്ത്രീകളാണ് കൂടുതലുള്ളത്.

4) ബീഡി നിർമ്മാണം :- പഞ്ചായത്തിലെ കുന്നരു, വടക്കുമ്പാട്ട് പ്രദേശങ്ങളിലായി 20 ഓളം തൊഴിലാളികൾ വീടുകളിൽവെച്ച് ബീഡി തെറുക്കുന്നുണ്ട്. ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ കടന്നുവരാൻ തയ്യാറുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കുന്നു.

5) കള്ള് ചെത്ത് :- ചാരായ നിരോധനത്തോടെ ഏറെ പ്രസക്തിയുള്ള ഈ മേഖലയിൽ 30 തൊഴിലാളികൾ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. തെങ്ങുകൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ സാദ്ധ്യതക്കനുസരിച്ച് ഈ രംഗത്ത് മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

വ്യവസായരംഗത്ത് സഹകരണമേഖലയുടെ സ്വാധീനമുണ്ട്. പഞ്ചായത്തിൽ ഒരു പാൽഉല്പന്ന കേന്ദ്രവും, പാൽസംഭരണവും വിതരണവും നടത്തുന്ന സംഘവും, റെഡിമെഡ് വസ്ത്രനിർമ്മാണ യൂണിറ്റും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട് സ്ഥാപനങ്ങളിലും തൊഴിലാളികൾ സ്ത്രീകളാണ്.

ആഭരണ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന 13 സ്ഥാപനങ്ങളിലായി 23 തൊഴിലാളികൾ ജോലി ചെയ്യുന്നു.

പണി ആയുധങ്ങൾ നിർമ്മിക്കുകയും (സ്മിത്തി) കേട് വരുമ്പോൾ അവ നന്നാക്കികൊടുക്കുകയും ചെയ്യുന്ന 8 കേന്ദ്രങ്ങൾ രാമന്തളിയിലുണ്ട്. പഴയ തലമുറയിൽപെട്ടവർ മാത്രമേ ഇന്ന് ഈ രംഗത്തുള്ളു. പുതിയ തലമുറയിൽപെട്ട ആളുകളാകട്ടെ വലിയ വലിയ വർക്കുഷോപ്പുകളിലേക്കാണ് ആകർഷിക്കപ്പെടുന്നത്. അവിടങ്ങളിലെ ഭേദപ്പെട്ട യന്ത്രങ്ങളിലൂടെ അധികം അദ്ധ്വാനം ചെലവഴിക്കാതെ വലിയ തുക വേതനം പറ്റുന്ന നിലയിലേക്കാണ് കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നത്. നാട്ടിൻപുറത്തെ ഈ സ്മിത്തി കേന്ദ്രങ്ങൾ വലിയ തോതിൽ ഇനി പിടിച്ചു നിൽക്കാൻ സാദ്ധ്യതയില്ല. ഗ്രാമീണർ അവരുടെ ചെറിയ ആവശ്യങ്ങൾ നിവർത്തിക്കുവാൻ പട്ടണങ്ങളിലേക്ക് നീങ്ങുവാൻ നിർബന്ധിതരാകും.

കല്ല് കൊത്ത് :- രാമന്തളി പഴയ കാലത്തുതന്നെ ചെങ്കല്ലിന്റെ കാര്യത്തിൽ പേരുകേട്ട പ്രദേശമാണ്. ചെങ്കല്ലുകൊണ്ട് മതിലുകളും ക്ഷേത്രങ്ങളും മറ്റും കെട്ടിയുണ്ടാക്കുന്നതിന് രാമന്തളിയിലെ ചെങ്കല്ല് പ്രത്യേകമായി തിരഞ്ഞെടുക്കാറുണ്ട്. പഴയ കാലത്ത് ചെങ്കല്ലിന്റെ മേഖലയിൽ പ്രവർത്തിക്കുവാൻ വളരെ കുറച്ച്പേരെ ഉണ്ടായിരുന്നുള്ളു. വളരെയധികം അദ്ധ്വാനം ആവശ്യപ്പെടുന്ന ഈ മേഖലയിലേക്ക് കൂടുതൽ ആളുകൾ വരാൻമടിച്ചു.

എന്നാൽ കല്ലിന് വലിയ ഡിമാൻറുണ്ടായപ്പോൾ കൂലി വർദ്ധിച്ചു. പണ്ടുകാലത്ത് കല്ലുകൾ പുഴയോരത്ത് തലച്ചു മടായി കൊണ്ടുവന്ന് ചീനകളിലാണ് അകലങ്ങളിലുള്ള ആവശ്യക്കാർക്ക് എത്തിച്ചുകൊടുത്തത്. ഗതാഗതസൗ കര്യം കൂടിയപ്പോൾ ചെങ്കല്ലുകൾ വളരെദൂരം എളുപ്പത്തിൽ എത്തിക്കുവാൻ പ്രയാസമുണ്ടായില്ല. ഡിമാൻറ് ക്രമാതീതമായി വർദ്ധിച്ചപ്പോൾ കൂലി കൂടുതൽ നല്കുവാൻ മുതലാളിമാർ തയ്യാറായി. ഈ രംഗത്ത് സംഘ ടിത പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. പല ആനുകൂല്യങ്ങളും അനുവദിക്കപ്പെട്ടു. ചെങ്കൽ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു. പുതിയ തൊഴിലാളികൾ ഈ രംഗത്തേക്ക് കൂട്ടത്തോടെ എത്താൻ തുടങ്ങി. അസംസ്കൃത വസ്തുവായ ചെങ്കൽപ്പാറ ദിനംപ്രതി കുറഞ്ഞുവന്നു. വലിയൊരു മേഖല നേവൽ അക്കാഡമി യിൽ അകപ്പെട്ടു. അതോടെ കല്ല്കൊത്താൻ പാകമുള്ള പാറയുടെ വലിയൊരുഭാഗം പഞ്ചായ ത്തിന് നഷ്ടപ്പെട്ടു. നാടുംവീടും വിട്ടുപോയവരിൽ വലിയൊരുഭാഗം കല്ല്കൊത്ത് തൊഴിലാളികളായി രുന്നു.

ഇന്ന് ഈ രംഗത്ത് ഇഷ്ടംപോലെ മെഷീൻ കല്ലുകൾ വന്നു തുടങ്ങിയിട്ടുണ്ട്. അതിനോട് മത്സരിക്കാൻ നാടൻകല്ലുകൾക്ക് കഴിയാതെ വരുന്നു. നല്ല ചെങ്കൽ പാറകൾ ഇന്ന് അപൂർവ്വമായിരിക്കുന്നു. ഈയൊരു പരിതസ്ഥിതിയിൽ ചെങ്കൽ വ്യവസായം ഏറെക്കാലം മുന്നോട്ടുപോകുവാൻ സാദ്ധ്യതയില്ല.

ചെറുകിട വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിച്ച വിവരം പട്ടി 2ൽ കൊടുക്കുന്നു.

പട്ടിക-2

ക്രമനമ്പർ	ചെറുകിട വ്യവസായം	തൊഴിലാളികളുടെ എണ്ണം
1.	ആഭരണ നിർമ്മാണം	13
2.	ജില്ലി നിർമ്മാണം	15
3.	ബേക്കറി	6
4.	ഫർണിച്ചർ	32
5.	സ്മിത്തി	8
6.	ഗ്രിൽസ്	14
7.	ഖാദി	71 (വനിത)

കുടിൽ വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരം പട്ടിക-3ൽ കൊടുക്കുന്നു

പട്ടിക-3

ക്രമനമ്പർ	കുടിൽ വ്യവസായം	തൊഴിലാളികളുടെ എണ്ണം
1.	പായ നെയ്ത്ത്	60
2.	ബീഡി	20
3.	ഓലമെടയൽ	125

പ്രശ്നങ്ങൾ :-

1. സംരംഭങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ
2. തൊഴിൽ മേഖലയിൽ കുറഞ്ഞ കൂലിനിരക്ക്
3. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും ലഭിക്കുന്ന വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമ വും ലോഡ്ഷെഡ്ഡിംഗും
4. പ്രധാന കാർഷികവിളയായ നാളികേരം വ്യവസായരംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.
5. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം
6. വിപണിനസാധ്യതക്കുറവ്
7. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചവർക്കുപോലും തൊഴിൽ കിട്ടുന്നില്ല.

8. ചില മേഖലകളിൽ വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം
9. വനിതകൾക്ക് തൊഴിലവസരം ലഭിക്കുന്നില്ല.
10. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്ന സാങ്കേതിക വിദ്യയുടെ കുറവ്
11. സംഘടിത ശ്രമങ്ങളുടെ അഭാവം

സാധ്യതകൾ :-

വ്യവസായത്തിനാവശ്യമായ അന്തരീക്ഷവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അഭ്യസ്തവിദ്യരായ യുവജനങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇവയെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിൽ വ്യവസായരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയും

ചെറുകിട വ്യവസായങ്ങൾ

1. നാളികേരത്തെ അടിസ്ഥാനമാക്കി വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.
   (a) ഫിൽട്രേറ്റ് കോക്കനട്ട് ഓയിൽ നിർമ്മാണം
   (b) ചിരട്ടപ്പൊടി ഉപയോഗിച്ച് സൺമൈക്ക നിർമ്മാണം
   (c) തേങ്ങാവെള്ളത്തിൽ നിന്ന് ശീതളപാനീയം
   (d) യീസ്റ്റ്, ചക്കര തുടങ്ങിയവയുടെ നിർമ്മാണം
   (e) കയറുല്പന്ന കേന്ദ്രങ്ങൾ
   (f) ഫർണ്ണിച്ചർ നിർമ്മാണം
   (g) പച്ചതൊണ്ടിൽ നിന്ന് താർ (ചകിരിനാര്)
2. ശാസ്ത്രീയമായ കോഴിവളർത്തൽ
3. ജനറൽ എഞ്ചിനീയറിംഗ്
4. മിനറൽ വാട്ടർ നിർമ്മാണ യൂനിറ്റ്
5. അച്ചാർ, ചിപ്സ് തുടങ്ങിയവയുടെ നിർമ്മാണം
6. റെഡിമെയ്ഡ് ഗാർമെൻറ്സ്
7. പാല് ശേഖരണ സംസ്കരണകേന്ദ്രവും ഉല്പന്ന നിർമ്മാണ കേന്ദ്രങ്ങളും
8. ഇഷ്ടിക നിർമ്മാണം
9. ഉപ്പ് നിർമ്മാണം
10. ഏഴിമലയിൽ നിന്ന് ലഭിക്കുന്ന ഔഷധസസ്യങ്ങൾ ഉപയോഗിച്ച് ഔഷധ നിർമ്മാണകേന്ദ്രം
11. ഖാദി യൂനിറ്റിന്റെ വിപുലീകരണം
12. മെഴുകുതിരി നിർമ്മാണം
13. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക

സഹകരണ മേഖല

1. പഞ്ചായത്തിൽ നിന്നും സമീപപ്രദേശങ്ങളിൽനിന്നും ശേഖരിക്കുന്ന കശുവണ്ടി പഞ്ചായത്തിൽവെച്ചുതന്നെ സംസ്കരിക്കാൻ നടപടി സ്വീകരിച്ചാൽ ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയും
2. കുരുമുളക് പൊടി നിർമ്മാണകേന്ദ്രം
3. കല്ലകൊത്ത് യൂനിറ്റ്

വൻകിടവ്യവസായം : പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സുലഭമായ് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വൻകിട വ്യവസായങ്ങൾ നടത്താം.

1. ഗ്ലാസ് ഫാക്ടറി :- കടപ്പുറത്ത് കണ്ടുവരുന്ന വെള്ള പൂഴിമണൽ ഗ്ലാസ് നിർമ്മാണത്തിന് അസംസ്കൃതവസ്തുവായി ഉപയോഗിക്കാറുണ്ട്. ഇത് ഉപയോഗപ്പെടുത്തി ഒരു ഫാക്ടറി തുടങ്ങുകയാണെങ്കിൽ അതിന്റെ സാദ്ധ്യത വലുതാണ്.

2. സിമൻറ് ഫാക്ടറി :- ഇന്നത്തെ സാഹചര്യത്തിൽ സിമൻറ് ഫാക്ടറിക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ നിന്നുതന്നെ ഒരു പരിധിയോളം ശേഖരിക്കാൻ കഴിയും. സിൻറ് ഫാക്ടറി തുടങ്ങിക്കഴിഞ്ഞാൽ തൊഴിലില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇത് വലിയ ഒരനുഗ്രഹമായിരിക്കും. മാത്രമല്ല പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റാൻ ഇത് പര്യാപ്തമാകും. ●



വിദ്യാഭ്യാസം

പ്രാചീന മഹാഗ്രന്ഥങ്ങളിലും ചരിത്രപുസ്തകങ്ങളിലും സ്ഥാനം നേടിയ ഏഴിമലയും രാമന്തളിയും മഹത്തായ സാംസ്കാരിക പാരമ്പര്യത്തിനുടമയാണ്. സഞ്ചാരികളുടെ യാത്രാവിവരണത്തിലും ഈ നാടിന്റെ സാംസ്കാരിക വിദ്യാഭ്യാസപുരോഗതിയെക്കുറിച്ച് വർണ്ണിക്കാനിടയായിട്ടുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിര് അറബിക്കടലായതിനാൽ പണ്ടുമുതലേ വിദേശിയർ ഈ നാടുമായി സമ്പർക്കം പുലർത്തിയിരുന്നു. അവരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ കഴിഞ്ഞതിന്റെ നേട്ടവും ഉണ്ടായിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനഫലമായി കുറച്ച് പേർക്കെങ്കിലും പഴയരീതിയിലുള്ള വിദ്യാഭ്യാസം നേടാൻ പണ്ട് തന്നെ സാധിച്ചിരുന്നു. നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന് തന്നെ അടിസ്ഥാനം ഇവിടെ പണ്ട് മുതലേ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപുരോഗതിയാണ്.

എഴുത്ത്വീട് സമ്പ്രദായം :- ഔപചാരിക വിദ്യാഭ്യാസപ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് തന്നെ എഴുത്ത്വീട് സമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. അധ്യാപകർ കുരിക്കൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. തേങ്ങാതൊണ്ടിൽ വിദ്യാർത്ഥികൾ കൊണ്ടുവരുന്ന പൂഴി നിലത്ത് നിരത്തി വിരലുകൊണ്ട് കുട്ടികളും, മാവിൻ ഞെട്ട് കൊണ്ട് കുരിക്കളും എഴുതിയിരുന്നു. അധ്യാപനകേന്ദ്രം കുരിക്കളുടെ വീടാണ്. പഴയ ഗുരുകുലവിദ്യാഭ്യാസസമ്പ്രദായത്തിന്റെ മറ്റൊരു പതിപ്പായിരുന്നു ഈ രീതി. കുരിക്കന്മാർ മിക്കവരും ജോത്സ്യന്മാരോ സംസ്കൃതപണ്ഡിതന്മാരോ വൈദ്യന്മാരോ ആയിരുന്നു. പത്തോളം എഴുത്ത് വീടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലനിന്നിരുന്നു. കൂടാതെ മുസ്ലിംങ്ങൾക്ക് മാത്രമായി രണ്ട് എഴുത്തുവീടുകൾ പാലക്കോട്, എട്ടിക്കുളം പ്രദേശത്ത് നിലവിലിരുന്നതായി പഴമക്കാർ പറയുന്നു. സ്ത്രീപുരുഷഭേദമെന്യേ എല്ലാവർക്കും ഈ എഴുത്ത് വീടുകളിൽ വന്നിരുന്നു പഠിക്കാൻ കഴിഞ്ഞിരുന്നു. സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ പണ്ട് മുതലേ വയോജനവിദ്യാഭ്യാസം നല്കുന്നതിനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്.

1924-ൽ സ്ഥാപിക്കപ്പെട്ട പാലക്കോട് എൽ.പി. സ്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനം. പിന്നീട് 1930-ൽ കുന്നരുവിൽ ഒരു ഹരിജൻ ആരംഭിച്ച സ്കൂൾ വിദ്യാഭ്യാസരംഗത്ത് അയിത്തം ഉണ്ടായിരുന്നില്ല എന്നതിന്റെ മികച്ച ഒരുദാഹരണമാണ്. രാമന്തളി എലിമെൻററി ബോയ്സ് സ്ക്കൂൾ, രാമന്തളി എലിമെൻററി ഗേൾസ് സ്ക്കൂൾ, എട്ടിക്കുളം സ്ക്കൂൾ, വടക്കുമ്പാട് യു.പി. സ്ക്കൂൾ, പൂച്ചാൽ എൽ.പി. സ്ക്കൂൾ, ചിദംബരനാഥ് സ്ക്കൂൾ, എന്നിവയാണ് തുടർന്നുവന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ചിദംബരനാഥ് സ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ അപ്പർ പ്രൈമറി സ്ക്കൂൾ. രാമന്തളി എലിമെൻററി സ്ക്കൂൾ ആണ് പില്ക്കാലത്ത് ഗവ. യു.പി. സ്ക്കൂളായും തുടർന്ന് 1964-ൽ രാമന്തളി പഞ്ചായത്തിലെ

ആദ്യ ഗവ. ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടത്. ഇതോടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി അടുത്തുള്ള പഞ്ചായത്തുകളെ ആശ്രയിക്കേണ്ടി വന്ന അവസ്ഥയ്ക്ക് അറുതിയായി. നാട്ടുകാരുടെ കമ്മിറ്റി രൂപീകരിച്ച് നാട്ടുകാരിൽനിന്ന് പണം സ്വരൂപിച്ചാണ് ഹൈസ്ക്കൂളിന്റെ ആദ്യ കെട്ടിടം നിർമ്മിച്ചത്. ആദ്യകാലങ്ങളിൽ എസ്.എൽ.സി. പരീക്ഷക്ക് ഉന്നതവിജയം നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിരുന്നു. പിന്നീട് 1974ൽ പഞ്ചായത്തിന്റെ തെക്കേ അറ്റത്ത്, എട്ടിക്കുളം പ്രദേശത്ത് രണ്ടാമത്തെ ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. അതുവരെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി 7 കി. മീറ്ററിലധികം യാത്ര ചെയ്യേണ്ടിവന്ന തദ്ദേശവാസികൾക്ക് ഈ ഹൈസ്ക്കൂൾ വന്നതോടെ വലിയ ആശ്വാസമായി. 1992-ൽ രാമന്തളി വടക്കുമ്പാട് സി.എച്ച്. മുഹമ്മദ് കോയ സ്മാരക അൺ എയിഡഡ് ഹൈസ്ക്കൂൾ നിലവിൽ വന്നു. ഇതോടെ സെക്കൻഡറി വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടായി. (പട്ടിക-1 കാണുക)

നേവൽ അക്കാദമി പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിരുന്ന പൂച്ചാൽ എൽ.പി. സ്ക്കൂൾ ഇല്ലാതായതോടെ നിലവിൽ മൂന്നു എൽ.പി. സ്ക്കൂളുകളും അഞ്ച് യു.പി. സ്ക്കൂളുകളും രണ്ട് ഹൈസ്ക്കൂളുകളാണ് പൊതുവിദ്യാഭ്യാസരംഗത്തുള്ളത്. ഇതിന് പുറമെ അൺ എയ്ഡഡ്മേഖലയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളടക്കം നാല് പ്രൈമറി സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാലയവിവരങ്ങൾ പട്ടിക-2 കാണുക.

കുന്നരു എ.യു.പി. സ്ക്കൂൾ മുൻ പ്രധാനാധ്യാപകൻ കുഞ്ഞിരാമൻ മാസ്റ്റർ (അന്തരിച്ചു) പ്രശസ്തരായ അധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് നേടിയ കഴിവുറ്റ അധ്യാപകനാണ്. അതേപോലെ പൊതുവിദ്യാഭ്യാസരംഗത്ത് വിദഗ്ദ്ധരായ അധ്യാപകർ ധാരാളം ഉണ്ടായിട്ടുണ്ട്. ഈ നാട്ടിലെ വിദ്യാലയങ്ങളിൽ നിന്ന് അഭ്യസ്തവിദ്യരായി പുറത്തിറങ്ങിയ പലരും പല മേഖലകളിലായി പ്രശസ്ത സേവനം നടത്തിപ്പോരുന്നു. രാമന്തളി ഹൈസ്ക്കൂളിലെ പതിനഞ്ചോളം കുട്ടികൾക്ക് പ്രശസ്ത സ്കൗട്ടിനുള്ള രാഷ്ട്രപതി അവാർഡ് ലഭിച്ചിട്ടുണ്ട്. കുന്നരു സ്ക്കൂളിലും രാമന്തളി ഹൈസ്ക്കൂളിലും പയ്യന്നൂർ സബ്ജില്ലാ കലാതിലക, കലാപ്രതിഭ പട്ടങ്ങൾ നേടിയ വിദ്യാർത്ഥികൾ ഉണ്ട്.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പുറമെ ഒരു ട്യൂട്ടോറിയൽ കോളേജും രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു ട്യൂഷൻ സെൻററും പ്രവർത്തിക്കുന്നുണ്ട്. ചില ക്ലബ്ബുകളുടെ നേതൃത്വത്തിൽ സൗജന്യ ട്യൂഷനും നടന്നുവരുന്നുണ്ട്.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 20 അംഗൻവാടികളും പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ഒരു ശിശുമന്ദിരവും മറ്റു സന്നദ്ധസംഘടനകൾ നടത്തുന്ന നാല് ബാലവാടികളുമടക്കം പഞ്ചായത്തിൽ 25 ശിശുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. – പട്ടിക-3 കാണുക

ഗ്രാമചർച്ച-ക്രോഡീകരണം:– രണ്ട്, മൂന്ന് ഏഴ്, എട്ട് എന്നീ വാർഡുകളിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. എങ്കിലും രണ്ടാം വാർഡിൽ ഒരു അൺ എയ്ഡഡ് വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. നേവൽ അക്കാദമി പ്രദേശത്ത് നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിച്ച പരത്തിക്കാട്, ചിറ്റടി പ്രദേശത്ത് ഒരു സ്ക്കൂൾ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നെങ്കിലും അതു ഇതുവരെ നിലവിൽ വന്നിട്ടില്ല.

പൊതുവിദ്യാലയങ്ങളിലെ നിലവാരം പൊതുവെ തൃപ്തികരമല്ല. മിക്കസ്ക്കൂളിലും അധ്യാപക-രക്ഷാകർത്തൃസമിതി സജീവമല്ല. രക്ഷിതാക്കൾ വിദ്യാലയവുമായി ബന്ധപ്പെടുന്നത് അപൂർവ്വമാണ്. ജി.എൽ.പി.സ്ക്കൂൾ രാമന്തളി, കുന്നരു എ.യു.പി.സ്ക്കൂൾ ജി.എം.യു.പി.എസ്. രാമന്തളി, ജി.എം.യു.പി.എസ്. എട്ടിക്കുളം ജി.എച്ച്.എസ്. എട്ടിക്കുളം എന്നിവയുടെ ഗുണനിലവാരം ഏറെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

രാമന്തളി ഗവ. ഹൈസ്ക്കൂളിൽ ആൺകുട്ടികൾക്ക് ഉപയോഗിക്കാൻ മൂത്രപ്പുരയില്ല. മാത്രമല്ല കുട്ടികൾക്ക് ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ ഒരു കക്കൂസ്പോലുമില്ല. സ്ക്കൂളിന് ചുറ്റുമതിലില്ലാത്തതുകൊണ്ട് സ്ക്കൂൾ കോമ്പൗണ്ടിലൂടെ പൊതുവഴി പോകുന്നു. വേണ്ടത്ര കെട്ടിടസൗകര്യമില്ലാത്തതുകൊണ്ട് സ്ക്കൂളിന്റെ പുരോഗതിക്ക് തടസ്സം നിൽക്കുന്നു. എട്ടിക്കുളം ഗവ. ഹൈസ്ക്കൂളിന് സ്വന്തമായോ സമീപപ്രദേശത്തോ ഒരു കളിസ്ഥലമില്ലാത്തതിനാൽ അവിടുത്തെ വിദ്യാർത്ഥികളുടെ കായികവിദ്യാഭ്യാസത്തിന് തടസ്സം നേരിടുന്നു. കൂടാതെ സ്ക്കൂളിന് ചുറ്റുമതിലില്ലാത്തതും സ്ക്കൂൾ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്ത് എൽ.പി. സ്ക്കൂളിന് പ്രത്യേകമായ ഓഫീസ് മുറിയോ സ്റ്റാഫ് റൂമോ ഇല്ല. പ്രത്യേകമായി സ്റ്റാഫ്റൂമില്ലാത്ത സ്ക്കൂളുകളിൽ ജി.എം.യു.പി.എസ്. എട്ടിക്കുളം, ജി.യു.പി.എസ്. പാലക്കോട്, ജി.എൽ.പി.എസ്. രാമന്തളി എന്നിവയും ഉൾപ്പെടുന്നു. പഞ്ചായത്തിലെ ഒരു പ്രൈമറി സ്ക്കൂളിലും ലബോറട്ടറി സൗകര്യങ്ങൾ ഇല്ല. സ്വന്തമായി മൂത്രപ്പുരയില്ലാത്ത സ്ക്കൂളുകളുടെ കൂട്ടത്തിൽ ജി.യു.പി.എസ്. പാലക്കോടും ഉൾപ്പെടുന്നു. കക്കൂസുകളില്ലാത്ത സ്കൂളുകളുടെ കൂട്ടത്തിൽ പെടുന്നവയാണ് ജി.എം.യു.പി.എസ്. എട്ടിക്കുളം, ജി.യു.പി.എസ്.

വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക-1

ക്രമനമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			SC/ST			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ					
								SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ജി.എച്ച്.എസ്. രാമന്തളി	422	405	827	27	24	51	5	1	6	52	45	97	-	-	-	8	4	12
2.	ജി.എച്ച്.എസ്. എട്ടിക്കുളം	165	166	331	3	4	7	-	-	-	14	9	23	-	-	-	3	6	9
3.	ജി.എം.യു.പി.എസ്. എട്ടിക്കുളം	227	172	339	2	1	3	-	-	-	26	11	37	-	-	-	1	1	2
4.	ജി.യു.പി.എസ്. പാലക്കോട്	127	121	248	10	17	27	5	2	7	15	3	18	-	-	-	-	-	-
5.	എ.യു.പി.എസ്. കുന്നരു	326	298	624	16	22	38	4	4	8	27	9	36	-	-	-	-	-	-
6.	ചിദംബരനാഥ് യു.പി.എസ്	116	107	223	6	10	16	3	2	5	16	5	21	-	-	-	-	-	-
7.	ജി.യം.യു.പി.എസ്. രാമന്തളി	202	201	403	9	13	22	2	1	3	19	6	25	0	1	1	5	1	6
8.	ജി.എം.എൽ.പി.എസ്. പാലക്കോട്	148	138	286	18	14	32	2	0	2	10	10	20	-	-	-	4	7	11
9.	പഞ്ചായത്ത് എൽ.പി.എസ്. രാമന്തളി	116	120	236	3	7	10	-	1	1	8	3	11	-	-	-	-	-	-
10.	ജി.എൽ.പി.എസ്. രാമന്തളി	84	67	151	3	2	5	-	-	-	4	1	5	-	-	-	0	1	1
	ആകെ	1933	1795	3728	97	114	211	21	11	32	191	102	293	-	1	1	21	20	41

വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

പട്ടിക-2

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്വന്തം കെട്ടിട മുണ്ടോ	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ
1.	ഗവ. ഹൈസ്ക്കൂൾ, രാമന്തളി	ഉണ്ട്	1.87ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ആൺകുട്ടികൾക്ക് ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	ഗവ. ഹൈസ്ക്കൂൾ, എട്ടിക്കുളം	ഉണ്ട്	3ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
3.	ജി.യം.യു.പി.എസ്. എട്ടിക്കുളം	ഇല്ല	1.5 ,,	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
4.	ജി.യു.പി.എസ്. പാലക്കോട്	ഇല്ല	0.15 ,,	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5.	എ.യു.പി.എസ്. കുന്നരു	ഉണ്ട്	1.20 ,,	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	ചിദംഭരനാഥ് യു.പി.സ്ക്കൂൾ	ഉണ്ട്	1.5 ,,	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
7.	ജി.എം.യു.പി.എസ്. രാമന്തളി	ഇല്ല	1.5 ,,	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
8.	ജി.എം. എൽ.പി.എസ്. പാലക്കോട്	ഇല്ല	0.12 ,,	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
9.	പഞ്ചായത്ത് എൽ.പി.എസ്. രാമന്തളി	ഉണ്ട്	0.25 ,,	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
10.	ജി.എൽ.പി.എസ്, രാമന്തളി	ഇല്ല	0.73,,	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല

പാലക്കോട്, പഞ്ചായത്ത് എൽ.പി. രാമന്തളി എന്നിവ. ഉച്ചക്കഞ്ഞി പാകം ചെയ്യാൻ ഷെഡ്ഡില്ലാത്ത പ്രൈമറി സ്ക്കൂളുകളാണ് ജി.യു.പി.എസ്. പാലക്കോട്. ഒട്ടുമിക്ക പ്രൈമറി സ്ക്കൂളും വൈദ്യുതീകരിച്ചതല്ല. ജി.എം.യു. പി.എസ്. എട്ടിക്കുളം, ജി.യു.പി. എസ്. പാലക്കോട്, ചിദംബരനാഥ് യു.പി.എസ്, ജി.എൽ.പി.എസ്. പാലക്കോ ട്, പഞ്ചായത്ത് എൽ.പി.എസ്. രാമന്തളി, ജി.എൽ.പി.എസ്. എന്നിവയാണ് വൈദ്യുതീകരിക്കാത്ത സ്ക്കൂളു കൾ. ഗവ. ഹൈസ്ക്കൂൾ രാമന്തളിയിലും കുന്നരു സ്കൂളിലും ഒഴികെ പഞ്ചായത്തിലെ ഒരു സ്കൂളിലും ശരിയായ കളിസ്ഥലമില്ല. സ്വന്തമായി കിണറുകളില്ലാത്ത സ്ക്കൂളുകളുടെ പട്ടികയിൽ ജി.എച്ച്.എസ്. എട്ടിക്കു ളം, എൽ.പി., യു.പി. പാലക്കോട് ജി.എൽ.പി. രാമന്തളി എന്നിവ സ്ഥാനം പിടിച്ചിരിക്കുന്നു. ഭൗതീക സാഹച ര്യത്തിന്റെ പട്ടിക-4 കാണുക.

പൊതുവിദ്യാഭ്യാസമേഖലയിൽ ആകെ 3728 കുട്ടികൾ പഠിക്കുന്നുണ്ട്. 69 അധ്യാപകരും 67 അധ്യാപിക മാരുമായി 136 പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. അതുപോലെ അൺ എയ്ഡഡ് സ്ക്കൂളുകളിൽ 834 വിദ്യാർത്ഥികൾ പഠിക്കുന്നു. 44 അധ്യാപകർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. പട്ടിക-5 കാണുക.

പ്രശ്നങ്ങൾ:

1. മിക്ക അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളോ, കളിസ്ഥലമോ, കളിക്കോപ്പുകളോ ഫർണിച്ചറുക-ളോ മറ്റു ഭൗതികസാഹചര്യങ്ങളോ ഇല്ല.
2. ചില വിദ്യാലയങ്ങളിലെ പഠനനിലവാരം ശരാശരിയിലും താഴെയാണ്.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വിദ്യാഭ്യാസനിലവാരം താഴുന്നതിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ട്.
4. ഇംഗ്ലീഷ് മീഡിയത്തിനോടുള്ള ആഭിമുഖ്യം ഇടത്തട്ടുകാരുടെ ഇടയിൽ കുടിവരുന്നു.
5. പല വിദ്യാലയങ്ങളുടേയും ഭൗതീകസാഹചര്യങ്ങൾ അപര്യാപ്തമാണ്.
6. ഉന്നതവിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിൽ തീരെ ഇല്ല.
7. നേവൽ അക്കാദമി പ്രദേശത്ത് നിന്ന് കുടിയൊഴിപ്പിച്ചവരെ പുനരധിപസിപ്പിച്ച പരത്തിക്കാട് പ്രദേശത്ത് അവർക്ക് നഷ്ടപ്പെട്ട പൂച്ചാൽ സ്ക്കൂളിന് പകരം നല്കാമെന്ന് പറഞ്ഞ എൽ.പി.സ്ക്കൂൾ ഇതുവരെയാ യും അനുവദിച്ചിട്ടില്ല അവിടുന്ന് 5 കി.മീറ്ററിലധികം സഞ്ചരിച്ചിട്ട് വേണം കുട്ടികൾക്ക് സ്ക്കൂളിലെ ത്താൻ.
8. 7,8,9 വാർഡുകളിലെ ചില ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് 3 കി.മി. അധികം സഞ്ചരിച്ചാൽ മാത്രമേ പ്രൈമറി സ്ക്കൂളിൽപോലും എത്താൻ കഴിയൂ. ഹൈസ്ക്കൂളിൽ എത്തണമെങ്കിൽ 5 കി. മീറ്ററില ധികം സഞ്ചരിക്കുകയും വേണം.
9. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ആസൂത്രിതവും സാർവ്വത്രികവുമായ പരിപാടികൾ നടപ്പാക്കുന്നില്ല.
10. സംഗീതം, നൃത്തം, ചിത്രരചന തുടങ്ങി കലാവിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ തീരെ സൗകര്യമില്ല.
11. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നതിന് ഒരു സംവിധാനവും ഇവിടെയില്ല.
12. മിക്ക സ്ക്കൂളിലും കളിസ്ഥലമില്ലാത്തതിനാൽ കായിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം ലഭി ക്കുന്നില്ല.
13. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവ: എൽ.പി. സ്ക്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞു-പോക്ക്, സ്ക്കൂളിനെ അൺ ഇക്കണോമിക് പട്ടികയിലേക്ക് താഴ്ത്തപ്പെടാൻ ഇടയാക്കുന്നു. - പട്ടിക-6 കാണുക

നിർദ്ദേശങ്ങൾ:

1. അംഗൻവാടികൾക്കും ബാലവാടികൾക്കും വിദ്യാലയങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളും മറ്റു ഭൗതീക സാഹചര്യങ്ങളും ഒരുക്കുക.
2. വിദ്യാലയങ്ങളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അധ്യാപകർക്ക് പുനഃപരിശീലനം

അൺ എയിഡഡ് വിദ്യാലയങ്ങളുടെ വിവരങ്ങൾ

പട്ടിക-3

ക്രമനമ്പർ	സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			സ്വന്തം കെട്ടിടം ഉണ്ടോ	കിണർ	കക്കൂസ്	മൂത്ര പ്പുര	ലൈബ്രറി	ലബോറട്ടറി	കളിസ്ഥലം
		ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ							
1	സി.എച്ച്.എം.കെ.എം.എച്ച്.എസ്. വടക്കുമ്പാട്	108	115	223	8	2	10	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
2.	ഇ.എം.ഐ.സി. സ്കൂൾ, എട്ടിക്കുളം	76	102	178	1	8	9	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
3.	എം.സി. & ഇ. എസ്. സ്കൂൾ	98	109	207	2	5	7	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
4	പുഴിങ്ക ഇംഗ്ലീഷ് സ്കൂൾ	86	82	168	1	15	16	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
5.	കേംബ്രിഡ്ജ് ഇംഗ്ലീഷ് സ്കൂൾ	29	29	58	1	4	5	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
	ആകെ	397	437	834										

അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക-4

ക്രമനമ്പർ	സ്കൂളിന്റെ പേര്	അദ്ധ്യാപകരുടെ എണ്ണം HS			അദ്ധ്യാപകരുടെ എണ്ണം U.P.			അദ്ധ്യാപകരുടെ എണ്ണം LP			
		പു	സ്ത്രീ	ആകെ	പു.	സ്ത്രീ	ആകെ	പു.	സ്ത്രീ	ആകെ	മാനേജ്മെന്റ്
1.	ജി.എച്ച്.എസ്. രാമന്തളി	16	9	25	5	1	6	-	-	-	സർക്കാർ
2.	ജി.എച്ച്.എസ്. എട്ടിക്കുളം	8	7	15	-	-	-	-	-	-	സർക്കാർ
3.	ജി.യം.യു.പി.എസ്. എട്ടിക്കുളം	-	-	-	6	8	14	-	-	-	സർക്കാർ
4.	ജി.യു.പി.എസ് പാലക്കോട്	-	-	-	4	2	6	-	-	-	സർക്കാർ
5.	എ.യു.പി.എസ്, കുന്നരു	-	-	-	9	14	23	-	-	-	എയിഡഡ്
6.	മിടംബ്രനാഥ് യു.പി.എസ്	-	-	-	3	7	10	-	-	-	എയിഡഡ്
7.	ജി.യം.യു.പി.എസ്, രാമന്തളി	-	-	-	9	7	16	-	-	-	സർക്കാർ
8.	ജി.യം.എൽ.പി.എസ്. പാലക്കോട്	-	-	-	-	-	-	5	4	9	സർക്കാർ
9.	പഞ്ചായത്ത് എൽ.പി.എസ്. രാമന്തളി	-	-	-	-	-	-	2	5	9	എയിഡഡ്
10.	ജി.എൽ.പി.എസ്. രാമന്തളി	-	-	-	-	-	-	2	3	5	സർക്കാർ
	ആകെ	24	16	40	36	39	75	9	12	21	

അദ്ധ്യാപകർ - 69 അദ്ധ്യാപികമാർ - 67 ആകെ-136

ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം

പട്ടിക-5

S.S.L.C. ക്ക് താഴെ	10287
S.S.L.C.	2965
ബിരുദം നേടിയവർ	377
സാങ്കേതിക വിദ്യ	220
ബിരുദാനന്തര ബിരുദം	72
നിരക്ഷരർ	522

S.S.L.C. വിജയശതമാനം

പട്ടിക-6

ക്രമനമ്പർ	സ്കൂളിന്റെ പേര്	1993-94						1994-95						1995-96					
		പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം	പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം	പരീക്ഷയ്ക്കിരുന്നവർ	ഡിസ്റ്റിംഗ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	മറ്റുള്ളവർ	ആകെ വിജയിച്ചവർ	ശതമാനം
1.	ജി.എച്ച്.എസ്, രാമന്തളി	201	8	16	85	109	52%	205	8	15	67	90	44%	194	8	9	96	113	58%
2.	ജി.എച്ച്.എസ്., എട്ടിക്കുളം	98	-	2	16	18	20%	127	-	1	14	15	16%	107	-	1	12	13	13%
3.	സി.എച്ച്.എം.കെ.എം. എച്ച്.എസ്. വടക്കുമ്പാട്	-	-	-	-	-	-	-	-	-	-	-	-	66	-	3	29	32	48%

ഏർപ്പെടുത്തുക. സ്ക്കൂളുകളിലെ പി.ടി.എ. പ്രത്യേകിച്ച് മദർ പി.ടി.എ. പ്രവർത്തനം സജീവമാക്കുക. ജനകീയസമിതികൾ സ്ക്കൂളുകളുമായി ബന്ധം പുലർത്തുക. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് വിദ്യാർത്ഥികളെ വ്യക്തിപരമായി ശ്രദ്ധിക്കാൻ അവസരം സൃഷ്ടിക്കുക. സ്ക്കൂളിലെ കുട്ടികളുടെ നിരക്ഷരത നിർമാർജ്ജനം ചെയ്യാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. പൊതുസ്ക്കൂളുകളിൽ യഥാസമയത്ത് അധ്യാപകരെ നിയമിക്കുക. പുസ്തകവിതരണം സ്ക്കൂൾ തുറക്കുന്ന സമയത്ത് തന്നെ പൂർത്തിയാക്കുക. എല്ലാ സ്ക്കൂളുകളിലും പാഠ്യേതരപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കലാകായിക അധ്യാപകരെ നിർബന്ധമായും നിയമിക്കുക.

3. ഉന്നതവിദ്യാഭ്യാസ സൗകര്യം ഉറപ്പുവരുത്തുന്നതിന് രാമന്തളി ഗവ. ഹൈസ്ക്കൂൾ കേന്ദ്രമാക്കി വൊക്കേഷണൽ ഹയർ സെക്കണ്ടറി/ഹയർ സെക്കണ്ടറി സ്ക്കൂൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.

4. പുനരധിവാസ കേന്ദ്രമായ പരത്തിക്കാട് പ്രദേശത്ത് ഉടൻതന്നെ എൽ.പി.സ്ക്കൂൾ സ്ഥാപിക്കുക.

5. 9-ാം വാർഡിൽ ഹൈസ്ക്കൂൾ നിർമ്മാണത്തിനായി ജുമായത്ത് കമ്മിറ്റി സർക്കാറിന് കൈമാറിയ സ്ഥലത്ത് ഹൈസ്ക്കൂൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കുക.

7. കായികവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുക.

8. ടി.വി.യിൽ വിദ്യാഭ്യാസ സംബന്ധമായ പരിപാടികൾ കൂടുതൽ പ്രക്ഷേപണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

9. വായനാശീലം വർദ്ധിപ്പിക്കാൻ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുക.

10. പഞ്ചായത്തിലെ അധ്യാപകരെയും വിദ്യാർത്ഥികളെയും ഏകോപിപ്പിക്കുന്ന തരത്തിൽ സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം സജീവമാക്കുക

11. ഒരു. എൽ.പി. സ്ക്കൂളിന്റെ പരിധിയിൽ വരുന്ന അംഗൻവാടികളെ ആ സ്ക്കൂളുമായി അഫിലിയേറ്റ് ചെയ്യുക.

12. നൈബറിംഗ് സ്ക്കൂൾ സമ്പ്രദായം കർശനമായും നടപ്പിലാക്കുക.

13. അധ്യാപകേതര ജീവനക്കാരെ ആവശ്യമായ തോതിൽ നിയമിക്കുക. ●

സംസ്കാരം

ചരിത്രമുറങ്ങുന്ന ഏഴിമലയും അറബിക്കടലിന്റെ കൊച്ചോളങ്ങൾ സദാ പുൽകിക്കൊണ്ടിരിക്കുന്ന വിശാല തീരവും ഈ പഞ്ചായത്തിന്റെ സാംസ്കാരികത്തനിമയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ട് മറ്റ് പ്രദേശങ്ങളിൽനിന്ന് ഈനാട് വേറിട്ടുനിൽക്കുന്നു. അതിനാൽ പുരാതനകാലം മുതൽ സ്വതസിദ്ധമായ സാംസ്കരികപാരമ്പര്യം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. വിദേശീയവും തദ്ദേശീയവുമായ സംസ്കാരങ്ങളെ അടുത്തറിയാൻ അവസരം കിട്ടിയതിനാൽ അന്യസംസ്കാരങ്ങളെ സ്വാംശീകരിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ പ്രധാന മതങ്ങളായ ഹിന്ദു, മുസ്ലിം, ക്രിസ്തുമതങ്ങളിൽ വിശ്വസിക്കുന്നവർ ഈ പ്രദേശത്തുണ്ട്. എന്നാൽ ഉയർന്ന മതസൗഹാർദ്ദം പണ്ടുമുതലേ വെച്ചുപുലർത്തുന്നതിന്റെ മികച്ച ഉദാഹരണങ്ങൾ ഈ പഞ്ചായത്തിൽ നിരവധി ഉണ്ട്. അതിൽ എടുത്തുപറയത്തക്കതാണ് വടക്കുമ്പാടുള്ള 17 ശുഹദാക്കളുടെ മഖാമും തൊട്ടടുത്ത കുറുവന്തട്ട ഭഗവതിക്ഷേത്രവും. ജനങ്ങളിൽ ഭൂരിഭാഗവും ഉറച്ച മതവിശ്വാസികളായത്കൊണ്ട് ആരാധനാലയങ്ങളുടെ എണ്ണവും കുറവല്ല. പാലക്കോട്, ഏട്ടിക്കുളം, വടക്കുമ്പാട്, പുതിയ പുഴക്കര, ഓലക്കാൽ മഖാം എന്നിവിടങ്ങളിലുള്ള മുസ്ലിം പള്ളികൾ പ്രസിദ്ധങ്ങളാണ്. അതുപോലെ ഫാദർ ജെയിംസ് മന്തനാരി സ്ഥാപിച്ച ലൂർദ്ദ്മാതാ ക്രിസ്ത്യൻ പള്ളിക്ക് അധികം കാലപ്പഴക്കം ഇല്ലെങ്കിലും നല്ലൊരു തീർത്ഥാടനകേന്ദ്രമാണ്.

രാമന്തളി ശ്രീ ശങ്കരനാരായണക്ഷേത്രം വളരെ പ്രസിദ്ധമാണ്. നരയൻ കണ്ണൂർ ക്ഷേത്രം, താവുരിയാട്ട് ക്ഷേത്രം, രാമന്തളി മുച്ചിലോട്ട്, കണ്ണങ്ങാട്ട് ക്ഷേത്രം, ശ്രീദുർഗ്ഗാക്ഷേത്രം, കന്നിക്കരക്കാവ്, പ്രമാഞ്ചേരിക്കാവ്, മൂകാംബിക ക്ഷേത്രം, പാറോക്കാവ്, അണീക്കരക്ഷേത്രം, പന്നിയങ്കാവ് ക്ഷേത്രം ഏട്ടിക്കുളം പുതിയ ഭഗവതിക്ഷേത്രം, മൊട്ടക്കുന്ന് ഭഗവതിക്ഷേത്രം, രാമന്തളി തിരുവമ്പാടി എന്നിവ ഹിന്ദുക്കളുടെ പ്രധാന ആരാധനാലയങ്ങളാണ്. ഏഴിപ്പള്ളി, കോട്ടയിൽപള്ളി, നരയൻ കണ്ണൂർ ക്ഷേത്രം മൂലസ്ഥാനം എന്നിവ നേവൽ അക്കാദമി പ്രദേശത്തായതിനാൽ അടഞ്ഞുകിടപ്പാണ്.

സ്വാമി നടരാജഗുരുവിന്റെ അനുഗ്രഹാശിസ്സുകളോടെ പൂച്ചാൽ പ്രദേശത്ത് പ്രവർത്തിച്ചുവന്നിരുന്ന 'ഗുരുകലം' എന്ന സന്യാസിമഠം ദേശീയ അന്തർദേശീയശ്രദ്ധ പിടിച്ചുപറ്റിയ ഒരു ആശ്രമമന്ദിരമായിരുന്നു. വർഷംതോറും പത്ത്ദിവസം നീണ്ടുനിൽക്കുന്ന ലോകസമാധാന സമ്മേളനങ്ങൾ വിവിധ കലാസാംസ്കാരിക

പരിപാടികളോടെ ഈ ആശ്രമത്തിന്റെ നേതൃത്വത്തിൽ ആഘോഷിച്ചിരുന്നു. വിദേശസന്യാസിമാരുൾപ്പെടെ നിരവധി മഹത്വ്യക്തികളെ ആകർഷിച്ച ഈ ആശ്രമസങ്കേതവും നേവൽ അക്കാദമിയുടെ വരവോടെ നാമാവശേഷമായി.

കലാസാംസ്കാരിക സംഘടനകൾ ഇവിടെ വളരെ മുമ്പ് തന്നെ പ്രവർത്തനം ആരംഭിച്ചിരുന്നു. രാമന്തളി ഗ്രാമോദയ കലാസമിതി, കൈരളി കലാസമിതി, നവയുഗകലാസമിതി, കുന്നരുവിലെ അരുണോദയം കലാസമിതി എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. നൈഷധം, രുഗ്മാംഗദചരിതം, ദേവയാനിചരിതം തുടങ്ങിയ പുരാണസംഗീതനാടകങ്ങൾ അവതരിപ്പിച്ച് കൊണ്ടിരുന്ന സ്ഥിരം നാടകസമിതി ഇവിടെ പ്രവർത്തിച്ചിരുന്നു. കൂടാതെ പൂരക്കളി, കോൽക്കളി, ദഫ്മുട്ട്, കോതാമ്മൂരിയാട്ടം, കഥകളിയോഗം, കളരിപയറ്റ് തുടങ്ങിയ നാടൻകലകളുടെ ഈറ്റില്ലമായിരുന്നു ഈ പ്രദേശം.

തെയ്യംകല ഈ പ്രദേശത്തെ ദൈവവിശ്വാസവുമായി ബന്ധപ്പെട്ട് ജീവിതത്തിന്റെ ഭാഗമായി നിലനിൽക്കുന്നു. വണ്ണൻ, മലയൻ സമുദായത്തിൽപെട്ട പ്രഗൽഭരായ തെയ്യാം കലാകാരന്മാരെ ഈ പ്രദേശം സംഭാവന ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 50 തിനടുത്ത് കലാകായിക സാംസ്കാരിക സംഘങ്ങൾ പ്രവർത്തിക്കുന്നു. യുവജനങ്ങളിൽ കലാകായികസാംസ്കാരിക പ്രവർത്തനങ്ങളിലുള്ള താൽപര്യം ഈ സംഖ്യാബാഹുല്യം തന്നെ വെളിവാക്കുന്നു. മിക്ക ക്ലബ്ബുകളും, വിവിധ ആഘോഷപരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഓണാഘോഷം, ക്ലബ്ബ് വാർഷികങ്ങൾ തുടങ്ങിയവയോടനുബന്ധിച്ച് കലാകായിക മൽസരങ്ങൾ നടത്താറുണ്ട്.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മൂന്ന് ലൈബ്രറി-വായനശാലകൾ ഉണ്ട്. എന്നാൽ ലൈബ്രേറിയനില്ലാത്തതുകൊണ്ട് പുസ്തകവിതരണം നടക്കുന്നില്ല. കൂടാതെ ഓണപ്പറമ്പ് വായനശാല ഗ്രാന്ഥാലയം, ടാഗോർ സ്മാരകവായനശാല ഗ്രന്ഥാലയം, പി.എം.എസ്.എ. ലൈബ്രറി ഏട്ടിക്കുളം, കരിയർ ലൈബ്രറി വായനശാല, യുവജനകലാസമിതി ഗ്രന്ഥാലയം കല്ലേറ്റുംകടവ്, വെള്ളാച്ചേരി ഗോവിന്ദൻസ്മാരക ഗ്രന്ഥാലയം രാമന്തളി, സീതിസാഹിബ് സ്മാരക വായനശാല, ബാഫക്കിതങ്ങൾ സ്മാരകലൈബ്രറി തുടങ്ങിയവയാണ് പഞ്ചായത്തിലെ മറ്റ് പ്രധാനവായനശാലകളും ലൈബ്രറികളും.

1990-91 കാലഘട്ടത്തിൽ കേരളത്തിൽനടന്ന സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ പഞ്ചായത്ത് സജീവമായി പങ്കെടുക്കുകയുണ്ടായി. ആ പ്രവർത്തനത്തിന്റെ ഫലമായി 2200 ഓളം വരുന്ന നിരക്ഷരരെ കണ്ടെത്തി 175 ഓളം സാക്ഷരതാ കേന്ദ്രങ്ങളിലെത്തിക്കാനും അവരെ അക്ഷരത്തിന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. എന്നാൽ തുടർസാക്ഷരത പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമല്ലാതിരുന്നതുകൊണ്ടുതന്നെ നവസാക്ഷരരിൽ ഭൂരിഭാഗവും നിരക്ഷരതയുടെ ഇരുളിലേക്ക് പിൻവലിഞ്ഞു പോയിരിക്കയാണ്.

പൂരക്കളി, നാടൻകലാഗവേഷണം എന്നീ രംഗങ്ങളിൽ മഹത്തായ സംഭാവനകൾ നൽകിയ മഹത്വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കായികരംഗത്ത് മികച്ച പ്രതിഭകളെ സംഭാവന ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. നല്ലൊരു കളിസ്ഥലത്തിന്റെ അഭാവം ഇതിന്റെ പ്രധാനകാരണമാണ്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം കലാസാംസ്കാരിക കായികപ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഗതകാല സാംസ്കാരിക പാരമ്പര്യത്തിനനുസരിച്ചുള്ള ഒരു മുന്നേറ്റം ഈ രംഗത്ത് പിൽക്കാലത്ത് ഉണ്ടായിട്ടില്ലെന്നത് വലിയ ഒരു പോരായ്മയാണ്.

പ്രശ്നങ്ങൾ

1. സാംസ്കാരിക മൂല്യശോഷണം ചെറിയതോതിൽ അനുഭവപ്പെടുന്നുണ്ട്.
2. 50-ഓളം കലാസാംസ്കാരിക കായിക സംഘങ്ങൾ ഉണ്ടെങ്കിലും വിരലിലെണ്ണാവുന്നവ മാത്രമാണ് കുറച്ചെങ്കിലും പ്രവർത്തനം കാഴ്ചവെക്കുന്നത്.
3. ദൃശ്യ-ശ്രാവ്യമാധ്യമങ്ങളുടെ ആധിക്യം കലാസാംസ്കാരിക കായിക പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.
4. കള്ളവാറ്റും മദ്യപാനശീലവും സാംസ്കാരിക മലിനീകരണത്തിന് കാരണമായിട്ടുണ്ട്.
5. നാടൻകലകളും നാടൻകളികളും ക്ഷയോന്മുഖമാണ്.
6. പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ലൈബ്രറികളിൽ ലൈബ്രേറിയനില്ലാത്തുകൊണ്ട് പുസ്തകവിതരണം നടക്കുന്നില്ല.
7. ജനവിദ്യാകേന്ദ്രങ്ങൾ ഉണ്ടെങ്കിലും അവ നിർജ്ജീവങ്ങളാണ്.

8. വായനാശീലം വളരെ കുറവാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ.
9. സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന കലാസാംസ്കാരിക കായികസംഘങ്ങൾ വളരെ കുറവാണ്.
10. കലാപരിശീലനത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിലില്ല.

നിർദ്ദേശങ്ങൾ

1. കലാസമിതികളുടേയും മറ്റും പ്രവർത്തനം സജീവമാക്കാൻ ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക. കലാസമിതികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത്തല ഏകോപനസമിതി രൂപീകരിക്കുക, ഈ സമിതിയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, സിമ്പോസിയങ്ങൾ, കലാപരിപാടികൾ പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
2. കലാസാംസ്കാരിക കായികസംഘങ്ങളുടെ പ്രവർത്തനത്തെ പോഷിപ്പിക്കാൻ സാമ്പത്തികസഹായം നൽകുക.
3. വായനശാലകൾ സൗകര്യപ്രദമായരീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും പുസ്തകം വിതരണം ചെയ്യുന്നതിനും ഉള്ള സംവിധാനം ഒരുക്കുക.
4. വർത്തമാനപത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും എല്ലാ വായനശാലകളിലും ലഭ്യമാക്കുക.
5. വായനശാലകളും ലൈബ്രറികളും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുക.
6. സ്ത്രീകളുടെ വായനാശീലം പ്രോൽസാഹിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന ലൈബ്രറി സംവിധാനം സംഘടിപ്പിക്കുക.
7. കലാഭ്യസനത്തിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.
8. ലഹരിയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ സംഘടിപ്പിക്കുക.
9. നാടൻകലകളും കളികളും, സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

പഞ്ചായത്തിലെ വിവിധ കലാ കായിക സാംസ്ക്കാരിക സംഘങ്ങൾ പട്ടിക I

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ക്രമ നമ്പർ	സംഘത്തിന്റെ പേര്
1.	പഞ്ചായത്ത് വായനശാല, ഗ്രന്ഥാലയം, രാമന്തളി	26.	പി.എം.എസ്.എ എട്ടിക്കുളം.
2.	പഞ്ചായത്ത് വായനശാല ഗ്രന്ഥാലയം വടക്കുമ്പാട്.	27.	ഫൈറ്റേഴ്സ് കുന്നരു.
3.	ഗാന്ധി സ്മാരക പഞ്ചായത്ത് സാംസ്കാരികനിലയം-കുന്നരു	28.	ജ്വാല രാമന്തളി.
4.	സീതിസാഹിബ് വായനശാല വടക്കുമ്പാട്.	29.	യുവശക്തി രാമന്തളി.
5.	ഒ.കെ.കെ സ്മാരക കലാസമിതി രാമന്തളി.	30.	സുഭാഷ് കലാസമിതി രാമന്തളി.
6.	മഹാത്മാസ്മാരക കൾചറൽ സെൻറർ, രാമന്തളി.	31.	ജയഭാരത് കക്കംപാറ.
7.	യുവജന കലാസമിതി കല്ലേറ്റുംകടവ്.	32.	നവഭാവന കുന്നത്തെരു.
8.	അഴീക്കോടൻ സ്മാരക കലാസമിതി കുന്നരു.	33.	ഹരിത കലാവേദി വടക്കുമ്പാട്.
9.	ടാഗോർ സ്മാരക വായനശാല, ഫ്രൻറ്സ് യൂനിയൻ ക്ലബ്ബ്.	34.	പ്രിയദർശിനി കൾച്ചറൽ സെൻറർ എട്ടിക്കുളം.
10.	വൈ.ആർ.സി. പള്ളിക്കെത്തോട്	35.	സോക്കർ - വടക്കുമ്പാട്.
11.	സ്പാർട്ടക്സ് രാമന്തളി.	36.	റെഡ്സ്റ്റാർ - കൊവ്വപ്പുറം
12.	പ്രിയദർശിനി കൾചറൽ സെൻറർ കക്കംപാറ.	37.	യുവതാര - കൊവ്വൽ.
13.	പാഞ്ചജന്യ മൊട്ടക്കുന്ന്.	38.	കൊവ്വൽ ബ്രദേർസ്.
14.	യുവജന കലാസമിതി-എട്ടിക്കുളം.	39.	ബ്ലാക്ക് കോബ്ര - വടക്കുമ്പാട്.
15.	വെള്ളാച്ചേരി ഗോവിന്ദൻ സ്മാരക ഗ്രന്ഥാലയം രാമന്തളി.	40.	യുവജന കലാസമിതി വടക്കുമ്പാട്.
16.	കമ്പയിൻറ് ബ്രദേർസ് കുന്നരു.	41.	ഇ.ബി.സി.സി. മൊട്ടക്കുന്ന്.
17.	കലാക്ഷേത്രം കുരിശുമുക്ക്.	42.	ഗംഗൻ മെമ്മോറിയൽ ആർട്ട്സ് സ്പോർട്ട്സ് ക്ലബ്ബ് കുന്നരു.
18.	ഓക്സിലറി ആർട്ട്സ് സ്പോർട്ടസ് ക്ലബ്ബ് രാമന്തളി.	43.	കരിയർ സ്റ്റഡിസെൻറർ രാമന്തളി.
19.	നേതാജി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് രാമന്തി	44.	ആർ.വൈ.സി.സി. വടക്കുമ്പാട്.
20.		45.	കാബൂളിവാല ആർട്ട്സ് സ്പോർട്ട്സ് ക്ലബ്ബ് വടക്കുമ്പാട്.
21.	സംഘം കുന്നരു.	46.	സോക്കർ കുന്നരു.
22.	കലിക കുന്നരു.	47.	വിജയ സ്പോർട്ട്സ് ക്ലബ്ബ് കുന്നരു.
23.	കുരുക്ഷേത്ര കുന്നരു.	48.	യുവധാര കക്കംപാറ.
24.	കെ. സി. വൈ. എം ഏഴിമല.	49.	മൈത്രി മഹിളാസമാജം രാമന്തളി.
25.	ബാഫഖിതങ്ങൾ മെമ്മോറിയൽ ലൈബ്രറി പാലക്കോട്.	50.	കുന്നരു മഹിളാസമാജം.



ആരോഗ്യവും കുടിവെള്ളവും

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ശുദ്ധജലം. ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രതിസന്ധി ഗുരുതരമാണ്. പഞ്ചായത്തിലെ 95% കുടുംബങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളേയാണ്. ആകെ 2387 കിണറുകളുള്ളതിൽ 1381 എണ്ണം ഉപയോഗശൂന്യമായതോ തൃപ്തികരമായ നിലയിൽ ജലലഭ്യതയില്ലാത്തതോ ആണ്. 853 കുടുംബങ്ങൾ സ്വന്തമായി കിണറില്ലാത്തവരാണ്. പഞ്ചായത്തിലെ മൊത്തം വിസ്തൃതിയുടെ ഏതാണ്ട് 65% പ്രദേശത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജനസംഖ്യയുടെ 60% ത്തോളം ആളുകൾ ഇതിന്റെ ഇരകളാണ്. പഞ്ചായത്തിലെ 10 വാർഡുകളിലും ഈ പ്രശ്നം നിലനിൽക്കുന്നു. പല കുടുംബങ്ങൾക്കും കുടിവെള്ളം ശേഖരിക്കുന്നതിനായി 1-3 കി.മീ. വരെ നടക്കേണ്ടിവരുന്നുണ്ട്.

നിലവിലുള്ള പദ്ധതികൾ:

കേരള വാട്ടർ അതോറിറ്റിയുടെ (KWA) ഒരു ജലവിതരണ പദ്ധതി മാത്രമേ പഞ്ചായത്തിന് പ്രയോജനപ്പെടുന്ന നിലയിൽ ഇവിടെ പ്രവർത്തിക്കുന്നുള്ളു. 40,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കും 6 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും 8215 മീ നീളത്തിൽ പൈപ്പ് ലൈനോടും കൂടിയ 'ഏട്ടിക്കുളം ഗ്രാമീണ ശുദ്ധജലപദ്ധതി' യാണിത്. ഇതിന്റെ ഭാഗമായി 40 പൊതുടാപ്പുകൾ സജ്ജീകരിച്ചിട്ടുണ്ട്. 90 വീടുകളിൽ പൈപ്പ് വെള്ളകണക്ഷൻ നൽകിയിട്ടുണ്ട്. ഇതിന്റെ ഇരട്ടിയോളം അപേക്ഷകരുണ്ടെങ്കിലും ടാങ്കിന്റെ സംഭരണശേഷി ഇവർക്കുകൂടി കണക്ഷൻ നൽകാൻ പര്യാപ്തമല്ല.

ശുദ്ധജല സ്രോതസ്സുകൾ

പട്ടിക - 1

കിണറുകൾ

പൊതുകിണറുകൾ			സ്വകാര്യകിണറുകൾ			കുഴൽ കിണറുകൾ	ആകെ കിണറുകൾ
ജലലഭ്യത			ജലലഭ്യത				
പൂർണ്ണം	ഭാഗികം	ഇല്ലാത്തത്	പൂർണ്ണം	ഭാഗികം	ഇല്ലാത്തത്		
15	5	6	985	892	478	6	2387

വലിയപറമ്പ് പഞ്ചായത്തിലേക്കും മാടായി പഞ്ചായത്തിലേക്കും ശുദ്ധജലവിതരണത്തിനായി മറ്റ് രണ്ട് പദ്ധതികൾകൂടി നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി പരിസരവാസികൾക്കുവേണ്ടി ഏർപ്പെടുത്തിയിരുന്ന പൊതുടാപ്പുകൾ വർഷങ്ങളായി പ്രവർത്തനക്ഷമമല്ല.

പുതിയ പദ്ധതികൾ :

30,000 ലിറ്റർ സംഭരണശേഷിയുള്ള നീലകരച്ചാൽ ശുദ്ധജലപദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് തൃപ്തികരമായ നിലയിൽ പ്രവർത്തനക്ഷമമായാൽ പാലക്കോട് മുതൽ കുന്നരു വടക്കേ ഭാഗം വരെയുള്ള ശുദ്ധജലക്ഷാമത്തിന് ഒരു പരിധിവരെ ശമനമുണ്ടാക്കാൻ സാധിക്കും. എന്നാൽ പ്രസ്തുത പൈപ്പ്ലൈൻ കുറുങ്കടവ് വരെയെങ്കിലും നീട്ടേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ VI, VIII വാർഡുകളിൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലേക്കും ഉപപൈപ്പ്ലൈനുകൾ സ്ഥാപിച്ച് വെള്ളം ലഭ്യമാക്കേണ്ടതുണ്ട്. KWA എസ്റ്റിമേറ്റ് അംഗീകരിച്ച് കരാർ നൽകിയ കൊവ്വപ്പുറം ശുദ്ധജലവിതരണ പദ്ധതി (III-ാം വാർഡ്) ആവശ്യമായ സ്ഥലം ലഭിക്കാത്തതിന്റെപേരിൽ നഷ്ടപ്പെട്ടേക്കുമോ എന്ന ഉത്കണ്ഠ അസ്ഥാനത്തല്ല. സ്ഥലം ലഭ്യമാക്കുന്നതിനായുള്ള ജാഗ്രതാപൂർണ്ണമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ഏട്ടിക്കുളം പദ്ധതി വിപുലീകരിക്കുന്നതിനായി നിലവിലുള്ള പദ്ധതിയുടെ പ്രവർത്തനശേഷിയുള്ള മറ്റൊരു ടാങ്കിന്റേയും കിണറിന്റേയും നിർമ്മാണപ്രവർത്തനങ്ങളും നടന്നുവരുന്നു.

പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ :

ഏട്ടിക്കുളം പ്രദേശത്ത് പദ്ധതിക്കാവശ്യമായ വോൾട്ടിലുള്ള വൈദ്യുതി ലഭിക്കാത്തത് ജലവിതരണ തടസ്സത്തിനുള്ള കാരണമായിത്തീരുന്നുണ്ട്. ഈ പദ്ധതിക്കുമാത്രമായി ഒരു ട്രാൻസ്ഫോർമർ അനുവദിച്ചുനൽകുന്നത് ഉചിതമായിരിക്കും. ടാങ്ക് താഴ്ന്ന പ്രദേശത്തായതിനാൽ ഉയർന്ന പ്രദേശങ്ങളായ മൊട്ടക്കുന്ന്, പള്ളിക്കോളനി എന്നിവിടങ്ങളിൽ കൃത്യമായി വെള്ളം എത്തുന്നില്ല. ഇതിന് പരിഹാരമെന്ന നിലയിൽ ഏട്ടിക്കുളത്ത് ഉയർന്ന പ്രദേശത്ത് ഒരു പദ്ധതിക്കായി KWA ഒരു കരട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നീലകരച്ചാൽ പദ്ധതിയോടനുബന്ധിച്ച് 1000 മീ. പൈപ്പ് ലൈനാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 400 മീ. തദ്ദേശവാസികൾക്ക് ജലം ലഭ്യമാക്കുന്നതിനും ബാക്കി 600 മീ. കുന്നരു-പാലക്കോട് റോഡിന്റെ ഓരത്തുള്ള പൈപ്പ്ലൈനിൽ കണക്റ്റ് ചെയ്യുന്നതിനും വേണ്ടിയാണ് ഉപയോഗിക്കുക. റദ്ദ് ചെയ്യപ്പെട്ട പാലക്കോട് പദ്ധതിയുടെ ഭാഗമായി പാലക്കോട് മുതൽ റോഡിന്റെ ഒരു വശത്തായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പൈപ്പ് ലൈനുകളും ടാപ്പുകളും പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ലൈനിലേക്ക് വെള്ളമെത്തിച്ച് നൽകുന്നതിനുമാത്രമെ നീലകരച്ചാൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതിവെച്ച് സാധിക്കൂ. ഈ പദ്ധതിയുടെ നിർമ്മാണഘട്ടം പൂർത്തിയാകുന്നതോടെ ഉയർന്നുവരുന്ന ഗുരുതരമായ ഒരു പ്രശ്നമാണിത്. ഇതിലേക്ക് അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്.

വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളേയും പരിഹാരനിർദ്ദേശങ്ങളേയും സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷ്മപരിശോധനയ്ക്കും വിശകലനത്തിനുമായി തുടർന്ന് ചേർത്തിരിക്കുന്നു.

പട്ടിക - 2
ശുദ്ധജലക്ഷാമമുള്ള പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	പരിഹാരനിർദ്ദേശം
1	പുഴയോര പ്രദേശങ്ങൾ, ഹരിജൻ കോളനി (ഉപ്പുവെള്ളം)	പുതിയ ശുദ്ധജലവിതരണ പദ്ധതികൾ അനുവദിക്കപ്പെടുക.
2	ചില ഭാഗങ്ങളിൽ പ്രശ്നം അനുഭവപ്പെടുന്നു. (നഞ്ച്, വരൾച്ച)	
3	കൊവ്വപ്പുറം, പള്ളിക്കത്തോടുമുതൽ വെള്ളാച്ചേരി റോഡുവരെ, ശിശുമന്ദിരത്തിനുസമീപം. (നഞ്ച് കലർന്ന വെള്ളം)	വലിയ പറമ്പിലേക്ക് കൊണ്ടുപോകുന്ന പൈപ്പ്ലൈനിൽനിന്നും കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കപ്പെടുക. കണ്ണങ്ങാട്ടുപ്രദേശത്ത് കിണർകുഴിച്ചച് പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിക്കുക. ശിശുമന്ദിരത്തിന് സമീപമുള്ള കിണർ നീരാഴം വരുത്തുക.
4	താവുരിയാട് ക്ഷേത്രപരിസരം, ഹൈസ്കൂൾ പരിസരം മൃഗാശുപത്രിക്ക് സമീപം നേവൽ ചെക്ക്പോസ്റ്റിന് സമീപം പഞ്ചായത്ത് ഓഫീസ് പരിസരം	ക്ഷേത്രപരിസരത്ത് പൊതുകിണർ നിർമ്മിക്കുക വില്ലേജ് ഓഫീസ് ഭൂമിയിൽ കിണർ നിർമ്മിക്കുക. കുഴൽകിണർ നിർമ്മിച്ചാൽ പ്രശ്നം പരിഹരിക്കാം. കുഴൽകിണർ നിർമ്മിക്കുക. പഞ്ചായത്ത് കിണർ വൃത്തിയാക്കുക, തളിക്കുളം എന്ന സ്ഥലത്ത് ശുദ്ധജലവിതരണപദ്ധതി വരികയാണെങ്കിൽ ഈ വാർഡിന്റെ മൊത്തം കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ സാധിക്കും.
5	കുന്നത്തെരു സ്കൂൾ പരിസരം പി.എച്ച്.സി. പരിസരം (കല്ലേറും കടവ്) തിരുവിലാംകുന്ന് ക്ഷേത്രത്തിനുസമീപം	ഉപയോഗശൂന്യമായി കിടക്കുന്ന 2 പൊതുകിണറുകളും കുഴൽകിണറുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുക. പെരിങ്ങവയൽ, പുല്ലാഞ്ഞാട്ട്, തിടിൽ എന്ന് സ്ഥലങ്ങളിൽ കിണറുകൾ നിർമ്മിച്ച് പമ്പിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കുക.
6	വാർഡിന്റെ എല്ലാ ഭാഗങ്ങളിലും പ്രശ്നം നിലനിൽക്കുന്നു.	നീലകരച്ചാൽ ശുദ്ധജലവിതരണപദ്ധതി അടിയന്തിരപ്രാധാന്യത്തോടെ പ്രവർത്തനക്ഷമമാക്കുക. പൈപ്പ്ലൈൻ കുറുങ്കടവ്വരെ നീട്ടുക. പ്രമാഞ്ചേരിക്കാവിനടുത്തുള്ള പഞ്ചായത്ത് കിണറിനോടനുബന്ധിച്ച് പമ്പിങ്ങ്സ്റ്റേഷൻ സ്ഥാപിക്കുക. മൂകാംബിക ക്ഷേത്രപരിസരത്തും കുണ്ടുങ്ങാതാഴെ എന്ന സ്ഥലത്തും പൊതുകിണറുകൾ നിർമ്മിച്ച് പമ്പിങ്ങ് സ്റ്റേഷനുകൾ സ്ഥാപിക്കുകവഴി പ്രശ്നം പരിഹരിക്കുവാൻ കഴിയും.

വാർഡ്	പ്രശ്നമേഖല	പരിഹാരനിർദ്ദേശം
7	പരത്തിക്കോട്, പുനരധിവാസകോളനി, ഓണപ്പറമ്പ, പത്തുസെൻറ്, നരിമട, ഏഴിമല ടോപ്-റോഡ് പ്രദേശം, കുരിശുമുക്ക്, മൂകാംബിക ക്ഷേത്രത്തിനു സമീപം, കാരന്താട് റോഡിന് പടിഞ്ഞാറ് മന്താൻ പാലം മുതൽ കുറുങ്കടവ് വരെ കിണറിൽ ഉപ്പുവെള്ളം.	1. 9-ാം വാർഡിലെ മാടവളപ്പിൽ (സ്വകാര്യവ്യക്തിയുടെ) പറമ്പിലുള്ള കിണറിൽനിന്ന് വെള്ളം പൈപ്പ്ലൈൻവഴി വിതരണം ചെയ്യാനുള്ള പദ്ധതി തയ്യാറാക്കുക. 2. നരിമടച്ചാൽ പ്രദേശത്ത് പൊതുകിണർ കുഴിക്കുക. 3. കാട്ടാമ്പള്ളി കാറയ്ക്കൽസമീപമുള്ള നീരുറവ ശാസ്ത്രീയമായി സംരക്ഷിക്കുക. 4. മൂകാംബികാക്ഷേത്രപരിസരത്ത് പൊതുകിണർ നിർമ്മിക്കുക. 5. നീലകരച്ചാൽ പദ്ധതിയുടെ ഭാഗമായി ചെരിച്ചിൽചാൽ പ്രദേശത്തേക്കും പൈപ്പ് ലൈൻ അനുവദിക്കുക. 6. കുഴൽകിണറുകളിൽനിന്നും ലഭിക്കുന്നത് മലിനജലമായതിനാൽ കുഴൽകിണറുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുക.
8	വാർഡ്മൊത്തത്തിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. തെക്ക് ടി.പി.യുടെ വീടുമുതൽ മന്താൻ പാലംവരെ റോഡിന് കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ. (ഉപ്പിൻറെ അംശം).	1. ഇല്ലപ്പറമ്പിലെ കുളം (പഞ്ചായത്തുവക 4 സെൻറ്) വൃത്തിയാക്കി കിണറാക്കി മാറ്റുക. 2. കരീച്ചാലിൽ ഒരു കുഴൽകിണർ (PVC പൈപ്പ്) നിർമ്മിക്കുക. 3. പുത്തൻപറമ്പിൽ കണ്ണസ്വാമിയുടെ പറമ്പിൽ പൊതുകിണർ നിർമ്മിക്കുക. (അനുവാദം ലഭിച്ചിട്ടുണ്ട്). 4. ചിറ്റടിയിലെ കിണർ വൃത്തിയാക്കുക. 5. 7-ാം വാർഡിലെ 1-ാം പരിഹാര നിർദ്ദേശം. 6. പുഴയിൽനിന്ന് ഉപ്പുവെള്ളം കയറുന്നത് തടയാൻ ക്രോസ്ബാർ നിർമ്മിക്കുക. 7. കൊറ്റംവള്ളി വളപ്പിലെ ഉപയോഗശൂന്യമായ കിണർ പഞ്ചായത്ത് ഏറ്റെടുക്കുക.
9	1.കക്കമ്പാറ (വേനൽ) 2.പാലക്കോട് 3. വലിയ കടപ്പുറം (ഉപ്പുരസം)	1. 7-ാം വാർഡിലെ 1-ാം നിർദ്ദേശം. 2. വലിയകടപ്പുറം പ്രദേശത്തുള്ള വലിയുറവിൽനിന്നും വെള്ളം സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. 3. ഒരു സ്വകാര്യവ്യക്തിയുടെ കിണറിൽ ലഭ്യമായ ശുദ്ധജലം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്.
10	1. ലക്ഷംവീട് മുതൽ അമ്പലക്കോളനി, നരപ്പൻചാൽവരെ. 2. പുതിയ ഭഗവതിക്ഷേത്രം മുതൽ കൊച്ചൻറപാറ വരെ 3. ആശുപത്രിമുതൽ നരപ്പൻചാൽവരെ 4. മൊട്ടക്കുന്ന് അമ്പലംമുതൽ അംഗൻവാടിവരെ. 5. മൊട്ടക്കുന്നിൽനിന്നും പള്ളിക്കോളനി സർവ്വേരിപാറമുതൽ കാരപ്പറമ്പിൽ വീടുവരെ. 6. മൊയ്ലാളിതോട് ഭാഗത്തേക്ക്.	1. മൊട്ടക്കുന്ന് അമ്പലത്തിനുസമീപം കൂടുതൽ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കണം. സ്ഥലം നാട്ടുകാർ സൗജന്യമായി നൽകും. 2. നിലവിൽ കേടായികിടക്കുന്ന ടാപ്പുകൾ റിപ്പയർ ചെയ്യുക. 3. ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈനുകൾ സ്ഥാപിക്കുക.

മറ്റു നിർദ്ദേശങ്ങൾ :

1. പൊതുകിണറുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കും സംരക്ഷണത്തിനുമായി ജനകീയസമിതികൾക്ക് രൂപം കൊടുക്കുക.
2. ജനകീയ സേവനസന്നദ്ധത പ്രയോജനപ്പെടുത്തി കൂടുതൽ കിണറുകൾ നിർമ്മിക്കുക.
3. ജലസംരക്ഷണത്തിന്റെ ആവശ്യകതയിലൂന്നി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
4. കുന്നരു-പാലക്കോട് റോഡിന് വശത്തൂടെ പാലക്കോട്മുതൽ കാരന്താട് വടക്കുവരെ മുമ്പ് സ്ഥാപിച്ചിട്ടുള്ള പൈപ്പ്ലൈനുകളുടേയും ടാപ്പുകളുടേയും നിലവിലുള്ള അവസ്ഥയെ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തി പുനർനിർമ്മാണത്തിനുള്ള പദ്ധതികൾ അടിയന്തിരമായും തയ്യാറാക്കുക.
5. തീരദേശവികസനപദ്ധതിയുടെ പരിധിയിൽപെടുന്ന പഞ്ചായത്തെന്ന പരിഗണന ഉപയോഗപ്പെടുത്തി കൂടുതൽ ശുദ്ധജലപദ്ധതികൾക്കായി സമ്മർദ്ദം ചെലുത്തുക.
6. വേനൽക്കാലത്ത് പഞ്ചായത്തിലുടനീളം ശുദ്ധജലം വാഹനമാർഗ്ഗം എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ജനകീയ സ്ക്വാഡുകൾ രൂപീകരിക്കുക.
7. ഏഴിമല - കാട്ടാമ്പള്ളി ഉറവ സംരക്ഷണവുമായി ബന്ധപ്പെട്ട ഉപദേശ നിർദ്ദേശങ്ങൾക്കും പദ്ധതിക്ക് രൂപം നൽകുന്നതിനുമായി 'മിനി ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെടുക.

നിലവിലുള്ള സാഹചര്യങ്ങളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുകയും ജനകീയമായ സേവനസന്നദ്ധത കൈമുതലാക്കി പുതിയ വികസന സംസ്കാരത്തിന് രൂപം കൊടുക്കുകയും ചെയ്ത് നമ്മുടെ പഞ്ചായത്തിലെ മറ്റ് പ്രശ്നങ്ങളെന്നപോലെ രൂക്ഷമായിത്തീർന്ന കുടിവെള്ളക്ഷാമവും പരിഹൃതമായിതീരുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ആരോഗ്യം :-

രോഗങ്ങൾക്കെതിരെ ദൈവപ്രീതികരങ്ങളായ അനുഷ്ഠാനങ്ങൾ സംഘടിപ്പിച്ചിരുന്നുവെന്ന് കാണിക്കുന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ ആരോഗ്യചരിത്രം. മാരകമാംവിധം പടർന്നുപിടിച്ചിരുന്ന വസൂരി ഏറെ ദുരിതംവിതച്ചു. 1942 ൽ കോളറ കൂട്ടമരണം വിതറി. പാരമ്പര്യവൈദ്യത്തിന്റെ നേർത്തനിഴൽ മാത്രമേ അന്ന് ആശ്വാസം പകരാനുണ്ടായിരുന്നുള്ളു. അതിനെക്കുറിച്ചുള്ള ജനങ്ങളുടെ ബോധ്യമില്ലായ്മ ഒരു പ്രധാന പ്രശ്നമായിരുന്നു. ഗർഭിണി മരണം സർവ്വസാധാരണമായിരുന്ന ആ കാലത്ത് ചികിൽസ ലഭ്യമാകാതെ മരിക്കുകയെന്നത് ഒട്ടും അതിശയമുളവാക്കുന്ന കാര്യമല്ലായിരുന്നു. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം നമുക്ക് ഇന്നത്തെ അവസ്ഥയെ അവലോകനം ചെയ്യേണ്ടതും പ്രശ്നങ്ങൾ ചർച്ചാവിഷയമാക്കേണ്ടതും.

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ തരംതിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക-3

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	2 (രണ്ട്)
ആയുർവേദ ഡിസ്പൻസറി	1 (ഒന്ന്)
കിനിക്ക് : അലോപ്പതി ഹോമിയോ	 1 (ഒന്ന്) 3 (മൂന്ന്)
കുടുംബക്ഷേമ ഉപകേന്ദ്രം	3

രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഒരു ആയുർവേദ ഡിസ്പൻസറിയും ഒരു അലോപ്പതി ക്ലിനിക്കും 3 ഹോമിയോ ക്ലിനിക്കുകളും 3 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ചേർന്നതാണ് നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസംവിധാനം. ഈ ആരോഗ്യസ്ഥാപനങ്ങൾ ജനങ്ങളുടെയിടയിൽ വേണ്ടത്ര സ്വാധീനം ചെലുത്തുന്നുണ്ടെന്ന് പറഞ്ഞുകൂടാ. രോഗികളെ കിടത്തി ചികിത്സിക്കാവുന്ന സൗകര്യമുള്ള ആശുപത്രി ഇവിടെയില്ല. അതുകൊണ്ടുതന്നെ ജനങ്ങൾ ചികിത്സക്കായി അടുത്തപ്രദേശങ്ങളായ പഴയങ്ങാടിയേയും പയ്യന്നൂരിനേയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. വിദഗ്ദ്ധ ചികിത്സ ആവശ്യമായിവരുമ്പോൾ കണ്ണൂർ, മംഗലാപുരം, മണിപ്പാൾ തുടങ്ങിയ കേന്ദ്രങ്ങളിലേക്കാണ് ജനങ്ങളെത്തുന്നത്. സാധാരണയായി ഉണ്ടാകുന്ന അസുഖങ്ങൾക്കുപോലും പയ്യന്നൂരിനെയും പഴയങ്ങാടിയേയും ആശ്രയിക്കേണ്ടിവരുന്നത് നമ്മുടെ ആരോഗ്യസ്ഥാപനങ്ങളും പരിമിതികളും അപര്യാപ്തതകളും കാരണമാണ്. അതേസമയം പയ്യന്നൂരിലും പഴയങ്ങാടിയിലും മറ്റും പ്രവർത്തിച്ചുകൊ

ണ്ടിരിക്കുന്ന സ്വകാര്യ ആശുപത്രികളിൽ ലഭ്യമാകുന്ന ചികിത്സയുടെ ഗുണനിലവാരവും പരിശോധിക്കപ്പെടേണ്ടതാണ്. നഴ്സുമാരിലും ടെക്നീഷ്യന്മാരിലും മറ്റും കൃത്യമായ യോഗ്യതയോ പരിചയസമ്പന്നതയോ ഇല്ലാത്ത വരടക്കം ഉൾപ്പെടുന്നുവെന്ന് തിരിച്ചറിയുമ്പോൾ മാത്രമേ നാം ഈ പ്രശ്നത്തെക്കുറിച്ച് ബോധമുള്ളവരായിത്തീരുന്നുള്ളൂ. ഇത് പരിശോധിക്കാൻ ഒരു ഔദ്യോഗിക സമിതി ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ ആരോഗ്യവകുപ്പിന്റെ കാര്യക്ഷമമായ നിയന്ത്രണവും സ്വകാര്യ ആശുപത്രികൾക്കുമേൽ കൂടി ഉണ്ടാകേണ്ടതാണ്.

1995-96 ലെ പഞ്ചായത്തിലെ രോഗാവസ്ഥയെപ്പറ്റി രണ്ട് PHC കളുടെ ശ്രദ്ധാപരിധിയിൽ വന്നിട്ടുള്ള വസ്തുതകൾ പട്ടിക 4ൽ ചേർത്തിരിക്കുന്നു.

പട്ടിക-4

ജല ജന്യരോഗങ്ങൾ	121
വായുജന്യ രോഗങ്ങൾ	187
പ്രാണിജന്യരോഗങ്ങൾ	25

ഈ പട്ടികയിൽ ചേർത്തിരിക്കുന്ന ജല, വായു, പ്രാണിജന്യ രോഗങ്ങളുടെ കണക്ക് വസ്തുനിഷ്ഠമല്ല. രോഗങ്ങളുടെ എണ്ണം കൂടുതലാണ്. പക്ഷെ നമ്മുടെ PHC കളിൽ ചികിത്സക്കായി എത്തിയവരെ സംബന്ധിച്ചുമാത്രമുള്ളതാണ് ഈ വിവരങ്ങൾ

പട്ടിക-5

1995-96 ലെ പഞ്ചായത്തിലെ ജനനമരണ നിരക്ക്

	പഞ്ചായത്തു ശരാശരി	സംസ്ഥാന ശരാശരി
ജനനനിരക്ക്	16	17
മരണനിരക്ക്	3.9	5.9

സ്ഥാപനങ്ങൾ, സേവനങ്ങൾ : രണ്ടു പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് ഇവിടുത്തെ പ്രധാന സ്ഥാപനങ്ങൾ. അതിലൊന്ന് എട്ടികുളത്തും മറ്റേത് രാമന്തളിയിലും സ്ഥിതിചെയ്യുന്നു. രണ്ടും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. രാമന്തളിയിൽ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും PHC അങ്ങോട്ടു മാറ്റിയിട്ടില്ല. ഒരു മെഡിക്കൽ ഓഫീസറുടെ സേവനമാണ് PHC കളിൽ ലഭ്യമായിവരുന്നത്. അതും ഉച്ചയ്ക്ക് 1 മണിവരെമാത്രം. അതിൽ തന്നെ ഔദ്യോഗിക ചടങ്ങുകളിൽ PHC യെ പ്രതിനിധീകരിച്ച് മെഡിക്കൽ ഓഫീസർക്ക് പങ്കെടുക്കേണ്ടി വരുമ്പോൾ ജനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ട്. ചുരുക്കം ചില മരുന്നുകളും PHC കളിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ആഴ്ചയിൽ പ്രത്യേകദിവസം നിശ്ചയിച്ച് പ്രതിരോധകുത്തിവയ്പ്പുകൾ നടത്തിവരുന്നു. ആകെ മൂന്നു കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ലഭ്യമാണ്.

പൊതുപ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ :

1. PHC കളിൽ ആംബുലൻസ്, ജനറേറ്റർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. ആശുപത്രികളായി ഉയർത്തുക.
3. കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. എല്ലാ വാർഡുകൾക്കും പ്രയോജനപ്പെടുന്ന നിലയിൽ കൂടുതൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ അനുവദിക്കുക.
5. രാമന്തളി PHC അടിയന്തിരമായി പുതിയ കെട്ടിടത്തിലേക്ക് മാറ്റുക.
6. കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
7. 2 വാർഡുകൾക്ക് ഒന്നെന്ന തോതിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുക.
8. ആവശ്യമായ വാഹനങ്ങൾ അനുവദിച്ചു നല്കുക.

ആയുർവേദ ഡിസ്പെൻസറി : ഗവ: ആയുർവേദ ഡിസ്പൻസറി കുന്നരുവിൽ (VIII -ാം വാർഡ്) പ്രവർത്തിച്ചുവരുന്നു. ജനങ്ങളെയടക്കം പങ്കാളിത്തത്തോടെ രാമന്തളി ആശുപത്രിയെന്നപോലെ ഡിസ്പൻസറിക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ ഒരു മെഡിക്കൽ ഓഫീസറുടെ സേവനം ദിവസവും ഉച്ചവരെ ലഭ്യമാണ്. മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. ധാരാളം ആളുകൾ ഈ സേവനം പ്രയോജനപ്പെടുത്തുന്നു.

പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ :

1. ആശുപത്രിയായി ഉയർത്തുക.
2. പുതിയ കെട്ടിടത്തിലേക്ക് മാറ്റുമ്പോൾ ശുദ്ധജലക്ഷാമം നേരിടേണ്ടിവരും.
3. ആയുർവേദത്തെ സംബന്ധിച്ച ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
4. ആവശ്യമായ ഔഷധങ്ങൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന രീതി വളർത്തിയെടുക്കുക. കഴിഞ്ഞ 4 വർഷം ചികിത്സ നേടിയവരുടെ എണ്ണം പട്ടിക-5ൽ ചേർത്തിരിക്കുന്നു.

പട്ടിക-6 (അവലംബം-സെക്കൻഡറി ഡാറ്റ, PHC)

സ്ഥാപനം	1992-93	1993-94	1994-95	1995-96
പ്രാഥമികാരോഗ്യകേന്ദ്രം, രാമന്തളി	7774	3067	5229	7168
പ്രാഥമീകാരോഗ്യകേന്ദ്രം, എട്ടിക്കുളം	3584	2965	3893	3929
ആയുർവേദ ഡിസ്പെൻസറി	20601	19639	19428	22803

മറ്റു വിവരങ്ങൾ :

പട്ടിക-7 (അവലംബം - സെക്കൻഡറി ഡാറ്റ, PHC)

സ്ഥാപനം	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
PHC, രാമന്തളി	IV	1989	9
PHC, എട്ടിക്കുളം	X	1974	14
ആയുർവേദ ഡിസ്പെൻസറി	VIII	1992	4

പഞ്ചായത്തിലെ സ്വകാര്യ ആരോഗ്യ ക്ലിനിക്കുകളുടെ എണ്ണവും വളരെ പരിമിതമാണ്. തീർത്തും അപര്യാപ്തമായ ആരോഗ്യസംവിധാനമാണ്. തീർത്തും അപര്യാപ്തമായ ആ ആരോഗ്യ സംവിധാനമാണ് ഇന്നു നിലനില്ക്കുന്നത്. വാർഡുകൾ തരംതിരിച്ചുള്ള വിവരങ്ങൾകൂടി പരിശോധിക്കുമ്പോഴേ ഇതിന്റെ യഥാർത്ഥ മുഖം നമുക്ക് തിരിച്ചറിയാൻ സാധിക്കൂ..

1 ാം വാർഡ് :- ആരോഗ്യസ്ഥാപനങ്ങളില്ല. ചിലയിടങ്ങളിൽ ചില കാലത്ത് ചിക്കൻപോക്സ് കാണപ്പെടുന്നു. ചികിത്സക്കായി പയ്യന്നൂരിനെ ആശ്രയിക്കുന്നു.

2 ാം വാർഡ് :- ഒരു സ്വകാര്യഹോമിയോ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. കുടുംബക്ഷേമഉപകേന്ദ്രം ഉണ്ട്. സ്വന്തമായി കെട്ടിടമില്ല. ചികിത്സക്കായി പയ്യന്നൂരിനെ ആശ്രയിക്കുന്നു.

3 ാം വാർഡ് :- ഒരു അലോപ്പതി ക്ലിനിക് നിലവിലുണ്ട്. ചില ഭാഗങ്ങളിൽ ചിക്കൻപോക്സ് കാണപ്പെടുന്നു.

4 ാം വാർഡ് :- PHC ഈ വാർഡിലാണ്. കൂടാതെ ഒരു സ്വകാര്യ ഹോമിയോ ക്ലിനിക്കും കുടുംബക്ഷേമ ഉപകേന്ദ്രവും നിലവിലുണ്ട്. ക്ഷയരോഗം കാണപ്പെടുന്നു.

5 ാം വാർഡ് :- കുടുംബക്ഷേമകേന്ദ്രമോ മറ്റു ആരോഗ്യ സ്ഥാപനങ്ങളോ ഇല്ല. ചികിത്സകൾക്കായി പയ്യന്നൂരിനെ ആശ്രയിക്കുന്നു.

6 ാം വാർഡ് :- സ്വകാര്യ ഹോമിയോ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല. ഈ വാർഡിനു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ 7-ാം വാർഡിൽ ഉണ്ടായിരുന്ന കുടുംബക്ഷേമ കേന്ദ്രം കെട്ടിട ദൗർലഭ്യത്തിന്റെ പേരിൽ അപ്രത്യക്ഷമായിരിക്കുകയാണ്. ചിക്കൻ പോക്സ് കണ്ടുവരുന്നു.

7 ാം വാർഡ് :- ചെങ്കണ്ണ്, ഛർദ്ദി അതിസാരം, പനി, ശ്വാസതടസ്സം തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. ആരോഗ്യസ്ഥാപനങ്ങളില്ല. ചികിത്സയ്ക്കായി പയ്യന്നൂരിനേയും ആശ്രയിക്കുന്നു.

8 ാം വാർഡ് :- ആയുർവേദ ഡിസ്പെൻസറിയും ഒരു സ്വകാര്യ ഹോമിയോ ക്ലിനിക്കും പ്രവർത്തിക്കുന്നു. ചിക്കൻ പോക്സ്, ചെങ്കണ്ണ് എന്നീ രോഗങ്ങൾ കണ്ടുവരുന്നു.

9 ാം വാർഡ് :- കുടുംബക്ഷേമ കേന്ദ്രം ഉണ്ട്. 'ചെങ്കണ്ണ്' കാണപ്പെടുന്നു.

10 ാം വാർഡ് :- PHC ഈ വാർഡിലാണ്. കൊതുകുശൈല്യം കൂടുതലാണ്.

കക്കൂസ് : ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ കക്കൂസുകളുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. വെളിമ്പ്രദേശങ്ങളിലെ മലവിസർജ്ജന ശീലം ചുരുക്കം ചില പ്രദേശങ്ങളിലെങ്കിലും വയറിളക്കം, ഛർദ്ദി തുടങ്ങിയ രോഗങ്ങൾക്ക് കാരണമായിത്തീരുന്നുണ്ട്. കക്കൂസുകളെ സംബന്ധിച്ച സമഗ്രസർവ്വേ പ്രകാരമുള്ള സ്ഥിതിവിവരകണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക-8

കക്കൂസ് ഇല്ലാത്ത വീടുകൾ	കക്കൂസ് ഉള്ള വീടുകൾ	ഇനം		
		സെപ്റ്റിക്	കിണർടൈപ്പ്	മറ്റുള്ളവ
1021	2187	1100	797	290

കക്കൂസില്ലാത്ത കുടുംബങ്ങളുടെ താഴ്ന്ന സാമ്പത്തികനിലവാരം പരിഗണിച്ച് ഇളവുകളോടുകൂടിയ വായ്പകളോ മറ്റു സഹായങ്ങളോ അനുവദിക്കപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ച് ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ഈ പ്രശ്നം രൂക്ഷമാണ്. ഇത്തരം സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ അഭികാമ്യമാണ്. 'ഓരോ വീട്ടിലും കക്കൂസ്' എന്നത് പ്രായോഗികമാകുമ്പോൾ മാത്രമേ നമ്മുക്ക് ആരോഗ്യരംഗത്ത് ഒരു അടിത്തറയുണ്ടാകൂ.

ശുചിത്വം :- ശുചിത്വം ആരോഗ്യത്തെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് ശുചിത്വം. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ ജനങ്ങൾ ഏറെക്കുറെ മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ ചിലപ്രദേശങ്ങളെങ്കിലും പിന്നിലായി പോകുന്നുണ്ട്. വ്യാവസായികമായുണ്ടാകുന്ന മലിനീകരണം പഞ്ചായത്തിൽ, തീരെയില്ല. വീടുകളോടു ചേർന്ന് തൊഴുത്ത് നിർമ്മിക്കുന്ന പ്രവണത ചിലയിടങ്ങളിൽ കണ്ടുവരുന്നുണ്ട്. അത് തടയപ്പെടേണ്ടതാണ്. അതിനായി ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും. ഇറച്ചിക്കോഴികൾ, പോത്ത്, ആട് എന്നിവയെ അറുത്ത് പുഴയിൽ ഒഴുക്കുന്നത് ചില വാർഡുകളിൽ പ്രശ്നമായിത്തീരുന്നുണ്ട്. ചില പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നതുമൂലം കൊതുകുകളുടെ ശല്യമുണ്ട്. മത്സ്യ, മാംസ വിപണനങ്ങൾക്കായി പ്രത്യേക സൗകര്യം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

പൊതുവായ ചില പ്രശ്നങ്ങൾ:- പഞ്ചായത്തിലുടനീളം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നു. നായ്ക്കളെ വളർത്തുന്നതിൽ പഞ്ചായത്ത് നിയന്ത്രണം ഏർപ്പെടുത്തുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവയെ നശിപ്പിക്കുകയും ചെയ്താൽ 'പേപ്പട്ടി വിഷബാധയെ'ക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ടിവരില്ല. നമുക്ക് വ്യായാമ കേന്ദ്രങ്ങളോ അതുപോലുള്ള പൊതു കായികവികസന കേന്ദ്രങ്ങളോ കുറവാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി ഇത്തരം കേന്ദ്രങ്ങൾക്ക് രൂപം നല്കുന്നത് ഉചിതമായിരിക്കും.

ശ്മശാനം : പഞ്ചായത്തിലെ പൊതുശ്മശാനങ്ങൾ 2 എണ്ണമാണ്. ഹരിജനങ്ങളുടെ 3 പ്രത്യേക ശ്മശാനങ്ങൾക്കായി സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. സാമുദായികാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ധാരാളം ശ്മശാനങ്ങൾ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങളൊന്നും ശ്രദ്ധ

യിൽപെട്ടിട്ടില്ല. പൊതുശ്മശാനങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റികൾ സജീവപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

കരമുട്ടം പള്ളിയുടെ സമീപത്തു പുതിയതായി നിർമ്മിച്ച ശ്മശാനം പരിസരവാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന പരാമർശം ബന്ധപ്പെട്ട ഗ്രാമസഭയിൽ നിന്നുയർന്നുവന്നിട്ടുണ്ട്. പൊതുശ്മശാനങ്ങളില്ലാത്ത ചില വാർഡുകളിൽ വീട്ടുവളപ്പിൽത്തന്നെ ശവസംസ്കാരം നടത്തുന്നത് ദൃഷ്യങ്ങൾക്കിടയാക്കുന്നുണ്ട്. ഇത് പരിശോധിക്കപ്പെടുകയും അത്തരം വാർഡുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും വേണം.

ഹെൽത്ത് കാർഡ് സംവിധാനം: പഞ്ചായത്തിലെ ജനങ്ങൾക്കായി അവരവരുടെ വ്യക്തിനിഷ്ഠമായ ആരോഗ്യ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഹെൽത്തു കാർഡുകൾ വിതരണം ചെയ്യുന്നത് ഗുണകരമായിരിക്കും.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ ഒരു സമഗ്ര ആരോഗ്യപദ്ധതിക്ക് രൂപം നല്കി നടപ്പിലാക്കാൻ നമുക്കു കഴിയേണ്ടതുണ്ട്. ആരോഗ്യമുള്ള ഒരു ജനതയ്ക്കു മാത്രമേ സാമൂഹ്യപുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കാൻ സാധിക്കുകയുള്ളു. നമ്മുടെ പഞ്ചായത്തിലെ പുരോഗതിയിലേക്കുള്ള ആദ്യപടിയെന്ന നിലയിൽ പുതിയ ഒരു ആരോഗ്യസംസ്കാരം പടുത്തുയർത്തേണ്ടതുണ്ട്. ●

ഗതാഗതം

ഏതൊരു നാടിന്റെയും പുരോഗതി മനസ്സിലാക്കാൻ ആ നാടിന്റെ ഗതാഗതരംഗത്തിന്റെ അവലോകനം മതിയാകും. നാടിന്റെ വിവിധ രംഗങ്ങളിലുള്ള പ്രത്യക്ഷവികസനങ്ങൾ പരോക്ഷമായി ഗതാഗതരംഗത്തിന്റെ വികസനത്തിന് പ്രോൽസാഹനം കൊടുക്കുന്നു. അതുകൊണ്ട്തന്നെ ഗതാഗതരംഗം നാടിന്റെ പുരോഗതിയുടെ അളവുകോലാണ്. പഴയകാലത്ത് ജനങ്ങളുടെ ആവശ്യങ്ങൾ പരിമിതമായിരുന്നു. കാലം കടന്നുപോയപ്പോൾ നാനാതുറകളിലും വികസനമുണ്ടായി, അതിലൂടെ കൂടുതൽ ഗതാഗതസൗകര്യങ്ങൾ ആവശ്യമായിത്തീർന്നു. ഇതുമൂലം നടപ്പാതകൾ ചെമ്മൺറോഡുകളായും അവ ടാർ ചെയ്ത റോഡുകളായും രൂപാന്തരപ്പെട്ടു. അങ്ങിനെ നടവഴിയായിരുന്ന പുന്നക്കടവ്-ഏട്ടിക്കുളം നടപ്പാത വീതികൂട്ടി രാമന്തളിയിലെ ആദ്യചെമ്മൺറോഡായി മാറ്റപ്പെട്ടു.

രാമന്തളി പഞ്ചായത്തിന് മറ്റ് പ്രദേശങ്ങളുമായ് ബന്ധപ്പെടാൻ ആദ്യകാലങ്ങളിൽ നാടൻ വള്ളങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. യാത്രക്കാർക്ക് മറുകര എത്താൻ കടവുകളും കടത്തുവള്ളങ്ങളും ബോട്ടുകളും നിലവിലുണ്ടായിരുന്നു. കടവുകൾ ലേലം മുഖേന ഏറ്റെടുക്കുന്ന പതിവായിരുന്നു ഉണ്ടായിരുന്നത്. ചൂളക്കടവ്, കുറുംകടവ്, പുതിയപുഴ, മൂലക്കടവ്, മുട്ടംകടവ്, ഓലക്കാൽകടവ്, രണ്ട് തെങ്ങ്കടവ്, മൗവനാൽകടവ് എന്നിവയായിരുന്നു പ്രധാന കടവുകൾ.

പഞ്ചായത്തിനകത്തേക്ക് സാധനങ്ങൾ കൊണ്ടുവരാനും പഞ്ചായത്തിനകത്തുള്ള സാധനസാമഗ്രികൾ മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാനും കെട്ടുവള്ളങ്ങളും ചീനകളും ഉപയോഗിച്ചു. കൃഷിയിടങ്ങളിൽനിന്ന് നെല്ല് കറ്റകളും മറ്റും രാമന്തളിയിൽ എത്തിച്ചിരുന്നത് ചീനവഴിയാണ്. രാമന്തളിയിൽനിന്ന് ചെങ്കല്ലുകൾ ചീനകൾവഴി മറ്റ് പ്രദേശങ്ങളിലേക്ക് കൊണ്ടുപോയി. കല്ല് കയറ്റുന്ന കടവിന് 'കല്ലേറ്റുംകടവ്' എന്ന പേരുപോലും ലഭിച്ചു.

1950-കളിൽ രാമന്തളിയിൽനിന്നും പറശ്ശിനിക്കടവ്, കയ്യൂർ ഭാഗങ്ങളിലേക്ക് ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. കാലക്രമേണ അത് നിലച്ചു. ഇന്നും ബോട്ട് ഗതാഗതം രാമന്തളിക്കാരുടെ പ്രധാന ആവശ്യമാണ്. 1950കളിൽ തന്നെ രാമന്തളി പഞ്ചായത്തിനകത്ത് വാഹനഗതാഗതം ഉണ്ടായിരുന്നു. ചങ്ങാടങ്ങൾ വഴിയാണ് പയ്യന്നൂരിൽനിന്നും വാഹനങ്ങൾ പുഴയിലൂടെ രാമന്തളിയിലെത്തിച്ചത്. അമ്പതുകളുടെ അവസാനകാലത്ത് മൂന്ന് നാല് ചെമ്മൺ റോഡുകൾ പഞ്ചായത്തിലുണ്ടായി. 1972-73 കാലഘട്ടത്തിൽ രാമന്തളി പഞ്ചായത്തിനെ പയ്യന്നൂരുമായി ബന്ധിച്ചുകൊണ്ട് പുന്നക്കടവ് പാലത്തിന്റെ പണിപൂർത്തിയായി. രാമന്തളിയുടെ പുരോഗമനപാതയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് പുന്നക്കടവ് പാലം. പാലത്തിന്റെ വരവോടുകൂടി പഞ്ചായത്ത്

വളർച്ചയുടെ പടവുകൾ കയറാൻ തുടങ്ങി. 1980 കളുടെ അവസാനം പണിതീർന്നെങ്കിലും ഇതുവരെ ഗതാഗത ത്തിന് തുറന്നുകൊടുക്കാത്ത പാലക്കോട് പാലമാണ് പഞ്ചായത്തിനെ അന്യപ്രദേശവുമായി ബന്ധിക്കുന്ന മറ്റൊരുപാലം. ഇത് തുറന്നുകൊടുക്കുമ്പോൾ ജില്ലാ ആസ്ഥാനത്തേക്കുള്ള ദൂരം വളരെ ഏറെ കുറയും. ഇത് രാമന്തളിക്കാർക്ക് സമയവും സമ്പത്തും ലാഭകരമാക്കുകയും ചെയ്യും.

8 കി.മീ. വരുന്ന പുന്നക്കടവ് ഏട്ടിക്കുളം റോഡാണ് പഞ്ചായത്തിൽ ആദ്യം ടാർ ചെയ്ത റോഡ്. ഇത് പി.ഡബ്ല്യു.ഡി.യുടെ കീഴിലാണ്. 21,249 ആളുകളും 29.99 ചതുരശ്രകി.മീ. വിസ്തീർണ്ണവുമുള്ള രാമന്തളി പഞ്ചാ യത്തിന് 53 കി.മീ. റോഡാണ് ഇന്നുള്ളത്. രാമന്തളിയിൽ ഇന്ന് കാണപ്പെടുന്ന മിക്ക റോഡുകളും നാട്ടുകാരു ടെ ശ്രമദാനഫലമായി ഉണ്ടാക്കപ്പെട്ടവയാണ്. 16 ൽ അധികം ബസ്സുകൾ പയ്യന്നൂർ-ഏട്ടിക്കുളം, പയ്യന്നൂർ-കു ന്നരു ഭാഗങ്ങളിലേക്ക് ദിവസം മൂന്നും നാലും തവണ സർവ്വീസ് നടത്തിവരുന്നുണ്ട്. ഓട്ടോ, ജീപ്പ്, ട്രക്കർ മുതലായ വാഹനങ്ങൾ നിരന്തരം രാമന്തളിയിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും ഇവയ്ക്ക് പാർക്കിംഗ് സൗക ര്യമില്ലാത്തത് ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു.

പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 53 കി.മീ. ആണ്. ഇതിൽ 18.32 കി.മീ. പഞ്ചായത്തിന്റെയും 35.6 കി.മീ. പി.ഡബ്ല്യു.ഡി.യുടെ റോഡുമാണ്. പഞ്ചായത്ത്, പി.ഡബ്ല്യു.ഡി. എന്നിവയുടെ റോഡുകളിൽ മൊ ത്തം 29.9 കി.മീ. ടാർ ചെയ്തതും 24.62 കി.മീ. ടാർ ചെയ്യാത്ത റോഡുമാണ് ഉള്ളത്. (പട്ടിക. 1 കാണുക).

പട്ടിക 1

ക്രമ നമ്പർ	ഉടമസ്ഥത	എണ്ണം	ടാർ ചെയ്ത്		ടാർ ചെയ്യാത്തത്		ആകെ കി.മീ.
			എണ്ണം	കി.മീ.	എണ്ണം.	കി.മീ.	
1	P.W.D.	7	6	27.600	1	8	35.600
2	പഞ്ചായത്ത്	21	3	2.300	19	16.020	18.320
			ആകെ	29.900		24.020	53.920

പഞ്ചായത്തിൽ നിലവിലുള്ള റോഡ് - പട്ടിക II

ക്രമ നമ്പർ	കടന്നു പോകുന്ന വാർഡ് നമ്പർ	റോഡിന്റെ പേര്		നീളം കി.മീ	നീളം മീ	വീതി മീ	തരം	ബസ്സുകളുടെ സഞ്ചാരം
1	1,2,3	പുന്നക്കടവ്-വടക്കുമ്പാട്-മുറിക്കുമ്പൻ	PWD	2	---	8	ടാറിട്ടത്	ഇല്ല
2	3,4,5,10	പുന്നക്കടവ്-ഏട്ടിക്കുളം	PWD	8	--	8	"	ഉണ്ട്
3	3,5,6,7,8,9	പുന്നക്കടവ്-പാലക്കോട്	PWD	8	--	8	"	ഉണ്ട്
4	1,2,3,4	പുളക്കടവ്-പോസ്റ്റോഫീസ്	PWD	3	400	8	"	ഇല്ല
5	9,10	ഏട്ടിക്കുളം കക്കംപാറ	PWD	3	400	8	"	ഉണ്ട്
6	7,8,9	ഏഴിമലടോപ്പ്റോഡ്	PWD	8	--	8	ടാറിടാത്തത്	ഇല്ല
7	4,5,6,7	ഫൊസ്കുർ-കുന്നു	PWD	2	800	8	ടാറിട്ടത്	"
8	6	പുതിയപുഴ-കാരാന്നാട്	പഞ്ചായത്ത്	0	500	6	ടാറിട്ടത്	"
9	4,5	മുഗാസ്പുരി-കല്ലോറുംകടവ്	"	1	000	8	ടാറിട്ടത്	"
10	3	വെള്ളാച്ചേരിഗോവിന്ദൻസ്മാരകറോഡ്	"	0	750	5	ടാറിട്ടത് 400മീ. ടാറിടാത്തത് 350മീ.	"
11	5,4	കല്ലോറുംകടവ്-ഹോസ്പിറ്റൽ	"	1	200	5	ടാറിടാത്തത്	"
12	4	ശാസ്താംകോട്ട റോഡ്	"	0	575	5	"	"
13	6,7	ഓണപ്പറമ്പ്-വട്ടപ്പറമ്പ്ചാൽ	"	1	250	8	"	"
14	8	കരമുട്ട-ചൊറിച്ചൽ	"	0	500	8	"	"
15	7,8	ചൊറിച്ചൽ-പരത്തിക്കാട്	"	3	400	8	"	"
16	9	പാലക്കോട്-ഏട്ടിക്കുളം ബിച്ച്	"	0	700	5	"	"
17	2	ടി.പി.മുഹമ്മദ്കുഞ്ഞിമൗലവിറോഡ്	"	0	600	5	"	
18	1,2	ഹാജിറോഡ്	"	1	025	5 1/2	"	"
19	9	പാലക്കോട്-വലിയകടപ്പുറം	"	0	420	8	"	"
20	7	വെള്ളംപാറ-നിലകരച്ചാൽ	"	1	000	8	"	"
21	3,1	കണ്ണങ്ങാട്ട്-രണ്ട്തെങ്ങ്	"	0	600	5	"	"
22	4	മൗവനത്താഴെറോഡ്	"	0	400	4	"	"
23	4,5	താവൂരിയാട്-ആസ്പത്രി	"	0	600	5	"	"
24	8	എടത്തുരുത്തി-മൂലക്കടവ്	"	0	950	8	"	"
25	10	ഏട്ടിക്കുളം-ആസ്പത്രിറോഡ്	"	1	000	6	"	
26	10	ഏട്ടിക്കുളം ബസാർ	"	0	450	4	"	"
27	5,6	കുറുംകടവ്-മിനിസ്റ്റേഡിയം	"	0	600	4	"	"
28	9	ഏട്ടിക്കുളംവലികടപ്രംബിച്ച്റോഡ്	"	0	400	8	"	"
		ആകെ		53	920			

ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട പുതിയ നടപ്പാതകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	നിർദ്ദേശിക്കപ്പെട്ട സ്ഥലം
1	1	ഹൈദ്രോസ്പള്ളിമുതൽ അമ്പച്ചിക്കുണ്ട്വരെ
2	1	വടക്കുമ്പാട് സെൻട്രലിൽനിന്നും ഹരിജൻകോളനിയിലേക്ക്
3	1	ചൂളക്കടവ് മുതൽ അണക്കെട്ട്വരെ
4	1	വായനശാല - പടിഞ്ഞാറ്
5	1	തെക്കൻപുര ഇടമുതൽ - കല്യായി തോടുവരെ
6	2	ഹാജിറോഡിൽനിന്നും മുണ്ടവളപ്പ്വരെ
7	2	കായംകുളം നടപ്പാത
8	2	ചൊക്യാട്ട് വയൽ - വയലകം
9	2	അപ്രോച്ച്റോഡ് - കരിഞ്ചീര പാലം
10	2	കുറുവന്തട്ട കഴകം-ഹാജിറോഡിന് കണക്റ്റ് ചെയ്ത്
11	2	പഞ്ചായത്ത് വായനശാലക്ക് തെക്കുഭാഗത്തുനിന്നും കക്കുളത്ത് ഭാഗത്തേക്ക്
12	3,2	വെള്ളാച്ചേരിറോഡിൽനിന്നും മുഹമ്മദ്കുഞ്ഞി റോഡിലേക്ക്
13	3	കൊവ്വപ്പുറത്തുനിന്ന് അക്കരയ്ക്ക് നടപ്പാത
14	3	ഒ.കെ.സ്മാരക കലാസമിതിമുതൽ തെക്കുമ്പാട് പള്ളിവരെ
15	4-5	ലൂർദ്മാതാപ്പള്ളിമുതൽ ഹൈസ്കൂൾ സ്റ്റെപ്പ്റോഡ്
16	5	പെരിങ്ങത്തോടിന് ഇരുവശത്തും നടപ്പാത (സ്ലാബ്വേണ്ട).
17	6,7	കാരന്താട് സെൻറർമുതൽ പാറോക്കാവ് വഴി
18	7	മൂകാംബിക-പത്ത്സെൻറ് 400 മീ. നടപ്പാത
19	7	ചെരിച്ചൽ പത്ത് സെൻറ് സ്റ്റെപ്പ്റോഡ്
20	7	പരത്തിക്കാട് ശ്മശാനത്തിൽനിന്ന് നടപ്പാത
21	7	പരത്തിക്കാട് കമ്മ്യൂണിറ്റിഹാളിൽനിന്ന് നടപ്പാത.
22	7	പരത്തിക്കാട് ട്രാൻസ്ഫോമറിന് സമീപത്തുനിന്നും മുകളിലെ ഭാഗത്തേക്ക് നടപ്പാത
23	1	പെരിയോട്ട് നടപ്പാത ഹാജിറോഡിൽനിന്ന്
24	6	മൂരിത്തോട്-കക്കോട്ട് നടവഴി
25	6	കാരന്താട് നീലകരച്ചാൽ നടപ്പാത
26	6	പരപ്പിൽതാഴെ - ഏഴിമത നടപ്പത
27	6	പുതിയപുഴക്കര പേരവയൽ നടപ്പാത
28	6	കാരന്താട് അഞ്ചുപൊതിപ്പാട് പുതിയപുഴക്കര നടപ്പാത
29	6	
30	8	ടാഗോർവായനശാലമുതൽ കൂനോത്ത് വളപ്പ്വഴി
31	8	നെടുപുറം കൂനോത്ത്മൂല നടപ്പാത
32	8	നെടുപുറം പാലക്കി കിണർവരെ നടവഴി
33	8	കുന്നരുറോഡിൽനിന്നും ചെരിച്ചൽചാലിലേക്കുള്ള വഴി
34	8	ടാഗോർസ്മാരക വായനശാലമുതൽ പാലക്കി കിണർവരെ
35	9	വലിയകടപ്പുറം മൂലമുതൽ - ഏട്ടിക്കുളം ബീച്ച്വരെ
36	9	വലിയകടപ്പുറം ഉമ്മാച്ചുമൂലമുതൽ പള്ളിക്കോളനി റോഡുവരെ
37	9	സ്കൂൾ നടപ്പാതമുതൽ ചുറ്റടിച്ചാൽവരെ സ്റ്റെപ്പ്റോഡ്
38	9	ഓലക്കാൽ നടപ്പാട്ടിൽ പ്രസ് മുതൽ കക്കംപാറ റോഡുവരെ
39	9	വലിയ കടപ്പുറം സെൻട്രലിൽനിന്നും മുകളിലേക്ക് സ്റ്റെപ്പ്റോഡ്
40	10	ഏട്ടിക്കുളം ബസാർ മുതൽ മുകളിൽ റോഡുവരെ സ്റ്റെപ്പ്റോഡ്
42	10	അമ്പലംറോഡ് മുതൽ നേവൽ അക്കാദമിഗേറ്റ്വരെ

നിലവിലുള്ള നടപ്പാതകൾ വീതികൂട്ടി റോഡ് നിർമ്മിക്കാൻ ഗ്രാമസമിതി ആവശ്യപ്പെട്ടവ

ക്രമ നമ്പർ	വാർഡ് നമ്പർ	നിർദ്ദേശിക്കപ്പെട്ട പുതിയ റോഡുകൾ
1	1	വടക്കുമ്പാട് സെൻട്രൽ-ജുമാമസ്ജിദ്
2	3	കൊവ്വപ്പുറം നായനാർ പറമ്പ് മുതൽ പടിഞ്ഞാറേക്കടവ് -തീരദേശറോഡ്
3	3,4	രാമന്തളി സെൻട്രലിൽനിന്ന് ഒ.കെ.സ്മാരക ശിശുമന്ദിരത്തിലേക്ക്
4	4	രാമന്തളി ചെക്ക്പോസ്റ്റിന് പടിഞ്ഞാറുള്ള നടപ്പാത
5	4	രാമന്തളി തെക്കേ മില്ലുമുതൽ തെക്കോട്ടുള്ള നടപ്പാത
6	4	വില്ലേജ് ഓഫീസ്-തിടിൽവയൽ- ദേവി ടാക്കീസിനടുത്തേക്കുള്ള നടപ്പാത വീതികൂട്ടി റോഡാക്കണം.
7	4	പാൽ സൊസൈറ്റി കോട്ടം റോഡ്
8	4	പഞ്ചായത്ത് ആല-ഹൈസ്കൂൾ റോഡ്
9	4	രാമന്തളി ദേവി ടാക്കീസിന് മുൻവശത്തുകൂടി കിഴക്കോട്ടുള്ള റോഡ്
10	4	തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രം - കളരി റോഡ്
11	4	ടാക്കീസുമുതൽ നായാട്ടുപാറ റോഡ്
12	4,5	മൃഗാസ്പത്രി കല്ലേറുംകടവ് റോഡുമുതൽ ഹൈസ്കൂൾ കുന്നരുറോഡ് (പുതിയ ആസ്പത്രിക്ക് സമീപം)
13	5	കല്ലേറുംകടവ് ആസ്പത്രിറോഡിൽനിന്നും കല്ലേറുംകടവ് മൃഗാസ്പത്രി റോഡിലേക്ക്.
14	5	കുന്നത്തെരു സ്കൂളിലേക്കുള്ള ഇടവഴി
15	5	കല്ലേറ്റുംകടവ് - മുച്ചിലോട് റോഡ്
16	5	കല്ലേറുംകടവ് മൃഗാസ്പത്രി റോഡുമുതൽ - കല്ലേറ്റുംകടവ് ആസ്പത്രിറോഡ്വരെ (കാട്ടൂർവീടിന് മുൻവശത്തുള്ള കിഴക്കോട്ടുള്ള ഇടവഴി)
17	5	താവൂരിയാട് ആസ്പത്രിറോഡിൽനിന്ന് കല്ലേറ്റുംകടവ് മുച്ചിലോട്ട്റോഡിലേക്ക്.
18	6	പ്രമാഞ്ചേരിക്കാവ് - കുറുംകടവ് റോഡ്
19	6	പുതിയ പുഴക്കര - പേരവയൽ ഹരിജൻ കോളനി റോഡ്
20	6	കുന്നരു വടക്കേഭാഗം മുതൽ രാമൻകൈ വരെ
21	6,7	കാരന്താട് സെൻറർ - പാറേക്കാവ് - ഏഴിമല റോഡ്
22	7	മന്ദാത്തോട് പാലം - നീലേരിച്ചാൽറോഡ്
23	7	മൊട്ടക്കുളം ടോപ്പ് റോഡ്
24	8	നടുപുറംമുതൽ കൂനോത്ത് മൂലവരെ
25	8	പുഞ്ചാക്കിത്തോടുമുതൽ - മുകളിലെ റോഡുവരെ
26	9	പാലക്കോട് വലിയകടപ്പുറം റോഡ്
27	9	പാലക്കോട് സ്കൂൾവഴി - പാലം അപ്രോച്ച് റോഡിലേക്ക്
28	9	പരത്തിക്കാട് വായനശാല - കുതിരക്കല്ല് - ടോപ്പ് ലിങ്ക് റോഡ്
29	9	കുമ്മായകുണ്ടുമുതൽ അയ്യപ്പമഠം വരെ
30	9	പാലക്കോട് കുഞ്ഞിത്തോട്മുതൽ സ്കൂൾഗ്രൗണ്ട് വരെ
31	9	പാലക്കോട് പള്ളിമുക്കുമുതൽ പാലംറോഡ്വരെ ലിങ്ക്റോഡ്
32	9	മൊട്ടക്കുന്ന് അമ്പലംറോഡ് - നേവൽഗേറ്റ്വരെ
33	9	പാലക്കോട് കടപ്പുറം - ഉറവ് പാലത്തിനടുത്തുനിന്ന് ലിങ്ക് റോഡ്
34	9	മൊട്ടക്കുന്നിൽനിന്ന് മൊയിലാളി ബീച്ചുവരെ
35	10	ഏട്ടിക്കുളം മൊട്ടക്കുന്ന് അമ്പലംറോഡ്
36	10	പുതിയ ഭഗവതിഅമ്പലം മുതൽ താഴ്ഭാഗത്തുകൂടി ശവംവച്ചപാറവരെ റോഡ്
37	10	അമ്പലപാറ ലക്ഷംവീട് കോളനിമുതൽ നരിപ്പൻചാൽറോഡ്

നിലവിലുള്ള റോഡുകൾ ടാർ ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടവ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്
1	1,2	കുറുവന്തട്ട അമ്പലം അഴുക്കാണം റോഡ്
2	1,2	ഹാജിറോഡിൽനിന്ന് തുടങ്ങി ചൂളക്കടവ്വരെ ഉള്ള റോഡ്
3	2	ഹാജി റോഡ്
4	2	ടി.പി. മുഹമ്മദ്കുഞ്ഞി റോഡ്
5	1,3	കണ്ണങ്കാട്ട് രണ്ട്തെങ്ങ് റോഡ്
6	3	വെള്ളാച്ചേരി റോഡ്
7	4	രാമന്തളി ശാസ്താംകോട്ട വയൽറോഡ്
8	4,5	താവുരിയാട് പ്രൈമറി ഹെൽത്ത്സെന്റർ റോഡ്
9	5	കല്ലേറുംകടവ് ആശുപത്രിറോഡ്
10	6	കുറുംകടവ് മിനി സ്റ്റേഡിയം റോഡ്
11	7	ചെരിച്ചലിൽനിന്നും കുരിശുമുക്കിലേക്കുള്ള റോഡ്
12	7	ഓണപ്പറമ്പ് പത്തുസെന്റ് റോഡ്
13	9	പാലക്കോട് വലിയകടപ്പുറംറോഡ്
14	9	കക്കംപാറ ഏഴിമല ടോപ്പ്റോഡ്
15	10	വലിയ കടപ്പുറം ഏട്ടിക്കുളം റോഡ്
16	10	ഏട്ടിക്കുളം ബസാർ റോഡ്.

പുതിയ നടപ്പാതകൾക്കും റോഡുകളുടെ ടാറിംഗിനും പുറമെ രണ്ട് പാലങ്ങളുടെ നിർമ്മാണത്തിനും ഗ്രാമസഭയിൽനിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.

1. കൊറ്റിക്കടവിന് പാലം.
2. പുതിയപുഴ പാലം.

ഇവയിൽ പുതിയപുഴ പാലത്തിനുവേണ്ടി 1993 ലെ പഞ്ചായത്ത് ഭരണസമിതി ആവശ്യം ഉന്നയിച്ച് അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നതാണ്. അതുപോലെ പുതിയ പുഴക്കര ജുമാഅത്ത് കമ്മിറ്റിയും ഈ ആവശ്യം ഉന്നയിച്ച് അപേക്ഷ നൽകിയിരുന്നു.

പ്രശ്നങ്ങൾ

നിരവധി ബസ്സുകളും മറ്റ് വാഹനങ്ങളും നിരന്തരം വന്നുംപോയ്ക്കൊണ്ടുമിരിക്കുന്ന രാമന്തളി പഞ്ചായത്തിൽ ഒരു ബസ്സ്റ്റാൻന്റേറാ ഓട്ടോസ്റ്റാന്റേറാ മറ്റ് പാർക്കിംഗ് സൗകര്യങ്ങളോ ഒന്നുംതന്നെ ഇല്ല എന്നത് എടുത്തുപറയാവുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവയാണ്. നിരവധി വാഹനങ്ങൾ പഞ്ചായത്തിനകത്ത് ഉള്ളവർക്കുണ്ടെങ്കിലും ഇവയെല്ലാംതന്നെ പയ്യന്നൂർ പാർക്കിംഗ് കേന്ദ്രമാക്കി ഓടിക്കൊണ്ടിരിക്കുന്നവയാണ്.

1. റോഡുകളുടെ ശോചനീയാവസ്ഥയും അറ്റകുറ്റപണികളുടെ അഭാവവും.
2. അമിതവേഗത.
3. നിർമ്മാണ പ്രക്രിയക്ക് അനുവദിക്കുന്ന ഫണ്ടിന്റെ ദുരുപയോഗം.
4. ഓടകളുടെ അഭാവം.
5. SC/ST വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ റോഡ് സൗകര്യമില്ല.
6. രാത്രികാലങ്ങളിൽ ബസ് സർവ്വീസ് ഇല്ല.
7. പുന്നക്കടവ് മുതൽ വടക്കുമ്പാട്വഴി ബസ് സർവ്വീസ് ഇല്ല.

നിർദ്ദേശങ്ങൾ

1. തീരെ ഗതാഗതസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തുക.
2. റോഡ് നിർമ്മാണം മുൻഗണനാക്രമം അനുസരിച്ച് നടത്തുക.
3. അറ്റകുറ്റപണികൾ ജനകീയകമ്മിറ്റികൾ വഴിനടത്തുകയും റോഡ് സംരക്ഷണത്തിന് പ്രാദേശികസമിതികളെയും ഏർപ്പെടുത്തുക.
4. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിച്ച് റോഡ് സംരക്ഷണം ഉറപ്പാക്കുക.
5. വാഹനഗതാഗതം കൂടുതലുള്ള പ്രധാന റോഡുകൾ ടാർ ചെയ്യുക.
6. അപ്രോച്ച്റോഡിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുകയും മുട്ടംപാലം പെട്ടെന്ന് തുറന്നുകൊടുക്കുകയും ചെയ്യുക.
7. റോഡുകളുടെവീതികൂട്ടി വളവുകൾ ഒഴിവാക്കി അപകടങ്ങൾ ഒഴിവാക്കുക.
8. സ്ട്രീറ്റ്ലൈറ്റുകളും ആവശ്യസ്ഥലങ്ങളിൽ സോഡിയംവേപ്പർ ലാമ്പുകളും സ്ഥാപിക്കുക.
9. പുന്നക്കടവിൽ ബസ് ഷെൽട്ടർ സ്ഥാപിക്കുക.
10. രാത്രികാലങ്ങളിൽ പഞ്ചായത്ത് പ്രദേശങ്ങളിലേക്കും തിരിച്ചും ബസ് സർവ്വീസ് ഉറപ്പാക്കുക.
11. K.S.R.T.C. ബസുകൾ സർവ്വീസ് നടത്തുക.
12. ടൂറിസ്റ്റുകളെ ആകർഷിക്കുന്നവിധത്തിൽ ജലഗതാഗതത്തിന് ആവശ്യമായ സൗകര്യങ്ങൾ പുന്നക്കടവ് പുഴയോരത്ത് ഒരുക്കുക.
13. രാമന്തളിയിൽ ബസ്സ്റ്റാൻറ് പണിയുക, കോട്ടപ്പുറം കൊറ്റിക്കടവ് ബോട്ട് സർവീസ് പാലക്കോട് വലിയ കടപ്പുറംവരെ നീട്ടുക.
14. പുന്നക്കടവ് പുഴയോരത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ, റിസോർട്ടുകളും ഉല്ലാസബോട്ട് സർവ്വീസുകളും ഏർപ്പെടുത്തുക. ●

ഊർജ്ജം

രാജ്യത്തിന്റെ വികസനം അവിടെ വിനിയോഗിക്കപ്പെടുന്ന ഊർജ്ജത്തിന്റെ അളവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഗാർഹികരംഗത്തെ ഉപഭോഗം ജീവിതനിലവാരം ഉയർത്തുന്നതിനും സാമൂഹ്യരംഗത്ത് അത് തൊഴിലവസരം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

പഞ്ചായത്തിലെ വീടുകളിൽ വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഇന്ധനമായി ഉപയോഗിക്കുമ്പോൾ കാർഷിക-വാണിജ്യ-വ്യവസായികരംഗത്തെ പ്രധാന ഊർജ്ജ സ്രോതസ് വൈദ്യുതി തന്നെയാണ്. 1968-ലാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭ്യമാകുന്നത്. ഇന്നും വൈദ്യുതീകരിക്കപ്പെടാത്ത പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.

കാക്കോൽ ആലപ്പടമ്പ് പഞ്ചായത്തിലെ കാക്കോൽ സബ്സ്റ്റേഷനിൽ (110 KV) നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. ഉപഭോക്താക്കളുടെ എണ്ണം ഏറിവരുന്ന ഈ പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് അനിവാര്യമായിരിക്കയാണ്.

പഞ്ചായത്തിലെ 3208 വീടുകളിൽ 2096 എണ്ണം വൈദ്യുതീകരിച്ചവയാണ്. സബ്സ്റ്റേഷനിൽ നിന്ന് അകലെ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പീക്ലോഡ് സമയത്ത് പലപ്പോഴും വൈദ്യുതബൾബിന്റെ ഫിലമെൻറ്പോലും കാണാത്ത അവസ്ഥ നിലവിലുണ്ട്. മിക്ക സ്ഥലങ്ങളിലും 10V-ൽ കുറഞ്ഞ വൈദ്യുതിയാണ് 230V-ന്റെ സ്ഥാനത്ത് ലഭിക്കുന്നതെന്നറിയുമ്പോൾ ഈ പഞ്ചായത്ത് നേരിടുന്ന വൈദ്യുതി പ്രതിസന്ധി പൂർണ്ണമാകുന്നു. വോൾട്ടേജ് കുറവ്മൂലം വെളിച്ചം ലഭിക്കാൻ മണ്ണെണ്ണവിളക്കിനെ ശരണം പ്രാപിക്കുന്ന വീടുകളുടെ എണ്ണം ഏറിവരുന്നു. കുറ്റ്യാടിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി, മലബാറിൽ വിതരണം ചെയ്യുമ്പോൾ ലൈൻ അധികഭാരം വഹിക്കുന്നതുമൂലം വോൾട്ടേജ് കുറയുന്നു. ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വിതരണലൈനുകളുടെ ദൈർഘ്യവും വൈദ്യുതി നഷ്ടമാക്കുന്നുണ്ട്. പഞ്ചായത്തിൽ ധാരാളം ഉപഭോക്താക്കൾ 110V ബൾബ് വെളിച്ചത്തിനായി ഉപയോഗിക്കുന്നുണ്ട്. സ്റ്റെപ്പ്-അപ്പും, സ്റ്റെബിലൈസറും ഉപയോഗിക്കുന്നവരും കുറവല്ല.

3208 വീടുകളുള്ള ഈ പഞ്ചായത്തിൽ 2711 വീടുകളിൽ ഇന്നും പഴഞ്ചൻ രീതിയിലുള്ള അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഇതുവഴി ധാരാളം ഇന്ധനം വ്യർത്ഥമായിപ്പോകുന്ന അവസ്ഥയാണുള്ളത്. 335 വീടുകളിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുമ്പോൾ ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത് 152 വീടുകളിൽ മാത്രമാണ്. 3 വീടുകളിൽ ഗോബർഗ്യാസും ഒരു വീട്ടിൽ ബയോഗ്യാസും ഇന്ധനമായി ഉപയോഗിക്കുന്നു. സൗരോർജ്ജറാന്തൽ ഉപയോഗിക്കുന്ന ഒരു വീടുണ്ട്. പ്രകൃതിയുടെ ഹരിതാഭനില നിർത്താൻ ബയോഗ്യാസ്, ഗോബർഗ്യാസ്, സൗരോർജ്ജം തുടങ്ങിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

ആകെ വീടുകൾ	വിറക്	മണ്ണെണ്ണ	എൽ.പി.ജി	ഗോബർ ഗ്യാസ്	ബയോഗ്യാസ്	മറ്റുള്ളവ
3208	2863	335	303	3	1	20

പ്രശ്നങ്ങൾ :

1. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. (പുലയംകടവ്, രാമങ്കെ, നീലേരിച്ചാൽ നരിമട, ചെരിച്ചൽ, കരീച്ചാൽ, കാരിക്കിച്ചാൽ, കല്ലേറ്റുംകടവ്, കുന്നരുതെക്കെഭാഗം ഹരിജൻ കോളനി, പേരവയൽ ഹരിജൻ കോളനി, കക്കമ്പാറ മുതൽ പള്ളിക്കോളനിവരെ, K.C. പാലം മുതൽ ചളക്കടവ്വരെ)
2. വോൾട്ടതകുറവ്, ഇടക്കിടെയുള്ള കട്ടുകൾ
3. ലൈനുകളിലെ തകരാറ് യഥാസമയം പരിഹരിക്കുന്നില്ല. (മരിച്ചില്ലകൾ മുറിച്ചുമാറ്റൽ തുടങ്ങിയവ)
4. അവശ്യസ്ഥലങ്ങളിൽപോലും ട്രാൻസ്ഫോർമറുകളില്ല.
5. ബോർഡ് ജീവനക്കാരുടെ കുറവ് മൂലം പ്രശ്നപരിഹാരത്തിന് കാലതാമസം നേരിടുന്നു.
6. വൈദ്യുതി കണക്ഷന് കാലതാമസം നേരിടുന്നതുമൂലം കാർഷികവ്യാവസായികരംഗത്ത് പ്രതിസന്ധി നിലനിൽക്കുന്നു.
7. വ്യാപകമായി 'സ്റ്റെപ്പ്-അപു'കൾ ഉപയോഗിക്കുന്നതുമൂലം നേരിടുന്ന വോൾട്ടത പ്രശ്നങ്ങൾ
8. വിറകുകൾ ആവശ്യത്തിന് ലഭിക്കുന്നില്ല.
9. തെരുവ് വിളക്കുകളുടെ അഭാവം
10. വീടുകളിലും മറ്റും അനാവശ്യമായി വൈദ്യുതി ഉപയോഗിക്കൽ.
11. അനെർട്ടിന്റെ ഊർജ്ജസംരക്ഷണരപവർത്തനങ്ങൾ ലഭ്യമാകുന്നില്ല.

സാധ്യതകൾ :

1. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ ലഭ്യമാക്കാൻ സംഘടിതശ്രമം ബോർഡിന്റെ സഹായത്തോടെ നടത്താവുന്നതാണ്.
2. കാങ്കോൽ സബ് സ്റ്റേഷന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതാണ്.
3. പഴകിയ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കണം.
4. വൈദ്യുതി ലൈനിൽ തട്ടുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതിനുള്ള പ്രവർത്തനം നടത്താവുന്നതാണ്.
5. ഊർജ്ജം ലഭിക്കുന്ന തരത്തിലുള്ള ദീപങ്ങൾ (C.F.L തുടങ്ങിയവ) പ്രചരിപ്പിക്കൽ
6. സിംഗിൾഫേസുകളെ ത്രീഫേസുകളാക്കി വിഭജിച്ച് നേരിയ തോതിൽ വോൾട്ടേജ് പ്രശ്നം പരിഹരിക്കാവുന്നതാണ്.
7. കാർഷിക മേഖലയിലെങ്കിലും വൈദ്യുതി അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കൽ.
8. വിറകുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യവനവൽക്കരണം.
9. ദക്ഷത കൂടിയ വിറകടുപ്പുകൾ പ്രചരിപ്പിക്കൽ.
10. ഗോബർ ഗ്യാസ്, ബയോഗ്യാസ്, സൗരോർജ്ജം തുടങ്ങിയ ഇന്ധനങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കൽ
11. എൽ.പി.ജി. വിതരണ പരിധിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തണം.
12. ആവശ്യസ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
13. വൈദ്യുതി ധൂർത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം.
14. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.
15. സൗരോർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമം നടത്താവുന്നതാണ്.
16. പയ്യന്നൂർ ബ്ലോക്കിന്റെ പരിധിയിൽ അനെർട്ടിന്റെ ഒരു ശാഖ ആരംഭിക്കണം.

മാർക്കറ്റ്

കൃഷിയും മത്സ്യബന്ധനവും പഞ്ചായത്തിലെ പ്രധാന തൊഴിൽ മേഖലയായിരുന്നുവെങ്കിലും ഉല്പന്നങ്ങൾ വിറ്റഴിക്കാനും വാങ്ങാനും ഒരു മാർക്കറ്റ് സ്ഥാപിക്കാൻ പഞ്ചായത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് സ്വന്തം ആവശ്യത്തിനുമാത്രമായിരുന്നു പച്ചക്കറികൃഷിയും മത്സ്യബന്ധനവുമൊക്കെ. ആവശ്യത്തിൽ അധികം വരികയാണെങ്കിൽ അവ തൊട്ടടുത്ത വീടുകളിൽ നല്കുകയായിരുന്നു പതിവ്. ഇതുകൊണ്ടാവാം ഇവയുടെ സംഭരണ വിതരണ പ്രക്രിയക്ക് ഒരു പൊതു സ്ഥലം എന്ന ആവശ്യം ഉയരാതിരുന്നത്. എന്നാൽ പഞ്ചായത്ത് ആല കേന്ദ്രമാക്കി ഒരു മത്സ്യമാർക്കറ്റ് കുറച്ചുനാൾ പ്രവർത്തിച്ചുവന്നെങ്കിലും പെട്ടെന്ന് അത് നിലച്ചുപോയി. ഇറച്ചിവില്പന കേന്ദ്രങ്ങൾ ഇന്നും ഉണ്ടെങ്കിലും അവ ചില പ്രത്യേക കേന്ദ്രങ്ങളിൽ ഒതുങ്ങിയിട്ടാണുള്ളത്.

ഇന്ന് എല്ലാവിധ കൃഷികളും ഒരു തൊഴിലായി സ്വീകരിച്ച് കൂടുതൽ ഉല്പാദനം നടത്തുകയും സ്വന്തം ആവശ്യത്തിനുപുറമേ മറ്റുള്ളവർക്ക് വില്ക്കാൻ പാകത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു പൊതുമാർക്കറ്റ് ആവശ്യമായ് തീർന്നിരിക്കുന്നു. ഇന്ന് പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളും തൊട്ടടുത്ത പയ്യന്നൂരിലാണ് വില്പന നടത്തുന്നത്. അതുപോലെ എല്ലാ ആവശ്യ സാധനങ്ങളും പയ്യന്നുരിൽ നിന്നാണ് രാമന്തളി പഞ്ചായത്തിൽ എത്തുന്നതും.

ഈ സാഹചര്യം ഒഴിവാക്കുക്കൊണ്ട് കാർഷിക ഉല്പന്നങ്ങൾ, കുടിൽവ്യവസായം മുഖേന ഉല്പാദിപ്പിക്കുന്നവയും, മത്സ്യം മുട്ട, ഇറച്ചി എന്നിവയും ഉല്പാദകർക്ക് കൊണ്ടുപോയി വില്ക്കാനും ആവശ്യക്കാർക്ക് വാങ്ങാനുമായി ഒരു മാർക്കറ്റ് പഞ്ചായത്തിൽ ഉയരുകയാണെങ്കിൽ ഈ മേഖലകളുടെ വളർച്ചയെ സഹായിക്കാനും സർവ്വോപരി പൊതുജനങ്ങൾക്ക് ആവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാനും കഴിയും.

നിർദ്ദേശങ്ങൾ:

സഹകരണമേഖലയിൽ പഞ്ചായത്തിൽ ഒരു മാർക്കറ്റ് തുടങ്ങണം ●



പാർപ്പിടം, സാമൂഹ്യക്ഷേമം, വനിത

പ്രാചീനകാലത്ത് കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന ഈ ഗ്രാമത്തിൽ പാർപ്പിടം ഒരു വലിയ പ്രശ്നമായിരുന്നില്ല. അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ പഴയകാലത്ത് ശൂന്യമായിക്കിടന്ന പ്രദേശങ്ങൾ അടക്കം ജനവാസയോഗ്യമായിത്തീർന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. പണ്ട് വീട്നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പ്രാദേശികമായിതന്നെ ലഭിച്ചിരുന്നു. ചെളി ഉരുട്ടുകട്ടകളാക്കി ചുമരുകളും പുറമ്പ്രദേശങ്ങളിൽനിന്ന് തലച്ചുമടായി ലഭിച്ചിരുന്ന ഓലകളും ഉപയോഗിച്ചുകൊണ്ടുള്ള ചാണകം മെഴുകിയ തറയോടുകൂടിയ കൊച്ചുഭവനങ്ങൾ ഒരിക്കൽ നമ്മുടെ ശുചിത്വബോധത്തിന്റെ പ്രതീകങ്ങളായിരുന്നു. പ്രധാനജന്മി കുടുംബങ്ങൾക്കും സവർണ്ണ മേധാവികൾക്കും മാത്രമാണ് നാലുകെട്ടുകളും ഇരുനിലമാളികകളും ഉണ്ടായിരുന്നത്. കല്ല്കൊത്ത് മേഖലയിൽ കൂടുതൽ തൊഴിലാളികൾ ഏർപ്പെട്ടുതുടങ്ങിയതോടെ കെട്ടിടനിർമ്മാണരംഗത്ത് ചെങ്കല്ല് വ്യാപകമായി ഉപയോഗിച്ചുതുടങ്ങി. ഇന്ന് ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന മേഖലയാണ് ചെങ്കല്ല് വ്യവസായം. സമീപകാലത്ത് കരിങ്കൽ ക്വാറികളുടെ ആവിർഭാവത്തോടുകൂടി കെട്ടിടനിർമ്മാണത്തിന് കരിങ്കല്ലും പ്രധാനഘടകമായി.

കൂറ്റൻ ഫലവൃക്ഷങ്ങൾ വളർന്ന് പന്തലിച്ചിരുന്ന പ്രദേശങ്ങൾ പാർപ്പിടപ്രശ്നം രൂക്ഷമായപ്പോൾ ശൂന്യമാക്കപ്പെട്ടു. സമീപപ്രദേശങ്ങളിൽ ഓട്ടുകമ്പനികളുയർന്നപ്പോൾ പുല്ലുമേഞ്ഞ കൊച്ചുവീടുകൾ ഓടുമേഞ്ഞ കെട്ടിടങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു.

നമ്മുടെ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷി, മൽസ്യബന്ധനം, കെട്ടിടനിർമ്മാണം, ചെങ്കല്ല്, കരിങ്കല്ല് മേഖലകളിൽ ജോലിചെയ്യുന്നവരാണെങ്കിലും ഗൾഫ്പണത്തിന്റെ സ്വാധീനം പഞ്ചായത്തിൽ നിർണ്ണായകമാണ്. ഗൾഫ്നാടുകളിൽ ജീവിതത്തിന്റെ ഗണ്യമായ ഭാഗം ഹോമിച്ച് സ്വരൂപിച്ച വലിയ തുക കോൺക്രീറ്റ് മന്ദിരങ്ങളുയർത്തി പ്രത്യുൽപാദനപരമാല്ലാതെ പണം ഒഴുക്കിക്കളയുന്ന പ്രവണത നമ്മുടെ പ്രദേശത്തും സജീവമായുണ്ട്.

കെട്ടിടങ്ങളുടെ തരംതിരിവ്

വാർഡ്	വീടിന്റെ എണ്ണം	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	301	117	159	20	
II	246	102	78	4	
III	394	133	268	8	
IV	291	67	216	3	
V	228	32	188	4	
VI	330	84	233	10	
VII	433	43	283	51	
VIII	291	96	198	13	
IX	340	108	215	14	
X	354	159	188	9	

സർക്കാർ തലത്തിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ ഗുണഫലം സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ളവർക്ക് ലഭ്യമായിട്ടുണ്ട്.

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകൾ	ഇനിയും അനുവദിക്കാത്ത വീടുകളുടെ എണ്ണം
I	10	18 പട്ടികജാതി	17	1	10
II	10	ഇല്ല	--	--	10
III	20	2 പട്ടികജാതി	2	--	20
IV	7	1 പട്ടികജാതി	1	--	7
V	10	1 പട്ടികജാതി	1	--	10
VI	19	6 പട്ടികജാതി	6	--	19
VII	59	6 പട്ടികജാതി	6	--	59
VIII	16	21 പട്ടികജാതി	18	3	16
IX	30	1 പട്ടികജാതി	1	--	30
X	25	1 മറ്റുസമുദായം	1	--	24

ജനകീയ പങ്കാളിത്തത്തോടെ കെട്ടിടനിർമ്മാണപദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ചില നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കുകയാണ്. ബാങ്കുകളും മറ്റും നൽകുന്ന ഭവനനിർമ്മാണവായ്പയുടെ പലിശ പ്രതിവർഷം 25000 രൂപവരെ വാർഷികവരുമാനമുള്ളവർക്ക് 6 ശതമാനമാക്കി തിട്ടപ്പെടുത്തുക. അതുപോലെതന്നെ പ്ലോട്ടടിസ്ഥാനത്തിൽ വീടുണ്ടാക്കി നിശ്ചിതവരുമാനക്കാർക്ക് നൽകുക.

കെട്ടിടനിർമ്മാണരംഗം

കൂലി ഇനം :- 1972-73 വർഷം വിദഗ്ധതൊഴിലാളി കൂലി - 8 രൂപ
" അവിദഗ്ധതൊഴിലാളി കൂലി - 5 രൂപ
1975 - 76 വർഷം യഥാക്രമം 10 രൂപ, 7 രൂപ യും
1992-93 ൽ " 80-90 രൂപ, 70-80 രൂപ
1994 കാലം 100-110 70-80 രൂപ
1995 - 96 90-125 90-100 രൂപ തുടങ്ങിയ നിരക്കിൽ പുരുഷന്മാർക്ക് കൂലി ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളികൾക്ക് ഈ കാലഘട്ടത്തിനിടക്ക് പരമാവധി വർദ്ധിച്ചിട്ടും 1996 ൽ ആകുമ്പോഴേക്കും 50 രൂപ മാത്രമേ കൂലി ലഭിക്കുന്നുള്ളു എന്ന് കാണുമ്പോൾ ആ രംഗത്തെ സ്ത്രീകൾ എത്രത്തോളം പിന്തള്ളപ്പെടുന്നു എന്നതിന്റെ വ്യക്തമായ ചിത്രമാണ് കാണുന്നത്. അവിദഗ്ധരായ പുരുഷതൊഴിലാളികളും സ്ത്രീ

തൊഴിലാളികളും ഏകദേശം ഒരേ ജോലിചെയ്യുമ്പോൾ തന്നെ കൂലിയിൽ പുരുഷതൊഴിലാളികൾക്ക് ഇരട്ടി വർദ്ധന ലഭിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണ സാമഗ്രികൾ

സിമൻറിന് 87-88 കാലഘട്ടത്തിൽ 70 രൂപയും 88 ൽ 100 രൂപയും 92-94 കാലഘട്ടത്തിൽ 150 രൂപയും 95-96 ൽ 190-200 രൂപയിൽ എത്തിനിൽക്കുന്നു. കല്ലിന് 1000 എണ്ണത്തിന് 1988 ൽ 3000 രൂപയും 89 ൽ 4000 വും 94-96 കാലയളവിൽ 6500 - 7000 രൂപയുമായി. ഇതുപോലെതന്നെ കോൺക്രീറ്റ് ജോലിക്കും ഓട്, മരം തുടങ്ങിയവയ്ക്കും ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ക്രമാതീതമായിട്ടുള്ള ചിലവിനിടയിലും സർക്കാർ നൽകുന്ന വായ്പാ പദ്ധതിയായ RLEGP, NREP, IAY, ARY, MWS രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി, റവന്യൂവകുപ്പ് വഴിയുള്ള പദ്ധതി തുടങ്ങിയ ഭവനനിർമ്മാണ വായ്പകൾ ഉയർത്താതെ പഴയ നിരക്കിൽതന്നെ നൽകുന്നതുകൊണ്ട് വായ്പയുടെ ഉദ്ദേശ്യം എത്രത്തോളം ലക്ഷ്യം കാണുന്നുണ്ടെന്ന് ചിന്തിക്കേണ്ട കാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ ഒന്ന്, ഒമ്പത്, പത്ത് വാർഡുകൾ കടലോരമായതിനാൽ പ്രകൃതിക്ഷോഭനാശം കൂടുതലാണ്. എന്നാൽ റവന്യൂവകുപ്പ് നൽകുന്ന നഷ്ടപരിഹാരസംഖ്യ പല നൂലാമാലകളും കടന്ന് അവകാശിയുടെ കൈകളിൽ എത്തുമ്പോൾ നഷ്ടത്തിന്റെ ഒരംശം പോലുമാകുന്നില്ലെന്ന -ദുഃഖസത്യത്തിന് നേരെ കണ്ണടച്ചിട്ട് കാര്യമില്ല.

പാർപ്പിടരംഗത്ത് പുതിയ തീരദേശസംരക്ഷണ നിയമം സങ്കീർണ്ണ പ്രശ്നമാണ് പഞ്ചായത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. ഒരുഭാഗം കടലും മൂന്നുഭാഗം പുഴയുമായി ചുറ്റപ്പെട്ട് ഒരു ദ്വീപ് പോലെ കിടക്കുന്ന നമ്മുടെ പഞ്ചായത്തിന് ഈ നിയമം ഒരു അശനിപാതമാണ്. പഞ്ചായത്തിലെ ഏതാണ്ടെല്ലാ വാർഡിലും ഇതിന്റെ പ്രത്യാഘാതങ്ങൾ വലുതാണ്. ഒരിക്കൽ ബന്ധങ്ങളും സ്വപ്നങ്ങളും തകർത്തുകൊണ്ട് ഗ്രാമവാസികളെ കുടിയിറക്കി വിടേണ്ടിവന്ന ഈ പഞ്ചായത്തിന് വീണ്ടും മറ്റൊരു കുടിയിറക്കിന്കൂടി മാപ്പുസാക്ഷിയാകേണ്ടിവരുമോ എന്ന ഉൽകണ്ഠ തീരദേശവാസികൾക്കുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം ഉണ്ടാക്കണം.
2. സിവിൽ സപ്ലൈസ് മുഖാന്തിരം കമ്പി, സിമൻറ് തുടങ്ങിയ സാമഗ്രികൾ വിതരണം ചെയ്യുക.
3. അഞ്ച് ലക്ഷത്തിൽ കൂടുതൽ സംഖ്യ ചെലവഴിച്ച് വീട് നിർമ്മിക്കുന്നവർക്ക് പ്രത്യേക സെസ് ചുമത്തി ആ സംഖ്യ വീടില്ലാത്തവർക്ക് വീടുവെച്ച് കൊടുക്കുവാനുള്ള ആവശ്യത്തിനായി ഉപകരിക്കണം.
4. വീട് വായ്പക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. കാലതാമസമൊഴിവാക്കാൻ വീടുവെക്കാനുള്ള വായ്പാവിതരണവും ഉപഭോക്താക്കളെ തിരഞ്ഞെടുകകലും പഞ്ചായത്ത് ബോർഡംഗങ്ങൾ ഉൾപ്പെടുന്ന ജനകീയ കമ്മിറ്റി മുഖാന്തിരമാകണം.
5. സർക്കാരിൽനിന്ന് കിട്ടുന്ന ആനുകൂല്യങ്ങൾ ജനങ്ങളെ അറിയിക്കുവാനും വീടില്ലാത്തവർക്ക് വീടുണ്ടാക്കാനുമായി അത്തരക്കാരും രാഷ്ട്രീയ സാംസ്കാരിക സംഘടനകളും മറ്റ് സന്നദ്ധ സംഘങ്ങളും കൂടി പഞ്ചായത്തിൽ ഒരുവർഷം പത്ത് വീടെങ്കിലും ഉണ്ടാക്കി വിതരണം ചെയ്യണം.
6. ഇപ്പോൾ സർക്കാരിൽനിന്നും ലഭിക്കുന്ന വായ്പ പരമാവധി 15,000 രൂപയാണ്. നിർമ്മാണ തൊഴിലാളികളുടെ കൂലിയും മറ്റ് സമാഗ്രികളും വിലക്കയറ്റവും ഈ സംഖ്യയ്ക്ക് ഒരു വീട് പണിയുക എന്നത് അസാധ്യമായിരിക്കുന്നതിനാൽ സർക്കാർ വായ്പ 30,000 രൂപയെങ്കിലും ആയി വർദ്ധിപ്പിക്കണം. സബ്സിഡി സംഖ്യയും പരമാവധി വർദ്ധിപ്പിക്കണം.

രാജീവ്ദശലക്ഷം പാർപ്പിടപദ്ധതി:-

ഈ വകുപ്പിൽനിന്ന് ഇപ്പോൾ കൊടുക്കുന്ന പരമാവധി സംഖ്യ 26,400 രൂപയാണ്. ഇത് ചുരുങ്ങിയത് 50,000 രൂപയെങ്കിലുമാക്കി ഉയർത്തണം. ഇതിനും സബ്സിഡി നൽകുകയും പലിശനിരക്ക് പരമാവധി കുറക്കുകയും വേണം. ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ അപേക്ഷിച്ചിട്ടും ആർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല. പ്രകൃതിനാശങ്ങളിൽ വീട് പരിപൂർണ്ണമായി നഷ്ടപ്പെട്ടാൽപോലും പരമാവധി 10,000/- രൂപയാണ് ഇന്ന് നൽകുന്നത്. ഈ സംഖ്യ തീരെ അപര്യാപ്തമാണ്. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും ഭാഗികമായി നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണം.

ഭവനരഹിതരായ ഭൂമി ഇല്ലാത്തവർക്ക് സർക്കാർ പുറമ്പോക്ക് സ്ഥലമോ, മിച്ചഭൂമിയോ മറ്റ് പഞ്ചായത്ത് ലീസ് ഭൂമിയോ അഞ്ച് സെൻറ്വീതം നൽകുകയും LIC തുടങ്ങിയ സ്ഥാപനങ്ങളുടെയും നിർമ്മിതികേന്ദ്രം പോലുള്ളവരുടെയും സഹായത്താലും ചെറിയ പലിശയ്ക്ക് വായ്പ നൽകുകയും വേണം.

ഇപ്രകാരം നിർമ്മിക്കുന്ന വീടുകളും ലഭിക്കുന്ന സ്ഥലവും 12 വർഷമെങ്കിലും ക്രയവിക്രയങ്ങൾ ചെയ്യാതിരിക്കാൻ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

സാമൂഹ്യക്ഷേമം :-

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെയും ഉന്നമനമാണ് സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രധാനലക്ഷ്യം. പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ കീഴിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി, തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡ് പുറമെ പട്ടികജാതി-വർഗ്ഗത്തിൽപെട്ടവരുടെ ഉന്നമനം എന്നിങ്ങനെ ഇതിന്റെ പ്രവർത്തനത്തെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ വിവിധതരം പദ്ധതികളെക്കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. ഈ വകുപ്പിനെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകാനുള്ള കൂട്ടായ പ്രവർത്തനവും അനർഹരെ ഒഴിവാക്കി അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ സത്വരനടപടികൾ ഉണ്ടാകണം.

ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ കിട്ടിയ ആനുകൂല്യങ്ങൾ താഴെ പറയുന്നു.

I കിണർ

I ാം വാർഡ്	-2
II ാം "	-1
III " "	- 3
IV " "	- 1
V " "	- 4
VI " "	- 9
VII " "	- 9
VIII " "	6
IX "	1
X " "	ഇല്ല

II കക്കൂസ്

I ാം വാർഡ്	-ഇല്ല
II "	ഇല്ല
III "	- 3
IV "	- 3
V "	- 3
VI "	- 6
VII "	- 22
VIII "	- ഇല്ല
IX "	- 1
X "	- ഇല്ല

III പമ്പ്സെറ്റുകൾ

I ാം വാർഡ്	-ഇല്ല
II " "	- 1
III " "	- 8
IV " "	-12
V " "	- 12
VI " "	- 6
VII " "	- 8
VIII " "	- 2
IX " "	- ഇല്ല
X " "	- ഇല്ല

IV തൊഴിൽഉപകരണങ്ങൾ

I ാം വാർഡ്	- ഇല്ല
II "	- 2
III "	- 3
IV "	- 4
V "	- 21
VI "	- 4
VII "	- 20
VIII "	16
IX "	- 1
X "	- ഇല്ല

നിർദ്ദേശങ്ങൾ :-

(A) IRDP സർവ്വെ നിഷ്പക്ഷമായി എല്ലാവർഷവും നടത്തി ലിസ്റ്റ് പൊതുജനങ്ങൾക്ക് പരിശോധിക്കാനായി പ്രസിദ്ധീകരിക്കണം.

(B) ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയാക്കണം.

(C) നാഷണലൈസ്ഡ് ബേങ്കുകൾക്ക് പുറമെ ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്ക് സഹകരണബേങ്കുകളിലൂടെ തന്നെ വായ്പ അനുവദിക്കണം. അതിനുള്ള ഫണ്ട് ജില്ലാ സംസ്ഥാന സഹകരണബേങ്കുകൾ സഹകരണ ബേങ്കുകൾക്ക് നൽകണം.

(D) കർഷക-കയർ തൊഴിലാളി, മൽസ്യതൊഴിലാളി, കെട്ടിടനിർമ്മാണതൊഴിലാളി തുടങ്ങിയ എല്ലാ തൊഴിലാളികൾക്കും നിർബന്ധമായും ക്ഷേമനിധി ഉണ്ടാക്കുകയും വീഴ്ചകൂടാതെ അവ തുടർന്നുപോകുവാൻ അവരെ ബോധവാന്മാരാക്കുകയും വേണം.

(E) വനിതാ വികസന കോർപ്പറേഷൻ ഓഫീസ് തിരുവനന്തപുരത്തായതിനാൽ അതിന്റെ ഗുണത്തെക്കുറിച്ച് ഭൂരിഭാഗം ആളുകളും അജ്ഞരാണ്. ഇത് പരിഹരിക്കാൻ ഓരോ ബ്ലോക്കോഫീസിലും ഇതിന്റെ ബ്യൂറോ തുറക്കണം.

പദ്ധതികൾ :-

ട്രൈസം :- 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർക്ക് തൊഴിൽപരിശീലനം കൊടുക്കുക എന്നതാണ് ലക്ഷ്യം. ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ തൊഴിൽ പരിശീലനംലഭിച്ചവരുടെ എണ്ണം താഴെ പറയുന്നു.

11 - 2 ട്രൈസം - തൊഴിൽപരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം	അവശേഷിക്കുന്നവർ
1	2	3	4	5	6
I	റേഡിയോ ആൻറ് ടി.വി. റിപ്പയറിംഗ്	1			NIL
	ഇലക്ട്രിക്കൽ റിപ്പയറിംഗ്	1	-	വേജ് എംപ്ലോയീസ്	
IV	കമ്പോസിംഗ് ആൻറ് പ്രിൻറിംഗ്	1	--	"	
V	വെൽഡിംഗ്	1	--	"	
VI	കമ്പോസിങ്ങ് ആൻറ് പ്രിൻറിംഗ്	1	--	"	
VII	ഇലക്ട്രിക്കൽ റിപ്പയറിംഗ്	1	--	"	
	പ്ലംബിങ്ങ്	3	--	"	
	റേഡിയോ ആൻറ് ടി.വി. റിപ്പയറിംഗ്	2	--	"	
	വെൽഡിംഗ്	1	--	"	
	ടൈപ്പ്റൈറ്റിംഗ്	1	--	"	
	കമ്പോസിങ്ങ് ആൻറ് പ്രിൻറിംഗ്	1	--	"	
VIII	"	3	--	"	
	ഇലക്ട്രീഷ്യൻ	3	--	"	
X	കമ്പോസിംഗ് ആൻറ് പ്രിൻറിംഗ്	1	--	"	

ഈ പദ്ധതിയുടെ പോരായ്മ വേണ്ടപ്രകാരമുള്ള പരിശീലനം ഇതിന്റെ കാലയളവിൽ ലഭിക്കുന്നില്ല എന്നതാണ്. ഉദാഹരണമായി തയ്യൽപരിശീലനത്തിനുള്ള കാലാവധി ആറുമാസംകഴിഞ്ഞ് ഒരിക്കലും എല്ലാം പഠിച്ച് ഒരു തയ്യൽക്കാരനാകാൻ സാധ്യമല്ല എന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട്.

I പരിശീലന കാലാവധി വർധിപ്പിക്കുക.

II വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽഉറപ്പുവരുത്തുക.

III സ്വയംതൊഴിൽ കണ്ടെത്താൻ പലിശരഹിതവായ്പ അനുവദിക്കുക.

IV പരിശീലനകാലത്തെ സ്റ്റൈപ്പൻറ് കൂട്ടുക.

V പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങിയാലും സാമൂഹ്യക്ഷേമ ജീവനക്കാർ തൊഴിലിനെക്കുറിച്ചും സ്ഥാപനത്തെക്കുറിച്ചും അന്വേഷിക്കുകയും അപ്പപ്പോൾ വേണ്ടുന്ന ഉപദേശനിർദ്ദേശങ്ങൾ നൽകുകയും വേണം.

ടൂൾകിറ്റ് :- ഗ്രാമീണതൊഴിലാളികൾക്ക് നവീനതൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആവശ്യത്തിന് ഉപകരണങ്ങൾ ആവശ്യത്തിനോ, യഥാസമയമോ ലഭിക്കുന്നില്ല. കൂടാതെ ഇതിന് കിട്ടുന്ന സംഖ്യ ഈ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നും അത് ലഭിച്ചത്കൊണ്ട് അവരുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഈ സ്കീമിൽ താഴെപറയുംപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ് നമ്പർ	IRDP സർവ്വെ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ച വരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
I	--	--	--	NAL വിഭാഗത്തിൽ കല്ല്ചെത്ത്, കല്ല്കെട്ട്, കൽപണി, കരിങ്കൽ പണി എന്നിവയ്ക്ക്കൂടി RAP സ്കീമിൽപെടുത്തിയാണ് ഉപകരണങ്ങൾ കൊടുത്തത്.
II	--	2	--	
III	13	3	10	
IV	1	4	--	
V	4	21	--	
VI	1	4	--	
VII	32	20	12	
VIII	7	16	---	
IX	--	1	---	
X	---	---	---	

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം(RDP സർവ്വെപ്രകാരം)	വിവിധപരിപാടികളിൽ അനുവദിച്ച കക്കൂസുകളുടെഎണ്ണം. (1992നുശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	36	--	--	36
II	31	--	--	31
III	70	3	3	67
IV	38	3	3	35
V	87	3	3	84
VI	98	6	4	92
VII	202	22	15	180
VIII	121	--	---	121
IX	169	1	1	169
X	80	---	---	80

ഈ പദ്ധതിപ്രകാരം ഒട്ടേറെപേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതിയുടെ ഗുണഫലം കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന തുക തീരെ അപര്യാപ്തമാണ് എന്നതിനാൽ തുക വർദ്ധിപ്പിക്കേണ്ടതുണ്ട്.

വില്ലേജ് ഓഫീസ് ക്ഷേമപദ്ധതി:-

വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയവ ഇതിൽപെടുന്നു. എപ്പോഴും ഏറ്റവും അധികം ആക്ഷേപങ്ങൾ ഉണ്ടാവുന്നത് ഈ പദ്ധതിയെക്കുറിച്ചാണ്. പരമാവധി കാലതാമസംകൂടാതെ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ മുൻകൈ എടുക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ കർഷകരെ,ാഴിലാളി പെൻഷൻവാങ്ങുന്നവർ 185 ഉം തൊഴിൽരഹിതവേതനം വാങ്ങുന്നവർ 41ഉം വിധവാപെൻഷൻ 209 ഉം മറ്റ് പെൻഷനുകൾ കൈപ്പറ്റുന്നത് 115ഉം ആണ്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ ഒരുവലിയ നിര തന്നെ ഇവിടെയുണ്ട്. കഴിഞ്ഞ കുറേ വർഷമായി തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നവരുടെ എണ്ണം താഴെപറയുന്നു.

I	ാം വാർഡ്	- 6
II	"	- 9
III	"	- 8
IV	"	- 3
V	"	- 7

VI " - 1
VII " - 5
VIII " - 2
IX " - ഇല്ല
X " - ഇല്ല

അംഗൻവാടികൾ :-

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കേണ്ടവയാണ് അംഗൻവാടികൾ. നമ്മുടെ പഞ്ചായത്തിൽ 20 അംഗൻവാടികളും ഒരു ശിശുമന്ദിരവുമുണ്ട്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS ന്റെ ലക്ഷ്യം. അംഗൻവാടികളുടെ എണ്ണംകൊണ്ടുമാത്രം ലക്ഷ്യം പൂർത്തിയാകില്ലല്ലോ? എണ്ണത്തേക്കാൾ അതിന്റെ പ്രവർത്തനത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അപ്രകാരം ചിന്തിക്കുമ്പോഴാണ് ഇത്തരം സ്ഥാപനങ്ങളുടെയും അവയുടെ ജീവനക്കാരുടെയും ശോച്യാവസ്ഥയിലേക്ക് വിരൽചൂണ്ടേണ്ടിവരുന്നത്.

അംഗൻവാടികളുടെ ക്ഷേമത്തിനായി ചില നിർദ്ദേശങ്ങൾ:

1. അംഗൻവാടിജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവനവേതനവ്യവസ്ഥകൾ പരിഷ്കരിക്കുക.
2. ഏതെങ്കിലും സാമ്പത്തിക ഏജൻസിയോ JRY ഫണ്ടോ ഉപയോഗിച്ച് സ്വന്തമായി കെട്ടിടമുണ്ടാക്കുക.
3. കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം പഞ്ചായത്ത് നൽകുക.
4. അംഗൻവാടികളിൽ കുട്ടികളെ വേണ്ടത്ര ലഭിക്കുന്നില്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്. DWCRA ഫണ്ടിൽ നിന്ന് സന്നദ്ധസംഘങ്ങളുടെ സഹായത്തോടുകൂടി കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്നതിനായി മെച്ചപ്പെട്ട പഠനോപകരണങ്ങളും കളിക്കോപ്പുകളും വാങ്ങിക്കേണ്ടതാണ്.
5. വനിതകൾക്കായി അംഗൻവാടി കേന്ദ്രീകരിച്ച് സമിതികളും ബോധവൽക്കരണക്ലാസും നടത്തി സർക്കാരിൽ നിന്ന് ലഭിക്കേണ്ടുന്ന പോഷകാഹാരങ്ങൾ മരുന്നുകൾ മറ്റ് ചെറിയ ചെറിയ സാമ്പത്തികസഹായങ്ങൾ തുടങ്ങിയവ നേടുന്നതിന് അംഗൻവാടി സമിതികൾ നിർദ്ദേശിക്കുന്നവർക്ക് മുൻഗണന നൽകുകയും വേണം.
6. സാമൂഹ്യക്ഷേമപദ്ധതിപ്രകാരം നടപ്പിലാക്കുന്ന പല പദ്ധതികളെയുംകുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് അംഗൻവാടി ജീവനക്കാർ മുന്നിട്ടിറങ്ങണം.

ക്ഷേമനിധി :-

1. ഈ പദ്ധതിയിൽ പെടുന്നവർ അധികവും കഠിനാദ്ധ്വാനം ചെയ്യുന്നവരായതുകൊണ്ട് അമ്പത് വയസ്സാകുമ്പോഴേക്കും തളർന്നുപോകുന്നു. ആയതുകൊണ്ട് അമ്പത് വയസ്സ് പൂർത്തിയായ ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പെൻഷൻ നൽകേണ്ടതാണ്.
2. ക്ഷേമനിധിയിൽ അംഗമാകുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ വിവാഹത്തിനുമായി സാമ്പത്തികസഹായം ചെയ്യേണ്ടതാണ്.
3. പല കൈത്തൊഴിലുകാരും ഇന്നും നമ്മുടെ പഞ്ചായത്തിൽ ക്ഷേമനിധിയിൽ അംഗമായിട്ടില്ല. അവരെ നിർബന്ധിച്ച് അംഗങ്ങളാക്കേണ്ടതുണ്ട്.
4. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനും അവ അർഹർക്ക് തന്നെ ലഭിക്കുവാനും നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

പൊതുവിതരണം :-

പഞ്ചായത്തിൽ ആകെ 8 റേഷൻഷാപ്പുണ്ട്. 1996 വരെ നമ്മുടെ ഗ്രാമത്തിൽ റേഷൻ കാർഡുകൾ ഉണ്ട്.

1. ഇന്നത്തെ പൊതുവിതരണസമ്പ്രദായം മാറ്റി റേഷനിംഗ് ആക്ട്പ്രകാരമുള്ള റേഷൻഷാപ്പ് തന്നെയാക്കി

പൊതുവിതരണകേന്ദ്രത്തെ മാറ്റണം.

2. റേഷൻകാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ നൽകലും കാർഡ് അനുവദിക്കലും പഞ്ചായത്ത് മുഖാന്തിരമാക്കണം.
3. ജനങ്ങളെ ബോധവൽക്കരിക്കാനും ഉപഭോക്തൃമേഖല കുറ്റമറ്റതാക്കാനും പഞ്ചായത്ത് ഉപഭോക്തൃഫോറം രൂപീകരിക്കണം.
4. വിലനിലവാരം പിടിച്ചുനിർത്താൻ എല്ലാ ഭക്ഷ്യവസ്തുക്കളും റേഷൻഷാപ്പ് വഴി വിതരണം ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണം.
5. രാമന്തളി പഞ്ചായത്തിലെ ഏക കോ-ഓപ്പറേറ്റീവ് സ്റ്റോർ മാവേലി സ്റ്റോറാക്കി മാറ്റി. എല്ലാ അവശ്യവസ്തുക്കളും അതുവഴി വിതരണം ചെയ്യണം.

വനിത

സ്ത്രീയെ അമ്മയായും ദേവിയായും പ്രകൃതിയായും ആരാധിച്ച് അവർക്ക് മഹത്സ്ഥാനം നൽകിയ ഒരു സമൂഹത്തിന്റെ പിന്തുടർച്ചക്കാരാണ് നാം. അവരുടെ മഹത്വത്തെപ്പറ്റി, ത്യാഗത്തെപ്പറ്റി, ക്ഷമാശീലത്തെപ്പറ്റി ഒരുപാട് കഥകൾ പുരാണങ്ങളിൽ കാണാം. ലോകത്തിന്റെ ഗതിമാറ്റിയ പല സംഭവപരമ്പരകളുടെ പിന്നിലെ ശക്തി സ്ത്രീയാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. സമൂഹത്തിൽ പൊതുവേ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളും കഷ്ടപ്പാടുകളും ഈ ഗ്രാമത്തിനും ബാധകമാണ്. പുരുഷനോടൊപ്പം തോളോടുതോൾ ചേർന്ന് പാടത്തും പറമ്പത്തും വെയിൽചായുന്നതുവരെ ജോലിചെയ്ത് വീട്ടിലെത്തിയാലും സ്ത്രീകൾക്ക് അടുക്കളയിൽ പാതിരാവരെ ജോലിയാണ്. സ്ത്രീ അനുഷ്ഠിക്കുന്ന ഇരട്ടജോലിക്ക് മതിയായ പരിഗണന ലഭിക്കുന്നില്ല.

നമ്മുടെ ഗ്രാമസഭകളിൽനിന്നും ഏകസ്വരത്തിൽകേട്ട സ്വരമാണ് "പരിപൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക" എന്നത്. ചാരായനിരോധനംകൊണ്ട് ചെറിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിന്റെ ദൂഷ്യഫലങ്ങൾ ഇന്നും മാറ്റമില്ലാതെ സമൂഹം അനുഭവിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ :-

1. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽവരുത്തുക.
2. വ്യാജചാരായം പരിപൂർണ്ണമായി തടയുവാൻ കൂടുതൽ പൊലീസ്-എക്സൈസ്കാരെ നിയമിക്കുക.
3. വ്യാജവാറ്റുകാർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുക. അത്തരക്കാരെപറ്റി വിവരം നൽകുന്നവർക്ക് പാരിതോഷികവും സംരക്ഷണവും നൽകുക.
4. വ്യാജവാറ്റുകാർക്ക് എതിരെ ചില വാർഡുകളിൽ സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ വാർഡിലും ജനകീയ കമ്മിറ്റി രൂപീകരിക്കുകയും ഗ്രാമപഞ്ചായത്ത് അതിന് നേതൃത്വം നൽകുകയും വേണം.
5. മദ്യപാനികളെ കണ്ടെത്തി അവർക്ക് ബോധവൽക്കരണം നടത്തുകയും ഒരുതരത്തിലും നന്നാവാത്തവരെ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ മെമ്പർഷിപ്പ് നൽകാതെയും മറ്റ് പരിപാടികളിൽ പങ്കെടുപ്പിക്കാതെ ഒറ്റപ്പെടുത്തുകയും വേണം.
6. വ്യാജചാരായം വിൽക്കുന്നവരെയും അത് കുടിക്കുന്നവരെയും നിയമത്തിന്റെ മുമ്പിൽ ഹാജരാക്കി ശിക്ഷ നൽകുകയും വേണം.

തൊഴിൽ

തൊഴിൽതേടി സ്വന്തംകാലിൽ നിൽക്കുവാൻ പ്രാപ്തരായാൽ മാത്രമെ സ്ത്രീകൾക്ക് സമൂഹത്തിൽ നിവർന്നിൽക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ തൊഴിൽമേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യം രാമന്തളിയിൽ കുറവല്ല. തൊഴിൽസുരക്ഷിതത്വം കുറഞ്ഞമേഖലയിൽ ആണ് ഇവർ തൊഴിലനുഷ്ഠിക്കുന്നത്. ഇവിടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണ് വേണ്ടത്.

ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ

A. ഒന്നാംവാർഡിൽ ചകിരി ഫാക്ടറി, ബീഡിവ്യവസായം.

B. രണ്ടാം വാർഡിൽ ചകിരിഫാക്ടറി, ബീഡി, തയ്യൽക്കട.

C. മൂന്നാംവാർഡിൽ തയ്യൽശാല, ബീഡി, നൂൽനൂൽപ്പ്.

D. നാലാംവാർഡിൽ റെഡിമെയ്ഡ്ശാല, ബീഡി, കോഴിവളർത്തൽ.
E. അഞ്ചാംവാർഡിൽ തയ്യൽശാല, ബീഡി, പച്ചക്കറിത്തോട്ടനിർമ്മാണം, ചകിരിഫാക്ടറി.
F. ആറാംവാർഡിൽ ഖാദികേന്ദ്രം, സോപ്പ്നിർമ്മാണയൂണിറ്റ്, റെഡിമെയ്ഡ്.
G. ഏഴാംവാർഡിൽ ഖാദികേന്ദ്രം, ക്രഷ് ഫാക്ടറി വികസിപ്പിച്ചെടുക്കണം.
H. എട്ടാംവാർഡിൽ ഖാദികേന്ദ്രം, സോപ്പ്ഫാക്ടറി, ബീഡിക്കമ്പനി.
I. ഒമ്പതാംവാർഡിൽ റെഡിമെയ്ഡ് കടകൾ, നൂൽനൂൽപ്പ്, കോഴിവളർത്തൽ.
J. പത്താംവാർഡിൽ ഖാദികേന്ദ്രം, കോഴിവളർത്തൽ, സോപ്പ് നിർമ്മാണം.

ആരോഗ്യനില

പഞ്ചായത്തിലെ സ്ത്രീകളുടെ പൊതുവായ ആരോഗ്യനില തൃപ്തികരമെന്ന് പറഞ്ഞുകൂടാ. സ്വന്തം ആരോഗ്യകാര്യത്തിൽ പലരും ശ്രദ്ധിക്കുന്നില്ല എന്നത് ഒരു പ്രധാനകാരണമാണ്. പോഷകാഹാരക്കുറവ് ധാരാളമുണ്ട്. സ്ത്രീകൾക്ക് മുൻകാലങ്ങളിൽ ലഭിക്കുന്ന പരിചരണം പ്രസവകാലത്ത് ഇപ്പോൾ ലഭിക്കുന്നില്ല. അശാസ്ത്രീയമായി മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള അടുക്കള കാരണം പൊടിയും, പുകപടലങ്ങളും കെട്ടിക്കിടക്കുന്നത് ആരോഗ്യത്തെ ബാധിക്കുന്ന ഒരു ഘടകമാണ്. സർക്കാർ നടത്തിയ ഒരു സർവ്വെപ്രകാരം കേരളത്തിലെ സ്ത്രീകൾ അറുപതോളം രോഗങ്ങളുടെ അടിമയാണെന്നാണ് കണക്ക്. ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും നമ്മുടെ പഞ്ചായത്തിലും വിവിധ രോഗങ്ങൾ പിടിപെട്ടവരുണ്ട്.

ആരോഗ്യസംരക്ഷണത്തിനായി :-

1. ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധസംഘങ്ങളുടെയും നേതൃത്വത്തിൽ മാസംതോറും മെഡിക്കൽക്യാമ്പ് സംഘടിപ്പിക്കുകയും സ്ത്രീകളെ നിർബന്ധമായും അതിൽ പങ്കെടുപ്പിക്കുകയും ചെയ്യുക.
2. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും മഹിളാസമാജം വഴിയോ, അംഗൻവാടി മുഖാന്തിരമോ പോഷാകാരവും മരുന്നും വിതരണം ചെയ്യുക.
3. ശാസ്ത്രീയമായരീതിയിൽ അടുക്കള നിർമ്മിക്കുക.
4. ശുദ്ധജലക്ഷാമദൗർലഭ്യം പരിഹരിക്കുക.
5. മഹിളാസമാജംവഴി മാനസികോല്ലാസത്തിന് വേണ്ട പരിപാടികൾ നടപ്പിലാക്കുക.
6. ഇടയ്ക്കിടെ ആരോഗ്യപരിപാലനക്ലാസ് നടത്തി ബോധവൽക്കരണം സൃഷ്ടിക്കുക.

സ്ത്രീപീഡനം

ഇന്ന് വാർത്താമാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥാനംപിടിക്കുന്നത് സ്ത്രീപീഡനത്തെക്കുറിച്ചുള്ള റിപ്പോർട്ടാണ്. അമ്പരപ്പിക്കുന്നവിധം ഈ കണക്കുകൾ പെരുകുമ്പോൾ തീ ആളുന്നത് വീട്ടിലിരിക്കുന്ന രക്ഷിതാക്കളുടെ മനസ്സിലാണ്. നാഗരികത, സംസ്കാരത്തിന്റെ കടന്നുകയറ്റം ഇതൊക്കെ ഒരു ഫാഷനായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. പ്രശ്നം രൂക്ഷമായിട്ടില്ലെങ്കിലും അതിന്റെ അലയടികൾ നമ്മുടെ പഞ്ചായത്തിലും സാവധാനം കടന്നുവരുന്നുണ്ടെന്ന സത്യം അംഗീകരിച്ചേ മതിയാകൂ. സ്കൂൾ പരിസരം, ബസ്സ്റ്റോപ്പുകൾ തുടങ്ങിയ സ്ഥലങ്ങളിലും, ബസ്യാത്രക്കിടയിലും സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട്.

സ്ത്രീധനസമ്പ്രദായം ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ ചില പ്രത്യേക സമുദായങ്ങൾക്കിടയിൽ നടക്കുന്നുണ്ട്. നിയമത്തിലൂടെ മാത്രം ഇതൊന്നും നിർത്തലാക്കുവാൻ സാധിക്കുകയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നതുകൊണ്ട് കൂട്ടായ ജനകീയമുന്നേറ്റം ഇതിനാവശ്യമാണ്.

മഹിളാസമാജങ്ങൾ

മിക്ക വാർഡുകളിലും മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചിലതൊഴിച്ചാൽ മറ്റുള്ളവയുടെയൊന്നും പ്രവർത്തനം തൃപ്തികരമല്ല. കൂടുതൽ സ്ത്രീകളെ അതിൽ അംഗങ്ങളാക്കാൻ നേതൃത്വം കൊടുക്കുന്നവർ പ്രയത്നിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു മഹിളാസമാജം വാർഡിലുണ്ടായാൽ അതിന്റെ ഗുണമെന്തെന്ന കാര്യത്തിലും സാധാരണ ജനങ്ങൾ അജ്ഞരാണ്.

ഇവ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ:-

1. ഓരോ വാർഡിലും മഹിളാസമാജത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
2. പരമാവധി സ്ത്രീകളെ ഇതിൽ അംഗങ്ങളാക്കുക.

3. ഇതിന്റെ ഗുണഫലങ്ങളെക്കുറിച്ച് വനിതകളെ ബോധവതികളാക്കുക.
4. മഹിളാസമാജത്തിന്റെ കീഴിൽ തൊഴിൽപരിശീലനവും പിന്നീട് കൂട്ടായതൊഴിൽശാലകളും സ്ഥാപിക്കുക.
5. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ മഹിളാസമാജം മുഖാന്തിരം ജനങ്ങളിലെത്തിക്കുക.
6. പോഷകാഹാരം, മരുന്ന് മുതലായവ മഹിളാസമാജം മുഖാന്തിരം നൽകുക.

ആരോഗ്യകരമായ അന്തരീക്ഷത്തിൽ വളരുന്ന സ്ത്രീകളും കുട്ടികളും എന്നും സമൂഹത്തിന് ലഭിക്കുന്ന വരദാനമാണ്. ആ വരദാനം നിലനിർത്താൻ കൂട്ടായി പ്രയത്നിക്കുക. സമൂഹത്തിന്റെ ഉയർച്ചയ്ക്ക് അത് അത്യന്താപേക്ഷിതമാണ്.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന മറ്റ് ചില നിർദ്ദേശങ്ങളും മറ്റ് ഗ്രൂപ്പുകളിൽ പെടാത്തത് ഇതോടൊപ്പം സമർപ്പിക്കുന്നു. അതിൽ പ്രധാനമായത് യുവജനകാര്യങ്ങളാണ്.

1. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുക.
2. പി.എസ്.സി. നിയമനം കാര്യക്ഷമമാക്കുക.
3. ഓരോ പഞ്ചായത്തിലും ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.
4. സ്വയംതൊഴിൽകണ്ടെത്താൻ കൊടുക്കുന്ന സാമ്പത്തികസഹായം ലഭിക്കാനുള്ള നൂലാമാലകൾ കുറച്ച് അത് ലഭിക്കാനുള്ള മാർഗ്ഗങ്ങൾ സുഗമമാക്കുക.
5. ഓരോ വാർഡിലും ഓരോ മിനിസ്റ്റേഡിയം നിർമ്മിക്കുക. ഏഴാംവാർഡിൽ ഇപ്പോഴുള്ള കളിസ്ഥലം നേവൽഅക്കാദമി റോഡിന് അക്വയർ ചെയ്തിരിക്കുന്നതിനാൽ അത് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇതിന് അടിയന്തിരപരിഹാരം കാണുക.
6. എല്ലാ സ്കൂളുകളിലും കായികാധ്യാപകരെ നിയമിക്കുക.
7. യുവജനങ്ങളുടെ സ്പോർട്സ് പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ഒരു കോച്ചിനെ നിയമിക്കുക.
8. റജിസ്ട്രേഡ് ക്ലബ്ബുകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കുക.
9. കാരന്താട് സാംസ്കാരിക നിലയത്തിന്നടുത്തുള്ള സ്ഥലം സ്പോർട്സ് ആവശ്യത്തിനായി അക്വയർ ചെയ്യുക.

സഹകരണമേഖല

രാമന്തളി പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിനു തുടക്കം കുറിച്ച രണ്ടു സംഘങ്ങളാണ് രാമന്തളിയിലെ ഐക്യനാണയ സഹകരണ സംഘവും കുന്നരുവിലെ കുന്നരിയം വിവിധോദ്ദ്യേശ്യ സഹകരണ സംഘവും. ഈ രണ്ട് സംഘങ്ങളുടെയും തുടർച്ചയാണ് രാമന്തളിയിലും കുന്നരുവിലുമുള്ള സർവ്വീസ് സഹകരണ ബേങ്കുകൾ.

രാമന്തളി പഞ്ചായത്തിലെ മറ്റ് രണ്ടു പഴയകാല സഹകരണസംഘങ്ങളായിരുന്നു ചക്കര സൊസൈറ്റിയും ചകിരി സൊസൈറ്റിയും. ചക്കരച്ചെത്ത് നിരോധിക്കുകയും കള്ള് ഷാപ്പുകൾ നിലവിൽ വരുകയും ചെയ്തതോടെ ചക്കരസൊസൈറ്റി ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. ബാക്കിയുള്ള സംഖ്യ രാമന്തളി സർവീസ് സഹകരണ ബേങ്കിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. 1934ൽ രാമന്തളിയിൽ ഒരു സംഘം റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുവെങ്കിലും അതും ലിക്വിഡേറ്റ് ചെയ്യപ്പെടുകയാണുണ്ടായത്.

മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ കഴിയാത്തതിനാലും തൊഴിലാളികൾക്ക് ജീവിതനിലവാരത്തിനനുസരിച്ച് വേതനം നൽകാൻ സാധിക്കാത്തിനാലും മറ്റും ചകിരി സൊസൈറ്റിയുടെ പ്രവർത്തനവും നിലച്ചു.

സഹകരണമേഖലയിലെ ഉദ്യോഗസ്ഥന്മാർ, പ്രദേശത്തെ പ്രധാന വ്യക്തികളെ വിളിച്ചുചേർത്താണ് ആദ്യകാലങ്ങളിൽ സംഘങ്ങൾ രൂപീകരിക്കാറ്, സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്യോഗസ്ഥന്മാർ നല്ല സമ്മർദ്ദം ചെലുത്താറുണ്ടായിരുന്നു. ഈ മേഖലയെക്കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരാവുകയും ജനങ്ങളുടെ അത്യാവശ്യകാര്യങ്ങൾ നിർവ്വഹിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുന്നതുകൊണ്ടും ഇന്ന് സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ സജീവമാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

ക്രെഡിറ്റ് മേഖല

1. രാമന്തളി സർവ്വീസ് സഹകരണ ബേങ്ക്
2. കുന്നരു സർവ്വീസ് സഹകരണ ബേങ്ക്
3. പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്-രാമന്തളി ബ്രാഞ്ച്
4. പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക്-രാമന്തളി ബ്രാഞ്ച്

നോൺ ക്രെഡിറ്റ് മേഖല

1. രാമന്തളി ക്ഷീരവ്യവസായ സഹകരണ സംഘം.

2. രാമന്തളി പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ
3. കവ്വായി-പാലക്കോട് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം.
4. പാലക്കോട് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം.
5. രാമന്തളി ഹൈസ്ക്കൂൾ കോ-ഓ. സൊസൈറ്റി.
6. രാമന്തളി പ്രൈമറി ഗ്രൂപ്പ് സ്ക്കൂൾ സൊസൈറ്റി

കാർഷിക മേഖല

ഏകദേശം രണ്ടായിരത്തിലധികം കർഷക കുടുംബങ്ങളുള്ളതാണ് രാമന്തളി ഗ്രാമപഞ്ചായത്ത്. ഹ്രസ്വ കാല കാർഷിക-കാർഷികേതര വായ്പയാണ് മേൽപ്പറഞ്ഞ അഞ്ചു സംഘങ്ങളും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകാൻ സംഘങ്ങൾക്ക് കഴിയുന്നില്ല.

1. രാമന്തളി സർവീസ് സഹകരണ ബേങ്ക്

ആയിരത്തിൽപ്പരം കർഷക കുടുംബങ്ങൾ ബേങ്കിന്റെ പരിധിയിലുണ്ട്. എന്നാൽ മുഴുവൻ കർഷകരും ബേങ്കിൽ അംഗങ്ങളല്ല. ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിൽനിന്നും രണ്ടായിരത്തോളം ഏക്കർ ഭൂമി നാവിക അക്കാദമിക്കുവേണ്ടി അകപയർ ചെയ്തതോടെ പ്രവർത്തന പരിധിയിൽ കുറവുവന്നിട്ടുണ്ട്. രണ്ടുകോടിയിൽപരം നിക്ഷേപമുള്ള ഈ സ്ഥാപനം കാർഷിക-കാർഷികേതര വായ്പകളും സ്വർണ്ണപ്പണയം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള വായ്പയും നൽകിവരുന്നു. ഭൂമി പണയത്തിന്മേൽ ഒരു ലക്ഷം രൂപവരെ വായ്പ നൽകുന്നുണ്ട്. കൂടാതെ രാസവളഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ഓണച്ചന്ത എന്നിവയും നടത്തിവരുന്നു.

2. കുന്നരു സർവ്വീസ് സഹകരണ ബേങ്ക്

ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ആയിരത്തിഇരുന്നൂറിലധികം കർഷക കുടുംബങ്ങളുണ്ട്. അർഹതപ്പെട്ട മുഴുവൻ കർഷകരും ബാങ്കിൽ അംഗങ്ങളല്ല. കാർഷിക-കാർഷികേതര വായ്പകളും, സ്വർണ്ണപണയ വായ്പകളും നൽകുന്നു. 140 ലക്ഷം രൂപ മൂലധനമുള്ള ഈ സ്ഥാപനം ഭൂമി പണയത്തിന്മേൽ അമ്പതിനായിരം ഉറുപ്പികവരെ വായ്പ നൽകുന്നുണ്ട്. രാസവള ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, ഓണച്ചന്ത എന്നിവയും നടത്തിവരുന്നു.

3. കോ-ഓപ്പറേറ്റിവ് റൂറൽ ബേങ്ക്-രാമന്തളി ബ്രാഞ്ച്

വ്യക്തിഗത വായ്പകളും കച്ചവടാവശ്യത്തിനുള്ള വായ്പകളും സ്വർണ്ണപ്പണയം, ഭൂപണയം ഇവയിലും വായ്പ നൽകിവരുന്നു. നാനൂറ്റി അമ്പത്തിരണ്ടിലധികം അംഗങ്ങളാണ് ഈ ബ്രാഞ്ചിലുള്ളത്.

4. പയ്യന്നൂർ ടൗൺ ബാങ്ക്-രാമന്തളി ശാഖ

നമ്മുടെ പഞ്ചായത്തിൽനിന്നും നാമമാത്രമായ അംഗങ്ങൾ മാത്രമേ ഈ ബാങ്കിലുള്ളൂ. പ്രധാനമായും സ്വർണ്ണപ്പണയ വായ്പയും കാർഷികേതര വായ്പയും നൽകുന്നു. വിദേശയാത്രക്കാരെ സഹായിക്കാൻ 25000 രൂപാവരെ നൽകുന്നുണ്ട്.

5. പഞ്ചായത്ത് വനിതാ-സഹകരണ സംഘം

1994ൽ ആരംഭിച്ച ഈ സ്ഥാപനം വ്യക്തികൾക്ക് വായ്പ നൽകിവരുന്നു. കൂടാതെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും നടത്തുന്നുണ്ട്.

6. രാമന്തളി, ക്ഷീരവ്യവസായ സഹകരണ സംഘം

ക്ഷീര വ്യവസായ രംഗത്ത് രാമന്തളിയിൽ പ്രവർത്തിക്കുന്ന ഏക സഹകരണസ്ഥാപനമാണിത്. പ്രവർത്തന പരിധി രാമന്തളി പഞ്ചായത്ത് മുഴുവനാണെങ്കിലും പഞ്ചായത്തിലെ ക്ഷീരോൽപാദന സാധ്യതക്കനുസരിച്ച് സംഘത്തിന് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള ഈ സംഘത്തിൽ അംഗീകൃത ഓഹരികളുടെ എണ്ണം 300 ആണ്. ഇപ്പോൾ നിലവിൽത്തന്നെ 300 അംഗങ്ങളെ ചേർത്തിട്ടുണ്ട്. ഒരു ചെറിയ പ്രദേശത്ത് മാത്രം ഒതുങ്ങി പ്രവർത്തിക്കുന്ന സംഘത്തെ വിപുലപ്പെടുത്തുകയോ അല്ലെങ്കിൽ കുന്നരു പ്രദേശത്ത് കേന്ദ്രീകരിച്ച് ഒരു പുതിയ പാൽ ഉൽപാദനവിതരണ സംഘം രൂപീകരിക്കുകയോ വേണം.

7. രാമന്തളി പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ

കൺസ്യൂമർ മേഖലയിൽ സ്ഥാപിതമായ രാമന്തളി പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ പ്രവർത്തനത്തിൽ സജീവത കുറവാണ്. ലാഭകരമായും ചിട്ടയോടെയും നടത്താൻ കഴിയുന്നില്ല. സർക്കാർ വിതരണം ചെയ്യുന്ന സാധനങ്ങൾ പരിമിതമാണ്. ഉള്ളവയ്ക്കുതന്നെ ലാഭവിഹിതം കുറവാണ്. സാധനങ്ങൾ പുറമേ നിന്നു വാങ്ങുമ്പോൾ കൃത്യമായും നികുതി കൊടുക്കേണ്ടതുകൊണ്ട്. സാധനവില വർധിപ്പിക്കേണ്ടിവരുന്നു. നിത്യോപയോഗ സാധനങ്ങൾ സർക്കാർ കൃത്യമായി വിതരണം ചെയ്യുകയും ഗ്രാൻറുകളും മറ്റും നൽകിക്കൊണ്ട് സ്ഥാപനം നിലനിർത്താൻ കഴിയണം.

8. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി ആരംഭിച്ച ഈ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മാത്രമല്ല ഉപഭോക്താക്കൾക്കും ഈ സ്ഥാപനം പ്രവർത്തിക്കുന്നതുകൊണ്ട് ഗുണമുണ്ട്.

9. സ്ക്കൂൾ-സഹകരണ സംഘങ്ങൾ

കൂടുതലും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ ഒതുങ്ങി നിലക്കുന്നവയാണ് ഈ സംഘങ്ങൾ നോട്ടുപുസ്തകങ്ങളും യൂനിഫോമും കൂടി വിതരണം ചെയ്യാൻ ഇവയ്ക്കു സാധിക്കണം.

സഹകരണ സ്ഥാപനങ്ങളുടെ പട്ടികതിരിച്ചുള്ള കണക്ക് അന്യത്ര.

സംഘത്തിന്റെ പേര് (ക്രെഡിറ്റ്)	സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവിനക്കാരുടെ എണ്ണം	ഓഹരി മൂലധനം	ലാഭം/നഷ്ടം
1. രാമന്തളി സർവീസ് സഹകരണ ബേങ്ക്	1951	2528	9	1011830	ലാഭത്തിൽ
2. കുന്നരു സർവ്വിസ് സഹകരണ ബേങ്ക്	1928	2600	11	85800	നഷ്ടത്തിൽ
3. പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക്, രാമന്തളി ബ്രാഞ്ച്	1991	486	4	-	ലാഭത്തിൽ
4. പയ്യന്നൂർ ടൗൺ ബേങ്ക്-രാമന്തളി ശാഖ	1991	ലഭ്യമല്ല	3	ലഭ്യമല്ല	ലാഭത്തിൽ
5. രാമന്തളി പഞ്ചായത്ത് വനിതാ സഹകരണ സംഘം	1994	130	2	25000	ലാഭത്തിൽ
നോൺ ക്രെഡിറ്റ്					
1. രാമന്തളി ക്ഷീര വ്യവസായ സഹകരണ സംഘം	1972	300	3	3000	
2. രാമന്തളി പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ			1	ലഭ്യമല്ല	നഷ്ടത്തിൽ
3. പാലക്കോട് മത്സ്യത്തൊഴിലാളി സഹകരണ സംഘം	1995	354	2	ലഭ്യമല്ല	ലാഭത്തിൽ
4. കവ്വായി-പാലക്കോട് മത്സ്യത്തൊഴിലാളി സഹകരണ സംഘം	1995	ലഭ്യമല്ല	1	ലഭ്യമല്ല	ലഭ്യമല്ല
5. രാമന്തളി ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1975	A-60 B-5560	-	10860	ലാഭം
6. രാമന്തളി പ്രൈമറി സ്ക്കൂൾ ഗ്രൂപ്പ് സൊസൈറ്റി	1975	ലഭ്യമല്ല	-	-	-

സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ യഥാർത്ഥ ആവശ്യത്തിനുതന്നെ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം. അപ്പോഴേ കൃത്യസമയത്ത് തിരിച്ചടവ് നടത്തുകയുള്ളൂ. വായ്പ യഥാസമയത്തുതന്നെ തിരിച്ചടക്കണം എന്ന ബോധം മെമ്പർമാരിൽ ഉണ്ടാകണം. എന്നാൽ മാത്രമെ സഹകരണസ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ.

ദുർബല വിഭാഗക്കാർക്കുള്ള സർക്കാർ വായ്പകൾ അപൂർവ്വം ചിലരെങ്കിലും തിരിച്ചടക്കേണ്ടതില്ലെന്ന തെറ്റായ ബോധം വെച്ചു പുലർത്തുന്നവരാണ്. ഇത് മാറ്റിയെടുക്കാൻ കഴിയണം.

കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന നിലയിൽ സഹകരണസ്ഥാപനങ്ങൾ വായ്പ അനുവദിക്കണം. അതിന് ഉപകരിക്കുന്ന നടപടികൾ നബാഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കിണർ, പമ്പ്സെറ്റ് ഇവ വായ്പയായി അനുവദിക്കുവാൻ ഇപ്പോൾ 30 സെ. ഭൂമി സ്വന്തം പേരിൽ ഒരു സ്ഥലത്തുതന്നെ വേണം എന്ന നിബന്ധന ഉണ്ട്. ഒന്നിൽ കൂടുതൽ സ്ഥലത്ത് 30 സെ. ഭൂമി ഉള്ളവർക്കും അതിൽ കുറഞ്ഞവർക്കും വായ്പനൽകാനുള്ള വ്യവസ്ഥ നിലവിൽ വരണം.

ഗവ: അനുവദിക്കുന്ന കാർഷിക വായ്പ കൃത്യസമയത്തുതന്നെ തിരിച്ചടക്കുന്നവർക്ക് 5% പലിശ സബ്സിഡി 87ലെ ഗവ: നടപ്പിലാക്കി ഇന്നും തുടരുന്നുണ്ടെങ്കിലും 91ലെ ഗവ. അത് പലിശ സബ്സിഡിക്കുപകരം അടക്കുന്ന മുതലിൽ സബ്സിഡി ഏർപ്പെടുത്തി. ഇത് ശാസ്ത്രീയമല്ല. അടക്കുന്ന പലിശ സംഖ്യയ്ക്കുതന്നെ സബ്സിഡി അനുവദിക്കണം.

പ്രശ്നങ്ങൾ സാധ്യതകൾ

എല്ലാ വിഭാഗം ആളുകൾക്കും സഹകരണസ്ഥാപനങ്ങളിൽ അംഗമാകാനും അതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും അവസരം ലഭിക്കണം. ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച വായ്പ ലഭ്യമാക്കാൻ ഉതകുന്ന നിലയിൽ മാറ്റങ്ങൾ വരുത്താൻ ഡിപ്പാർട്ടുമെൻറ് തയ്യാറാവണം. എല്ലാ ഗ്രാമസഭ ചർച്ചകളിലും ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് പാൽ സംഭരണവും വിതരണവും. നിലവിലുള്ള സംഘം അതിനു തയ്യാറാവുകയും അതല്ലെങ്കിൽ സാധ്യതയുള്ള വാർഡിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുകയോ വേണം. ഈ മേഖലയിൽ നല്ല സാധ്യത നമ്മുടെ നാട്ടിലുണ്ട്.

ആയുർവേദ മരുന്നുകൾ ധാരാളമായി ഉപയോഗിക്കുന്ന ഇക്കാലത്ത് അതിനാവശ്യമായ ഔഷധച്ചെടികൾ വളർത്തിയെടുക്കാനുള്ള സാഹചര്യം നമ്മുടെ പഞ്ചായത്തിനുണ്ട്. ഏഴിമലയിലും പരിസരപ്രദേശങ്ങളിലും ഇതിനനുകൂലമായ പരിതസ്ഥിതിയുണ്ട്. രാമന്തളിയിൽ ഒരു ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നു. ആയുർവേദ ആശുപത്രിയിലേക്കും പുറമേയും നൽകാൻ കഴിയുന്ന നിലയിൽ സഹകരണമേഖലയിൽ ഒരു ഔഷധച്ചെടി നിർമ്മാണ സംഘം രൂപീകരിക്കാൻ കഴിയണം.

റെഡിമെയ്ഡ് വസ്ത്രങ്ങൾ ധാരാളമായി ഉപയോഗിക്കുന്ന ഇക്കാലത്ത് ഈ മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിയും നമ്മൾ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ (വസ്ത്രങ്ങൾ) നമ്മൾ തന്നെ വാങ്ങുന്ന സ്ഥിതിയും ഉണ്ടാവണം.

ധാരാളമായി തേങ്ങ ഉൽപാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഇളംനീർ വെള്ളം കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ പാനീയ വിതരണ രംഗത്ത് ഒരു സംഘം രൂപീകരിക്കാനും നല്ല നിലയിൽ പ്രവർത്തിപ്പിക്കാനും കഴിയും.

സോപ്പ് നിർമ്മാണം, പാൽപ്പൊടി നിർമ്മാണം, ഈ മേഖലയിലും സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാനും സാധിക്കും. കാർപെൻററി രംഗത്തും സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിയും.

കോഴിമുട്ട, കോഴി ഇവ മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്നാണ് നമ്മൾ കൂടുതലായും ഉപയോഗിക്കുന്നത്. ഈ മേഖലയിലും സഹകരണ സംഘങ്ങൾക്കുള്ള സാധ്യത വളരെ കൂടുതലാണ്.

പച്ചക്കറികൃഷിക്ക് നല്ല സാധ്യത നമ്മുടെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുമുണ്ട്. പച്ചക്കറി ഉൽപാദന വിതരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കാൻ സാധിക്കണം.

സംഘങ്ങൾ വിതരണം ചെയ്യുന്ന വായ്പാസംഖ്യകൾ വർദ്ധിപ്പിക്കണമെന്നും ജാമ്യവ്യവസ്ഥയിൽ ഇളവ് വേണമെന്നും ഗ്രൂപ്പായി സ്വയം തൊഴിൽ കണ്ടെത്താനും മറ്റും തയ്യാറാവുന്നവരെ സംഘങ്ങൾ സഹായിക്കണമെന്നും ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് വായ്പ നൽകാനുള്ള സ്കീമുകൾ തയ്യാറാക്കുകയും അതിന് ഡിപ്പാർട്ടുമെൻറിന്റെ അനുവാദം ലഭിക്കുകയും വേണം.

വർഷംതോറും ചേരുന്ന സഹകരണ സംഘങ്ങളുടെ മെമ്പർമാരുടെ യോഗം ഒരു ചടങ്ങായിത്തീരുകയാണ് പതിവ്. ഇത് മാറ്റേണ്ടതാണ്.

ജനങ്ങൾക്ക് ഏറ്റവും എളുപ്പം ബന്ധപ്പെടാൻ കഴിയുന്ന നിലയിൽ ബാങ്കുകൾ ശാഖകൾ ആരംഭിക്കണം.

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതിയിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ സഹകരണ സംഘങ്ങൾക്കു കഴിയും, ഉൽപാദന-വിതരണ വ്യാപാര രംഗങ്ങളിൽ ഫലപ്രദമായ ഇടപെടലിന് ഏറ്റവും ശക്തമായ ഉപകരണമായി സഹകരണ മേഖലയെ മാറ്റാൻ സാധിക്കും.

ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രദേശമാണ് കുന്നരു തെക്കെ ഭാഗം പ്രത്യേകിച്ച് ബസ്, ലോറി, നിർമ്മാണതൊഴിലാളികൾ ഇവർക്ക് ചായയോ, ഭക്ഷണമോ കിട്ടുവാനുള്ള സൗകര്യം വളരെ കുറവാണ്. അതുകൊണ്ട് ഇവിടെ സഹകരണാടിസ്ഥാനത്തിൽ ഒരു ഹോട്ടൽ തുടങ്ങിയാൽ നല്ല നിലയിൽ പ്രവർത്തിക്കാൻ സാധിക്കും. ●



വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിലൊന്ന് കാര്യമായ വലിയ വ്യവസായ സ്ഥാപനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ല എന്നുള്ളതാണ്. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. ഈ രംഗത്ത് മുന്നേറ്റം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനാകും.

പട്ടിക-1 വരുമാനത്തിലെ വ്യതിയാനം

	ഇനം	1991-92		1995-96		വ്യത്യാസം	
1	തനതു വരുമാനം						
a	കെട്ടിട നികുതി	147396	13	207619	59	+60223	46
b	വിനോദ നികുതി	3802	52	728		-3074	52
c	തൊഴിൽ നികുതി	63883		99714		+35831	
2a	ഉപാധിരഹിത ഫണ്ട്	131000		163800		+32800	
b	എസ്.സി.പി.	40,000		113950		+73950	
3	ജെ. ആർ. വൈ	363265		279395		+83870	
4	ഗ്രാൻറുകൾ, സംഭാവനകൾ	337670		462122		124452	
	ആകെ	1087006	65	1327328	59	414200	98

ചെലവ്	91-92		95-96	വ്യത്യാസം
എസ്റ്റാബ്ലിഷ്മെൻറ്	314466	414350	99884	

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക വാർഡ്ക്രമത്തിൽ ചുവടെ കൊടുക്കുന്നു. ഇവയിൽ ഉയർന്ന സാമ്പത്തീക നില കൈവരിച്ചവരും ഉണ്ട്.

ഗൾഫ് ജോലിക്കാര, വാർഡ് തിരച്ചു ഏകദേശ കണക്ക്

1	2	3	4	5	6	7	8	9	10
350	400	100	100	50	150	30	90	200	200

നികുതി സമ്പ്രദായങ്ങൾ:- ഏന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴോ, ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴോ നികുതി കൊടുക്കുന്ന സമ്പ്രദായമാണ് ഇപ്പോഴുള്ളത്. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

കാർഷികവും, അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ചെങ്കൽ, കരിങ്കൽ, മത്സ്യം എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം ആളുകളും നമ്മുടെ പഞ്ചായത്തിൽ കുറവല്ല. തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം നികുതിയായി പഞ്ചായത്തിന് കൊടുക്കാൻ സാധ്യമായ ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

കെട്ടിട നികുതി:- നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഢംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്.

തൊഴിൽ നികുതി:- പഞ്ചായത്തിലെ സർക്കാർസ്ഥാപനങ്ങളിൽ നിന്നും സ്കൂളുകളിൽ നിന്നും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ കൃത്യമായി നികുതി ലഭിക്കാറുള്ളൂ. നിശ്ചിതവും സ്ഥിരവുമായ വരുമാനമുള്ളവർക്കെല്ലാം തൊഴിൽ നികുതി ഏർപ്പെടുത്തണം.

വിനോദ നികുതി:- വിനോദ നികുതി ഇനത്തിൽ നമ്മുടെ പഞ്ചായത്തിൽ സിനിമാതിയേറ്ററിൽ നിന്നുള്ള വരുമാനം ഉണ്ടായിരുന്നു. ഇപ്പോൾ തിയറ്റർ പ്രവർത്തിക്കാത്തതിനാൽ ആ ഇനത്തിൽ നികുതി ലഭിക്കുന്നില്ല.

മറ്റ് ധനാഗമന മാർഗ്ഗങ്ങൾ:-

ലീസ് ഭൂമി:- നമ്മുടെ പഞ്ചായത്തിൽ പുഴ പുറംപോക്കായി ധാരാളം ഭൂമി ഉണ്ട്. അത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ പ്രവർത്തനമേഖലകളാക്കണം.

ബേങ്കുകൾ:- നമ്മുടെ പഞ്ചായത്തിൽ 2 സഹകരണ ബേങ്കുകളും, 2 സഹകരണ ബേങ്കിന്റെ ബ്രാഞ്ചുകളും, ഒരു പഞ്ചായത്ത് വനിതാ സഹകരണ സംഘവും, സ്റ്റേറ്റ് ബേങ്ക്, ഗ്രാമീൺ ബേങ്ക്, സിൻറിക്കേറ്റ് ബേങ്ക് എന്നിവയുടെ ഓരോ ബ്രാഞ്ചുവീതവും ഉണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. സഹകരണാടിസ്ഥാനങ്ങളിലെ നിക്ഷേപങ്ങൾ വായ്പയായും, മറ്റും നമ്മുടെ പഞ്ചായത്തിൽ തന്നെയാണ് വിനിയോഗിക്കുന്നത് സ്വയം തൊഴിൽ കണ്ടെത്താനും, ചെറുകിട വ്യവസായങ്ങൾക്കോ വായ്പക്ക് വേണ്ടി അപേക്ഷിച്ചാൽ വായ്പ ലഭിക്കാൻ കാലതാമസം നേരിടാറുണ്ട്. ഇത് എളുപ്പമാക്കാൻ ബേങ്കുകൾ ശ്രദ്ധിക്കണം.

ചെലവുകൾ:- നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇതുവരെ തീരെ പ്രത്യുത്പാദനപരമല്ലാത്ത രീതിയിലായിരുന്നു. പൊതുമരാമത്തിൽ 13.66%വും, ഭരണ ചെലവുകൾക്ക് 41.64%വും, സാമൂഹ്യ ക്ഷേമം, വിദ്യാഭ്യാസം എന്നിവയ്ക്ക 9.15%വുമാണ് ചെലവഴിച്ചത്. ഇതിൽ പൊതുമരാമത്തിന് ചെലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പേറിംഗ് പ്രവർത്തനത്തിനായിരുന്നു. ഏതാണ്ട് എല്ലാ വാർഡുകളിലും ചെറിയ നിലയിലുള്ള ജോലികൾ നടന്നിട്ടുണ്ട്. ഉള്ള റോഡിന്റെ സംരക്ഷണം അനിവാര്യമാണ്.

മത്സ്യമാർക്കറ്റ്:- രാമന്തളി, എട്ടിക്കുളം, കുന്നരു, രാമന്തളി വടക്കുമ്പാട്, എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലുണ്ട്. ഇവയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും.

പച്ചക്കറി അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ഒരു ആഴ്ചചന്ത രാമന്തളിയിൽ ആരംഭിക്കാവുന്നതാണ്.

ഗ്രാമീണർക്ക് ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെ അവരുടെ ഉൽപ്പന്നങ്ങൾ വില്ക്കാനും അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങാനും ഇതുവഴി സാധിക്കും. ചന്തലേലത്തിലൂടെ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും.

കച്ചവട ലൈസൻസ്- കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് കൃത്യമായി പരിച്ചെടുക്കാനാവശ്യമായ നടപടി കൈക്കൊള്ളുന്നുണ്ട്.

ടൂറിസം- പുഴയാലും കടലിനാലും ചുറ്റപ്പെട്ടു കിടക്കുന്ന പ്രകൃതി രമണീയമായ ഒരു ദ്വീപാണ് രാമന്തളി. കടലിലേക്ക് തള്ളിനില്ക്കുന്ന ഏഴിമലയുടെ ഒരു ഭാഗം ഈ ഗ്രാമത്തിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. അതിപുരാതനമായ ചരിത്രങ്ങളുൾക്കൊള്ളുന്ന ക്ഷേത്രങ്ങളും, മുസ്ലിം ദേവാലയങ്ങളും കൂടുതൽ ആളുകളെ ആകർഷിക്കുന്ന ഒന്നാണ്. ടൂറിസ്റ്റ് കേന്ദ്രമാക്കാതെ തന്നെ ധാരാളം ടൂറിസ്റ്റുകളെ മുമ്പേതന്നെ ആകർഷിച്ച ഒരു ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്. പുഴയും കടലും ഒന്നിച്ചുചേരുന്ന സുന്ദരമായ സ്ഥലവും നമ്മുടെ പഞ്ചായത്തിൽ ഉണ്ട് നേവൽ അക്കാദമി വന്നതോടെ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു.

മനുഷ്യാധ്വാനം- നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവനചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭാവന ചെയ്യുക എന്നുള്ളത് ഒരു ചുമതലയായി ഓരോരുത്തരും ഏറ്റെടുത്താൽ വികസനരംഗത്ത് കാര്യമായ ചലനമുണ്ടാക്കാൻ സാധിക്കും.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ റോഡുകൾ ഉണ്ടാക്കുന്നതിനും, റോഡുകൾ സംരക്ഷിക്കുന്നതിനും, തോടുകൾ വെട്ടുന്നതിനും, കുളങ്ങൾ സംരക്ഷിക്കുന്നതിനും, പരിസരശുചിത്വം നിലനിർത്തുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇവയ്ക്കെല്ലാം മനുഷ്യാദ്ധ്വാനം പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം.

പഞ്ചായത്തിലെ നിലവിലുള്ള ആസ്തികൾ

1. പഞ്ചായത്താഫീസ്
2. മിനി സ്റ്റേഡിയം
3. സാംസ്കാരിക നിലയം, ഗ്രന്ഥാലയം
4. ശിശുമന്ദിരം
5. പഞ്ചായത്ത് എൽ.പി. സ്കൂൾ
6. 2 വായനശാലകൾ, ഗ്രന്ഥാലയങ്ങൾ
7. 18.32 കി.മീ. റോഡും
8. രണ്ട് പഞ്ചായത്ത് ആലകൾ

വിഭവ സമാഹരണത്തിന് ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്ന ചില നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിൽ നിന്നും 1500ൽ അധികം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. ഇവർ നമ്മുടെ നാട്ടിലേക്ക് അയക്കുന്ന കാശിന്റെ നല്ലൊരു ഭാഗം ഉത്പാദനമേഖലയിലല്ല ഉപയോഗിക്കുന്നത്. ചെറുതും വലുതുമായ വ്യവസായ രംഗത്ത് നമ്മുടെ പഞ്ചായത്തിനുള്ള സാധ്യത ഉപയോഗിക്കാൻ ഇവർ മുടക്കുന്ന മൂലധനത്തിന് പഞ്ചായത്ത് ആവശ്യമായ പ്രോത്സാഹനം നല്കുകയാണെങ്കിൽ വ്യവസായരംഗത്ത് പണം ചെലവാക്കാൻ തയ്യാറാകും.

2. നല്ല സാമ്പത്തിക നേട്ടവും, തൊഴിൽ സാധ്യതയുമുള്ള മേഖലയാണ് ചെമ്മീൻ കൃഷി. നമ്മുടെ പഞ്ചായത്തിൽ അതിനുള്ള സാധ്യത ഏറെയാണ്. പൊതുമേഖലയിലോ, സഹകരണമേഖലയിലോ ഈ വ്യവസായം നല്ല നിലയിൽ നടത്താൻ കഴിയും.

3. മത്സ്യബന്ധനം-സംസ്കരണം-വിപണനം : എട്ടിക്കുളം, പാലക്കോട് കടപ്പുറം കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്താനും മത്സ്യം സംസ്കരിക്കാനും വിപണനം നടത്താനും വലിയ സാധ്യതയുണ്ട്. ഐസ് പ്ലാൻറ്, ഗതാഗത സൗകര്യം, മറ്റ് ആവശ്യമായ കാര്യങ്ങൾ ഇവയെല്ലാം ഒരുക്കുകയാണെങ്കിൽ തൊഴിൽ സാധ്യതയും, സാമ്പത്തിക നേട്ടവും ഉണ്ട്. ഏത് കാലാവസ്ഥയിലും മത്സ്യബന്ധനം നടത്താനുള്ള സാഹചര്യം ഈ പ്രദേശത്തിന്റെ ഒരു പ്രത്യേകതകൂടിയാണ്.

3. പഞ്ചായത്ത് ആലകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കണം.

പട്ടികജാതിക്ഷേമം

രാമന്തളി പഞ്ചായത്തിൽ പട്ടികജാതിവിഭാഗങ്ങൾ താമസിക്കുന്ന 6 അംഗീകൃതകോളനികൾ ഉണ്ട്. അംഗീകാരത്തിനായി സമർപ്പിച്ച കോളനികളും, ചില ഒറ്റപ്പെട്ട വീടുകളും പചായത്തിന്റെ പലഭാഗത്തുമുണ്ട്. മൊത്തം 161 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. 1991-ലെ സെൻസസ് റിപ്പോർട്ട്പ്രകാരം 517 പുരുഷന്മാരും 563 സ്ത്രീകളും പട്ടികജാതിക്കാരായുണ്ട്. ഇതുകൂടാതെ 6 പട്ടികവർഗ്ഗത്തിൽപെട്ടവരും പഞ്ചായത്തിലുണ്ട്. 3 സ്ത്രീകളും, 3 പുരുഷന്മാരും.

വിദ്യാഭ്യാസപരമായും, സാമൂഹ്യമായും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികമായി ഈ വിഭാഗം വളരെ പിന്നിലാണ്. മുൻകാലങ്ങളിൽ പലതരത്തിലുള്ള ചൂഷണങ്ങൾ അനുഭവിക്കേണ്ടിവന്നവരാണ് ഈ കുടുംബങ്ങൾ. ഉച്ചനീചത്വങ്ങളൊന്നും ഇന്ന് നിലവിലില്ല. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നതിന് ഇവർക്ക് സാധിച്ചിട്ടുണ്ട്. ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്തതിന് കാരണമായിത്തീരുന്നുണ്ട്.

അംഗീകൃത കോളനികൾ	അംഗീകരിക്കേണ്ടുന്നവ
പരത്തിക്കാട്	പാലക്കോട്
ചെരിച്ചിൽ	ചൂളക്കടവ്
ചിറ്റടി	രാമഞ്ചെ കോളനി (വടക്കുമ്പാട്)
കുന്നരുതെക്ക്	തുരുത്തുമ്മൽ കോളനി "
വടക്കുമ്പാട്	പേരേവയൽ

മറ്റു പ്രദേശങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

പാർപ്പിടം

അംഗീകരിച്ചതും, അംഗീകരിക്കാത്തതുമായ കോളനികളിൽ താമസിക്കുന്നവർ പലരും കൂട്ടുകുടുംബങ്ങളായി താമസിക്കുന്നവരാണ്. അതുകൊണ്ടുതന്നെ പലർക്കും സ്വന്തമായി ഭൂമിയോ വീടോ ഇല്ല. എന്നാൽ ഉള്ള വീടുകൾ തന്നെ കാലപ്പഴക്കംകൊണ്ട് വാസയോഗ്യമല്ലാത്തതാണ്. സർക്കാർ ഏജൻസികളുടെ സഹായം വീടുകളുടെ നിർമ്മാണത്തിന് ഒരുപരിധിവരെ സഹായകമായിട്ടുണ്ട്. എന്നാൽ പാർപ്പിടപ്രശ്നത്തിന്

പൂർണ്ണമായ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ സഹായം കോളനികൾക്ക് മാത്രമേ ലഭിക്കുന്നുള്ളു. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതുകൊണ്ട് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. വീടുകളുടെ നിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്ന തുക ഒന്നിനും തികയാത്ത ഒരവസ്ഥയാണുള്ളത്. വിവിധ ഏജൻസികൾ മുഖേന വായ്പ എടുത്തവർ അത് തിരിച്ചടക്കാൻ കഴിയാതെ കടത്തിൽ അകപ്പെടുകയും, വീടുകളുടെയും മറ്റും നിർമ്മാണപ്രവർത്തനം നിർത്തിവെക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു. ഭൂമിയില്ലാത്തവർക്ക് ഭൂമിയും, വീടും ഉണ്ടാക്കാൻ സഹായം ചെയ്തുകൊടുത്താൽ പാർപ്പിടപ്രശ്നം ഒരുപരിധിവരെ ഏങ്കിലും പരിഹരിക്കാൻ പറ്റും. താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയുന്നതിനും മറ്റും പഞ്ചായത്ത് മുഖേന സാമ്പത്തികസഹായം നൽകുകയും വേണം.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട പലരും കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരാണ്. പരമ്പരാഗത തൊഴിലായ പായനെയ്ത്ത്, കുട്ട, മുറം എന്നിവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വിരലിലെണ്ണാവുന്നവരേയുള്ളു. ഇതിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും, ഉണ്ടാക്കിയാൽ തന്നെ അത് വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടും പരമ്പരാഗത തൊഴിൽ ചെയ്യുന്നതിൽ നിന്ന് ഇവരെ പിന്തിരിപ്പിക്കുന്നു. എല്ലാ സമയത്തും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ ഇല്ലാത്തത് ഇവർക്ക് ഉപജീവനം കഴിക്കാൻ ബുദ്ധിമുട്ടായിത്തീരുന്നുണ്ട്. ഈ വിഭാഗത്തിൽപെട്ട ചിലർ മൽസ്യത്തൊഴിലാളികളാണ്. ഗവൺമെൻറ് സർവ്വീസിൽ ജോലിചെയ്യുന്നവർ വളരെകുറച്ച് പേരെയുള്ളു. ഉന്നതവിദ്യാഭ്യാസമില്ലായ്മ ഇതിനൊരു കാരണമായി പറയാമെങ്കിലും ഉള്ളവർക്കുതന്നെ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ ഇല്ലാത്ത അവസ്ഥയുണ്ട്.

വളരെകുറച്ച്പേർ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ ഏജൻസികൾ മുഖേന വായ്പ എടുത്ത് പ്രവർത്തനം ആരംഭിക്കാറുണ്ട്. എങ്കിലും അതൊന്നും ലക്ഷ്യം കാണാറില്ല. ഈ സംരംഭത്തിന് വേണ്ട സാങ്കേതിക പരിജ്ഞാനക്കുറവും, സാമ്പത്തിക ബുദ്ധിമുട്ടുമാണ് ഇതിന് കാരണമായി പറയാനുള്ളത്. എടുത്ത വായ്പ തുക തിരിച്ചടക്കാനാവാതെ പ്രവർത്തനം പാതിവഴിയിൽ നിർത്താൻ പലരും നിർബന്ധിതരായിത്തീരുന്നു. വീട്ടിലെ ദാരിദ്ര്യാവസ്ഥ കാരണം കുട്ടികൾപോലും കൂലിവേല ചെയ്യേണ്ടിവരുന്നുണ്ട്.

വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വലിയ പുരോഗതിയൊന്നും ഇല്ല. 40 വയസ്സിന് മുകളിലുള്ളവരിൽ സാക്ഷരത ചെറിയ ശതമാനം മാത്രമാണ്. 40 വയസ്സിന് താഴെയുള്ളവർ ഭാഗികമായി എഴുത്തും വായനയും അറിയാവുന്നവരാണ്. ഇവരുടെ കുട്ടികളിൽ പലരും എസ്.എസ്.എൽ.സി.ക്ക് താഴെമാത്രം വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ചുരുക്കം ചിലർ മാത്രമെ ബിരുദധാരികളായിട്ടുള്ളു. രക്ഷിതാക്കളുടെ അറിവില്ലായ്മ; വിദ്യാഭ്യാസകാര്യത്തിൽ കുട്ടികളെ വേണ്ടപോലെ ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുന്നു. എന്നാൽ വിദ്യാഭ്യാസം തുടരാൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അതിനുള്ള ഭൗതികസാഹചര്യമില്ലായ്മ വിദ്യ അഭ്യാസിക്കുന്നതിൽനിന്ന് പിന്തിരിയാൻ അവരെ പ്രേരിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരല്ലാത്ത രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ സ്കൂളിൽവിട്ട് പഠിപ്പിക്കാൻ താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് തടസ്സം നിൽക്കുന്നു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 211 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾ ഉണ്ട്.

പഞ്ചായത്തിലെ ചില വാർഡുകളിൽ നിന്ന് സ്കൂളിലേക്ക് വരുവാൻ ഒരുപാട്ദൂരം കാൽനടയായി സഞ്ചരിക്കേണ്ടിവരുന്നത് കുട്ടികൾക്ക് സ്കൂളിലേക്ക് വരുവാൻ ബുദ്ധിമുട്ടായിത്തീരുന്നുണ്ട്. ഇതിൽ മുൻപന്തിയിൽ നിൽക്കുന്നത് പുനരധിവാസകോളനിയായ പരത്തിക്കാട്, ചെരിച്ചിൽ എന്നീ കോളനികളിലെ കുട്ടികളാണ്. ഇവിടെ വാഹനസൗകര്യം തീരെ ഇല്ല. വിദ്യാഭ്യാസത്തിനായാലും മറ്റ് കാര്യത്തിനായാലും സമീപപ്രദേശങ്ങളുമായി ബന്ധപ്പെടാൻ സാധിക്കാത്ത അവസ്ഥയുണ്ട്.

വീട്ടിലെ ദാരിദ്രാവ്സ്ഥ കുട്ടികളെ പഠനം നിർത്താൻ പ്രേരിപ്പിക്കുന്നതായി ഗ്രാമസഭാ സമ്മേളനത്തിൽ പങ്കെടുത്ത പല രക്ഷിതാക്കളും വളരെ വേദനയോടെ സൂചിപ്പിച്ചിട്ടുണ്ട്.

പൊതുപ്രവർത്തകരിൽനിന്നും, ഗവൺമെൻറിൽനിന്നും ആവശ്യമായ പ്രോത്സാഹനവും, മാർഗ്ഗനിർദ്ദേശവും, മറ്റ് സഹായങ്ങളും ലഭിച്ചാൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പറ്റും.

ഗതാഗതസൗകര്യങ്ങൾ

പഞ്ചായത്തിലെ പട്ടികജാതി കോളനികളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ പരിമിതമാണ്. ഉള്ള റോഡുകൾതന്നെ ടാർ ചെയ്തിട്ടില്ല. പല കോളനികളിലേക്കും തീരെ വാഹനസൗകര്യം ഇല്ല. വാഹന സൗക

ര്യമില്ലാത്തതുകാരണം തക്കസമയത്ത് ചികിൽസ കിട്ടാതെ രോഗികൾ മരിക്കാനിടയായ സംഭവമുണ്ടായിട്ടുണ്ട്. പല കോളനികളിലേക്കും പൊതുവഴിപോലും ഇല്ലാത്ത അവസ്ഥയുണ്ട്. ഈ പഞ്ചായത്തിൽ ഗതാഗതസൗകര്യത്തിൽ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പരത്തിക്കാട്, ചെരിച്ചിൽ എന്നീ പുനരധിവാസകോളനികളിലാണ്.

വൈദ്യുതി

കോളനികൾ ചിലയിടത്ത് മാത്രമേ വൈദ്യുതി എത്തിപ്പെട്ടിട്ടുള്ളു. തീരെ വൈദ്യുതി എത്താത്ത കോളനികളും ചില ഒറ്റപ്പെട്ട വീടുകളും പഞ്ചായത്തിലുണ്ട്. വൈദ്യുതി എത്തിക്കാൻ തടസ്സം നിൽക്കുന്നത് കൺസൻറ് പ്രശ്നമാണ്.

കുടിവെള്ളം

കുടിവെള്ളപ്രശ്നം കോളനിയിൽ വളരെ രൂക്ഷമാണ്. വർഷത്തിൽ 6 മാസം വെള്ളംകിട്ടുന്ന പ്രദേശവും, വർഷം മുഴുവൻ കുടിവെള്ളം ലഭിക്കാത്ത പ്രദേശവും പഞ്ചായത്തിലുണ്ട്. ചില കോളനികൾ പുഴയോരത്തായതിനാൽ ഉപ്പുവെള്ളം മാത്രമാണ് അവിടെയുള്ളത്. ചില കോളനികളിൽ ഒന്നോ രണ്ടോ കിണർ അനുവദിച്ചിട്ടുണ്ട്. എങ്കിലും അതൊന്നും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമല്ല.

കക്കൂസ്

വിരലിലെണ്ണാവുന്ന വീടുകളിൽ മാത്രമാണ് ഇന്ന് കക്കൂസുള്ളത്. കക്കൂസ് നിർമ്മാണത്തിനായി ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

സാമൂഹികപദവി

ജാതിപരമായ ഉച്ചനീചത്വങ്ങളൊന്നും തന്നെ രാമന്തളി പഞ്ചായത്തിലില്ല. 1930-35 കാലഘട്ടങ്ങളിൽ കുന്നരു എന്ന പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഇല്ലാതിരുന്ന അവസ്ഥയിൽ പട്ടികജാതിയിൽപെട്ട മാപ്പിടിച്ചേരി കാഞ്ഞിരൻ എന്നവരുടെ മാനേജ്മെൻറിൽ മൂന്ന് അധ്യാപകരെ വെച്ച് ഒരു സ്കൂൾ നടത്തിയിരുന്നു.

പല പൊതുപ്രവർത്തന മണ്ഡലങ്ങളിലും സ്ത്രീകളടക്കം ഒട്ടേറെപേർ പങ്കെടുത്ത് വരുന്നു. പൊതുപ്രവർത്തകരും മറ്റും ഇവരെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്നുണ്ട്.

പ്രശ്നങ്ങൾ

1. കൂട്ടുകുടുംബങ്ങളിൽ താമസിക്കുന്നവരായതുകൊണ്ട് പലർക്കും സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ല.
2. ഉള്ള വീടുകൾ കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.
3. അംഗീകൃതകോളനികൾക്ക് പുറമെ മറ്റു പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വേണ്ടത്ര ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
4. ചില കോളനികൾ ഭാഗികമായി വൈദ്യുതീകരിച്ചിട്ടുണ്ട്. എന്നാൽ തീരെ വൈദ്യുതി എത്താത്ത കോളനികളും പഞ്ചായത്തിലുണ്ട്.
5. കോളനികളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം.
6. ഒരു പോയിൻറ് വൈദ്യുതി സൗജന്യമായി ലഭിച്ച കുടുംബങ്ങൾക്ക് റേഷൻ കാർഡ്വഴി ലഭിച്ചിരുന്ന മണ്ണെണ്ണ വെട്ടിക്കുറച്ചത് സംബന്ധിച്ച്.
7. കോളനികളിലേക്ക് വൈദ്യുതി എത്തിക്കാൻ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽകൂടി ലൈൻ കൊണ്ടുപോകാൻ കഴിയാത്തത്.
8. കാർഷികമേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ.
9. സ്ഥിരമായ വരുമാനമാർഗ്ഗമില്ലായ്മ.
10. പഞ്ചായത്തിലെ 7-ാം വാർഡിൽപെട്ട പരത്തിക്കാട്, ചെരിച്ചിൽ, ചിറ്റടി കോളനികളിൽ തീരെ ഗതാഗതസൗകര്യമില്ല.
11. ഈ വിഭാഗക്കാർക്കിടയിൽ സ്വന്തമായി കക്കൂസും, കിണറും ഉള്ളവർ വിരലിലെണ്ണാവുന്നവരേയുള്ളൂ.
12. ഉയർന്ന വിദ്യാഭ്യാസമുള്ളവർ കുറവാണ്. എങ്കിലും ഉള്ളവർക്കുതന്നെ തൊഴിലില്ലാത്ത അവസ്ഥയുണ്ട്.

13. പുനരധിവാസ കോളനിയായ പരത്തിക്കാട്, ചെരിച്ചിൽ എന്നീ പ്രദേശത്തുള്ളവർക്ക് നിലവിൽ വാഗ്ദാനം ചെയ്ത സ്കൂൾ, വായനശാല, ആശുപത്രി, കളിസ്ഥലം എന്നിവയുടെ പ്രവർത്തനം കടലാസിൽമാത്രം ഒതുങ്ങി നിൽക്കുന്ന സ്ഥിതി.
14. ഇവരുടെ കുട്ടികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ലംപ്സം ഗ്രാൻറ് ഒന്നിനും തികയാത്ത അവസ്ഥയുണ്ട്.
15. അവശത അനുഭവിക്കുന്ന തെയ്യം കലാകാരന്മാർ ഈ പഞ്ചായത്തിലുണ്ട്.
16. ഈ വിഭാഗത്തിൽപെട്ട ചിലർ മൽസ്യതൊഴിലാളികളാണ്. എല്ലാവരുംതന്നെ സ്വന്തമായി വള്ളവും വലയും ഇല്ലാത്തവരാണ്.
17. പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്.
18. 9-ാം വാർഡിൽ 12 വർഷത്തിലധികമായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾ ഉണ്ട്. അതിന്മേൽ അവർക്കുള്ള അവകാശം സ്ഥാപിച്ച് കിട്ടാൻ ബന്ധപ്പെട്ടവരെ സമീപിച്ചു എങ്കിലും കയ്യൊഴിഞ്ഞ അവസ്ഥ.
19. താഴ്ന്ന പ്രദേശത്തുള്ള കോളനികളിൽ മഴക്കാലമായാൽ വീടിനുചുറ്റും വെള്ളം കെട്ടിനിൽക്കുന്നു.
20. സ്ഥിരമായി രോഗത്തിനടിമപ്പെട്ടവരുടെ ആധിക്യം.
21. സ്ത്രീകളുടെ തൊഴിലില്ലായ്മ.

നിർദ്ദേശങ്ങൾ, പരിഹാരം:

1. താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയുന്നതിനും, ഭൂമി വാങ്ങുന്നതിനും, വീട് വയ്ക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.
2. അംഗീകരിക്കാത്ത കോളനികൾ അംഗീകരിക്കുകയും ഒറ്റപ്പെട്ട വീടുകൾക്ക് നിലവിലുള്ള ആനുകൂല്യം ബാധകമാക്കുകയും ചെയ്യുക.
3. പട്ടികജാതിക്കാരുടെ താമസസ്ഥലങ്ങൾ വൈദ്യുതീകരിക്കുക.
4. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പരത്തിക്കാട്, ചെരിച്ചിൽ, ചിറ്റടി മുതലായ പ്രദേശങ്ങളിൽ കിണർ കുഴിക്കുകയും വാട്ടർ ടാങ്ക് നിർമ്മിക്കുകയും, പൈപ്പ് ലൈൻ വഴി എല്ലാ വീട്ടിലും വെള്ളമെത്തിക്കുകയും ചെയ്താൽ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. നിർമ്മാണത്തിലിരിക്കുന്ന നിലേരിച്ചാൽ പദ്ധതി പൂർത്തീകരിച്ചാൽ കുന്നരു വടക്ക്, കുന്നരു തെക്ക് കോളനികളിലേക്ക് വെള്ളമെത്തിക്കാവുന്നതാണ്.
5. ഒരു പോയൻറ് വൈദ്യുതി ലഭിച്ച കുടുംബങ്ങൾക്ക് റേഷൻകാർഡ് വഴി ലഭിച്ചിരുന്ന മണ്ണെണ്ണ വെട്ടിച്ചുരുക്കിയത് പുനഃസ്ഥാപിക്കുക.
6. പട്ടികജാതി കോളനികളിലേക്കുള്ള കൺസൻറ് പ്രശ്നം പരിഹരിക്കുക.
7. പുനരധിവാസ കോളനിയിലേക്കുന്ന ഗതാഗതസൗകര്യം വർധിപ്പിക്കുന്നതിന് ഏഴിമല ടോപ്പ് റോഡും, കരമുട്ടം - പരത്തിക്കാട് റോഡും ടാർ ചെയ്യുക. പുനരധിവാസ കോളനിയിൽ ഉള്ളവർക്ക് വാഗ്ദാനം ചെയ്ത ആശുപത്രി, സ്കൂൾ കളിസ്ഥലം, വായനശാല, കമ്മ്യൂണിറ്റിഹാളിൽ ടി.വി, ശ്മശാനത്തിന് അടുപ്പ് എന്നിവയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
8. സ്വന്തമായി കക്കൂസും, കിണറും ഉണ്ടാക്കാൻ സാമ്പത്തിക സഹായം നൽകുക.
9. വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ നൽകുക.
10. താഴ്ന്ന ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും പ്രതിമാസ സ്റ്റൈപൻറ് അനുവദിക്കുക.
11. മൽസ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്വന്തമായി വള്ളവും, വലയും വാങ്ങാൻ സാമ്പത്തികസഹായം നൽകുക.
12. അവശകലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് എങ്കിലും 55 വയസ്സിന് മുകളിലുള്ള തെയ്യം കലാകാരന്മാർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുക.
13. ഭൂമിയിന്മേൽ സ്ഥിരാവകാശം നൽകുക.
14. സ്വയംതൊഴിൽ വായ്പകൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുക.
15. നിലവിലുള്ള ഹൗസിംഗ് ഗ്രാൻറ് ഉയർത്തുക. ഒരംഗംമാത്രമുള്ള കുടുംബത്തിന് ഹൗസിങ്ങ് ഗ്രാൻറ് അനുവദിക്കുക.
16. പട്ടികവിഭാഗക്കാരെ സാമൂഹ്യവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട് വരുന്നതിന് സമഗ്ര സർവ്വേ നടത്തി പദ്ധതികൾ ആവിഷ്കരിക്കുക.
17. പഞ്ചായത്തിൽ ഒന്നോ രണ്ടോ ഹരിജൻ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
18 പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
19. നിത്യരോഗികൾക്ക് ചികിൽസാ സഹായം നൽകുക.
20. തൊട്ടടുത്ത്വരുന്ന ഒന്നോ രണ്ടോ കോളനിയിലുള്ളവർക്ക് ഖാദിനൂൽ നൂൽപ്പ് കേന്ദ്രവും, വീവിങ്ങ് കേന്ദ്രവും അനുവദിക്കുക.

21. പുനരധിവാസ കോളനികളിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
22. സ്ത്രീകൾക്ക് പ്രത്യേക തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക.
23. 8-ാം വാർഡിൽ മൂലക്കടവിനോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമി ഉപയോഗിച്ച് മൽസ്യം വളർത്തുകേന്ദ്രങ്ങൾ ഉണ്ടാക്കിയാൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്നതാണ്. അതുപോലെത്തന്നെ അവിടെ ചകിരി വ്യവസായ യൂണിറ്റും ആരംഭിക്കാവുന്നതാണ്.
24. ജലസേചന സൗകര്യമുണ്ടാക്കിയാൽ ചിറ്റടി പ്രദേശത്ത് പച്ചക്കറി ഉൽപാദനവും ഔഷധ സസ്യങ്ങൾവെച്ച് പിടിപ്പിക്കാൻ പറ്റും.
25. പുഴയോരത്ത് (അതിരിൽ) പായനെയ്ത്തിനുള്ള ഓല സംരക്ഷിക്കേണ്ടതുണ്ട്.
26. ചെന്നെക്കി തോടിന് വടക്കുവശത്ത് താമസിക്കുന്നവർക്ക് നിലവിലുള്ള റോഡിൽനിന്ന് നടവഴി അനുവദിക്കണം.
27. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിന് മാവേലി സ്റ്റോറുകൾ ആരംഭിക്കണം.
28. പട്ടികജാതിക്കാർക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവാന്മാരാക്കാൻ പദ്ധതികൾ നടപ്പിൽവരുത്തുക.
29. വിദ്യാഭ്യാസനിലവാരം ഉയർത്താൻ കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കാൻ പൊതുപ്രവർത്തകർ മുന്നിട്ടിറങ്ങുക.
30. പശുവളർത്താനും കോഴിവളർത്താനും സാമ്പത്തികസഹായം ചെയ്തുകൊടുത്താൽ സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ ഒരുപരിധിവരെ കുറക്കാൻ പറ്റുന്നതാണ്.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ SC വിദ്യാർത്ഥികൾ

	സ്കൂളിന്റെ പേര്	ആൺകുട്ടികൾ	പെൺകുട്ടികൾ	മൊത്തം
1.	ജി.യു.പി.എസ്. പാലക്കോട്	10	17	27
2.	ജി.എം.എൽ.പി.എസ്. പാലക്കോട്	18	14	32
3.	എ.യു.പി.എസ്. കുന്നരു	16	22	38
4.	ചിദംബരനാഥ് യു.പി.എസ്.	6	10	16
5.	ജി.എം.യു.പി.എസ്. വടക്കുമ്പാട്	9	13	22
6.	പഞ്ചായത്ത് എൽ.പി. രാമന്തളി	3	7	10
7.	ജി.എം.യു.പി.സ്കൂൾ ഏട്ടിക്കുളം	1	2	3
8.	ജി.എച്ച്.എസ്. രാമന്തളി	27	24	55
9.	ജി.എച്ച്.എസ്.എട്ടിക്കുളം	3	4	7
10.	ജി.എൽ.പി.എസ്. രാമന്തളി	3	2	5
		97	114	211

1995 - 96-ൽ ജില്ലാ പ്ലാനിംഗ് ഓഫീസർ അംഗീകരിച്ച കോളനികളും അംഗീകാരത്തിനായി സമർപ്പിക്കുന്നവയും

അംഗീകൃത കോളനികൾ	അംഗീകാരത്തിനായി സമർപ്പിക്കുന്നവ
1. പരത്തിക്കാട്	പാലക്കോട്
2. ചിറ്റടി	രാമങ്കെ കോളനി
3. വടക്കുമ്പാട്	ചൂളക്കടവ് "
4. കുന്നരുതെക്ക്	കീഴ്വയൽ "
5. പേരേവയൽ	
6. ചെരിച്ചിൽ	

രാമന്തളി പഞ്ചായത്ത് - ഒരു ദൃശ്യം



"ഇന്ന് അധികാരം ദില്ലിയിലോ കൽക്കത്തയിലോ ബോംബെയിലോ അതുപോലുള്ള മറ്റു നഗരങ്ങളിലോ ആണ്. അത് ഇന്ത്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളിൽ അലിഞ്ഞു ചേരണം"

– ഗാന്ധിജി